Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 29 | 1956 ഫെബ്രുവരി 29—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് എറണാകുളം 1131 കുംഭം 17 | ലക്കം. 29

## തലശ്ശേരിരൂപതാദ്ധ്യക്ഷസ്ഥാനാരോഹണം—മാർച്ച് 1-ാംതീയതി

### (മാർപ്പാപ്പാ തിരുമനസ്സിലെ ബൂള)

### ദൈവത്തിന്റെ ദാസന്മാരുടെ ദാസനായ പീയൂസ് മെത്രാൻ

മലബാർ കൽദായറീത്തിൽ പെട്ടഇടവകവൈദികനും പാലാ രൂപതക്കാരനും ഇന്നുവരെ തലശ്ശേരിരൂപതയുടെ അഡ്മിനിസ്ത്രേറ്റർ അപ്പസ്തോലിക്കായായിരുന്ന ആളും പ്രസ്തുതരൂപതയുടെ പ്രഥമമെത്രാനായി തിരഞ്ഞെടുക്കപ്പെട്ടവനുമായ നമ്മുടെ പ്രിയപ്പെട്ട മകൻ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിക്കു ആശീസ്സും ശ്ലൈഹികാശീർവ്വാദവും.

ക്രിസ്തീയ വിശ്വാസികളെ ഭരിക്കുകയും നിത്യസൗഭാഗ്യത്തിലേക്കാനയിക്കുകയും ചെയ്യുക എന്നുള്ളത് ഏററവും ഭാരമേറിയ ഒരു ചുമതലയാണല്ലോ. അതിനാൽ സാർവ്വത്രികസഭയെ ഭരിക്കവാനായി ദൈവത്താൽ നിയുക്തനായിരിക്കുന്ന നാം വിശ്വാസികൾക്കു അനുയോജ്യരായ ഇടയന്മാരെ നൽകുന്നതിൽ അതീവ ശ്രദ്ധയുള്ളവനായിരിക്കുന്നു. ഈ ഉദ്ദേശത്താൽ പ്രേരിതനായി 1953 ഡിസമ്പർ 31-ാംതീയതിയിലെ "Ad Christi Ecclesiam" എന്ന തിരുവെഴുത്തുമൂലം മലബാർ കൽദായറീത്തുകാരായ വിശ്വാസികൾക്കുവേണ്ടി എറണാകുളം അതിമെത്രാസനത്തിന്റെ സാമന്തരൂപതയായി തലശ്ശേരിരൂപത സ്ഥാപിക്കുകയുണ്ടായി.

ഇപ്പോൾ പ്രസ്തുതരൂപതയ്ക്കു ഒരു മെത്രാനെ നൽകണമെന്നു തീരുമാനിച്ചിരിക്കുന്നതിനാൽ ഇന്നുവരെ ആ രൂപതയെ അഡ്മിനിസ്ത്രേറ്റർ അപ്പസ്തോലിക്ക എന്ന നിലയിൽ സ്തുത്യർഹമായ വിധം ഭരിച്ചുവന്ന നമ്മുടെ പ്രിയപ്പെട്ട മകനായ താങ്കളെ പ്രസ്തുതസ്ഥാനത്തേക്കു തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ കാര്യങ്ങളും ശ്രദ്ധാപൂർവ്വം പരിശോധിക്കുകയും നമ്മുടെ വന്ദ്യ സഹോദരന്മാരായ പൗരസ്ത്യതിരുസംഘം സിക്രട്ടറിയുടെ അഭിപ്രായം അറിയുകയും ചെയ്തശേഷം സാർവ്വത്രികസഭയെ ഭരിക്കുന്ന നമ്മുടെ അപ്പസ്തോലിക അധികാരത്താൽ താങ്കളെ തലശ്ശേരിരൂപതയുടെ മെത്രാനായി തിരഞ്ഞെടുക്കുകയും നിയമിക്കുകയും പ്രസ്തുതരൂപതയുടെ ആദ്ധ്യാത്മികവും ലൗകികവുമായ എല്ലാ ഭരണാധികാരവും ഈ ഉന്നതസ്ഥാനത്തിനടുത്ത എല്ലാ ചുമതലകളും അവകാശങ്ങളും നൽകുകയും ചെയ്യുന്നു.

അത്യുൽകൃഷ്ടമായ താങ്കളുടെ മെത്രാഭിഷേകം, ഈ റോമാതിരുസിംഹാസനവുമായി ഐക്യത്തിലും സമാധാനത്തിലും വർത്തിക്കുന്ന ഏതെങ്കിലും റീത്തിൽപെട്ട രണ്ടു മെത്രാന്മാരുടെ സഹകരണത്തോടുകൂടി നടത്തുന്നതിനു ഓസ്സിയെൻസിയുടെയും, പോർത്തുവെൻസിയുടേയും, വിശുദ്ധ റൂഫിനായുടേയും മെത്രാനും കർദ്ദിനാൾ തിരുസംഘത്തിന്റെ ഡീനും പൗരസ്ത്യതിരുസംഘത്തിന്റെ സിക്രട്ടറിയുമായ നമ്മുടെ വന്ദ്യസഹോദരൻ എവുജിൻ കർദ്ദിനാൾ തിസ്സറാങ്ങിനെ ചുമതലപ്പെടുത്തുന്നു. എന്നാൽ മെത്രാഭിഷേകം നടത്തുകയും താങ്കളുടെ രൂപതയുടെ ഭരണം സ്വീകരിക്കുകയും ചെയ്യുന്നതിനുമുമ്പായി പൗരസ്ത്യസഭയിലെ മെത്രാന്മാർക്കു നിശ്ചയിച്ചിട്ടുള്ള രീതിയിൽ കത്തോലിക്കാസഭയിലെ വിശ്വാസസംഹിതയോടും നമ്മോടും നമ്മുടെ തിരുസിംഹാസനത്തോടും വിശ്വസ്തത പാലിച്ചുകൊള്ളാമെന്നു മുൻപ്രസ്താവിച്ച നമ്മുടെ വന്ദ്യസഹോദരൻ കർദ്ദിനാൾ തിസ്സറാങ്ങ് സാക്ഷിയായി പ്രതിജ്ഞ ചെയ്യേണ്ടതും പ്രസ്തുത പ്രതിജ്ഞാപത്രത്തിൽ അദ്ദേഹവും താങ്കളും ഒപ്പുവച്ചു പൗരസ്ത്യതിരുസംഘത്തിലേക്കു കഴിയുന്നത്രയും വേഗം അയച്ചുതരേണ്ടതുമാണ്. പ്രസ്തുതവിശ്വാസപ്രതിജ്ഞ യാതൊരു കാരണവശാലും ഉപേക്ഷിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ സഭാമുറപ്രകാരമുള്ള ശിക്ഷകൾക്കു താങ്കൾ വിധേയനാകുന്നതാണെന്നും പ്രത്യേകം ഓർപ്പിക്കുന്നു.



AD MULTOS ANNOS!

താങ്കളെ സ്നേഹത്തോടും സഹോദരബുദ്ധിയോടുംകൂടി സ്വീകരിക്കുകയും ആവശ്യമുള്ള എല്ലാ സഹായങ്ങളും സന്മനസ്സോടുകൂടി നൽകുകയും ചെയ്യുവാൻ, തലശ്ശേരിരൂപതയും അവിടത്തെ മെത്രാന്മാരും വിധേയമായിരിക്കുന്ന എറണാകുളം അതിരൂപതാ മെത്രാപ്പോലീത്തായോടു നാം സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു. അതുപോലെ അവരുടെ കാര്യങ്ങളിൽ താങ്കൾക്കുള്ള താല്പര്യവും അത്യുത്സാഹവും ഇതിനകം കണ്ടറിഞ്ഞിട്ടുള്ള നമ്മുടെ പ്രിയ മക്കളായ താങ്കളുടെ രൂപതയിലെ വൈദികരും വിശ്വാസികളും അവരുടെ മെത്രാനായ താങ്കളെ വേണ്ടവിധം ബഹുമാനിക്കുകയും വിശ്വസ്തതാപൂർവ്വം അനുസരിക്കുകയും ചെയ്യണമെന്നും നാം ഉപദേശിക്കുന്നു.

നമ്മുടെ ഈ കല്പന കഴിയുന്നതും വേഗം താങ്കളുടെ രൂപതയിലുള്ള എല്ലാവരേയും അറിയിക്കുന്നതിനു താങ്കളെത്തന്നെ നാം ചുമതലപ്പെടുത്തുന്നു. താങ്കളുടെ മേലും താങ്കളുടെ ഭരണത്തിനു ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാവരുടെമേലും ദൈവാനുഗ്രഹം സമൃദ്ധിയായുണ്ടാകട്ടെ എന്നു നാം ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

റോമായ്ക്കു സമീപം, കാസ്റ്റൽ ഗണ്ടോൾഫോയിൽനിന്നു,

1955 ഒക്ടോബർമാസം 16-ാം തീയതി നമ്മുടെ വാഴ്ചയുടെ 17-ാംവർഷം.

—o—

### സ്വീകരണപരിപാടി

ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനി ഫെബ്രുവരി 13-ാംനു കപ്പൽമാർഗ്ഗം ബോംബേയിൽ എത്തിച്ചേർന്നു. അവിടെനിന്നും പൂനാ പേപ്പൽസെമിനാരിയിലേക്കും അനന്തരം ന്യൂഡെൽഹിയിലേക്കും യാത്രതിരിച്ചു. മാർച്ച് 1-ാംനു തീവണ്ടിമാർഗ്ഗം കണ്ണൂർ എത്തിച്ചേരുന്ന തിരുമേനിയെ ആഘോഷപൂർവ്വം സ്വീകരിച്ച് തലശ്ശേരിക്കാനയിക്കും. ഹോളിറോസറി കത്തീഡ്റൽ ദേവാലയത്തിൽവച്ച് തിരുമേനിതന്നെ പേപ്പൽ ബൂളവിളംബരം ചെയ്യുന്നതുമാണ്.

പ്രഹസനം

# ആലീസുകുട്ടിയുടെ കല്യാണം

(K. V. K.)

(പുഷ്പക്കാട്ടിലെ ചാക്കോച്ചൻ ഒരു പത്രം വായിച്ചുകൊണ്ടിരിക്കുന്നു) എടാ തോമ്മാച്ചാ, തോമ്മാച്ചാ.

തോ:- എന്തോ (ഓടിവരുന്നു)

ചാ:- നീ ചെന്നു നമ്മുടെ ശങ്കുപ്പണിക്കൻ അവിടെ ഉണ്ടെങ്കിൽ ഇത്രടമൊന്നു വരാൻപറ. കല്യാണത്തിനുമുമ്പു ഇവിടെ കുറെ അററകുററപ്പണികളെല്ലാം തീക്കാനുണ്ട്.

(മാത്യുസാർ പ്രവേശിക്കുന്നു)

ചാ:- മാത്യുസാറിനെ കണ്ടിട്ടു നാളു കുറെ ആയല്ലോ. സാറവിടെ ഇരിക്കു. എന്തുണ്ടു വിശേഷം?

മാ:- ഓ, അങ്ങനെ പറയത്തക്ക വിശേഷമൊന്നുമില്ല. നമ്മുടെ ആലീസുകുട്ടിയുടെ കല്യാണമൊക്കെ ഉറച്ചെന്നു കേട്ടല്ലോ. അതു ശരിയാണോ?

ചാ:- ഏറെക്കുറെ ഒന്നു പറഞ്ഞുവച്ചിരിക്കയാണ്.

മാ:- ചെറുകര പുത്തൻവീട്ടിലെ ജോണിക്കുട്ടിതന്നെയല്ലേ?

ചാ: അതെ, സാറിനു വല്ല അഭിപ്രായവ്യത്യാസവുമുണ്ടോ?

മാ:- അയ്യോ, ഒരിക്കലുമില്ല. അവനോളം നല്ലൊരു കൊച്ചനെ ഇപ്രദേശത്തെങ്ങും കിട്ടുകയില്ല. സൽസ്വഭാവവും പഠിപ്പും ധനവുമെല്ലാം ഒത്തിണങ്ങിയവൻ. സ്ത്രീധനത്തിന്റെയും നടപടിയുടേയും മററും കാര്യത്തെക്കുറിച്ചു വല്ല വാക്കും കൊടുത്തിട്ടുണ്ടോ?

ചാ:- അതുസംബന്ധിച്ചു ക്ലിപ്തമായിട്ടൊന്നും പറഞ്ഞിട്ടില്ല. അവരെന്നോടു ചോദിച്ചുമില്ല. നാട്ടുനടപ്പനുസരിച്ചു എന്തും ചെയ്യാൻ ഞാൻ സന്നദ്ധനാണെന്ന് അവർക്കറിയാം. എന്താ സാറു അക്കാര്യം ഇത്ര എടുത്തുചോദിച്ചത്?

മാ:- അതിനൊരു പ്രത്യേക ഉദ്ദേശമുണ്ട്. ചാക്കോച്ചൻ ഈയിടെ കർമ്മലകുസുമം വായിക്കാറുണ്ടോ?

ചാ:- ഉണ്ട്

മാ:- അതിൽ കല്യാണംപ്രമാണിച്ച് നമ്മുടെ സമുദായം അനാവശ്യമായി നശിപ്പിച്ചുകളയുന്ന വസ്തുക്കളെക്കുറിച്ചും അതുമൂലം കടംകയറി വലയുന്ന കുടുംബങ്ങളെസംബന്ധിച്ചും മററും കുറെ ലേഖനങ്ങളുണ്ടായിരുന്നതു വായിച്ചതോർക്കുന്നുണ്ടോ?

ചാ:- ഓർക്കുന്നുണ്ട്.

മാ:- അതുസംബന്ധിച്ച് ചാക്കോച്ചന്റെ അഭിപ്രായമെന്താ?

ചാ:- അവർ പറയുന്നതു ശരിയാണ്. കല്യാണസദ്യക്കും, വസ്ത്രാഭരണങ്ങൾക്കും മററുമായി വസ്തുകയാണ് നമ്മൾ ധൂർത്തടിക്കുന്നത്.

മാ:- ചാക്കോച്ചനും അതു ബോദ്ധ്യമാണെങ്കിൽ ആ ദുരാചാരത്തിനു ഒരുതിവരുത്താൻ പാടുള്ളതു ചെയ്യരുതോ?

ചാ:- അതിനിപ്പോൾ ഞാനെന്തു ചെയ്യാനാണ്?

മാ:- എന്തു ചെയ്യാനാണെന്നോ? ചാക്കോച്ചനു വളരെ ചെയ്യാൻസാധിക്കും കുസുമത്തിൽ പറഞ്ഞിട്ടില്ലേ നല്ല ഉറച്ച നിലയിലിരിക്കുന്ന ധനികന്മാർ ആരെങ്കിലും ഒരു സന്മാതൃക കാണിക്കുന്നപക്ഷം അതിനെ അനുകരിക്കാൻ വളരെപ്പേർ ഉണ്ടാകുമെന്ന്?

ചാ:- അതൊക്കെ വെറുതെ പറയുന്നതല്ലേ?

മാ:- ഒരിക്കലുമല്ല. എത്രയെത്ര നല്ല സംഗതികൾ ഒരൊററ കുടുംബം മുൻകൈയെടുത്തു പ്രവർത്തിച്ചതിന്റെ ഫലമായി നടപ്പിൽ വന്നിട്ടുണ്ട്. ഒരുകാലത്തു വേലക്കാരെക്കൊണ്ടായിരുന്നു ശവപ്പെട്ടി പിടിച്ചിരുന്നത്. ഒരു സ്ഥലത്തു മാന്യകുടുംബത്തിലെ കാരണവരുടെ മൃതശരീരമെടുക്കുന്നതിനു വേലക്കാരോടു പറഞ്ഞപ്പോൾ അവർ മടിക്കുന്നതുകണ്ട് കാരണവരുടെ മക്കൾതന്നെ മുമ്പോട്ടുവന്ന് അതെടുത്തു. അതിനുശേഷമാണ് സ്വന്തമാളുകൾതന്നെ ശവമെടുക്കുന്ന ഏർപ്പാടുണ്ടായത്. അതുപോലെ എത്രയെത്ര സംഗതികളുണ്ട്. മണവാളച്ചെറുക്കൻ പട്ടുടുപ്പും കസവുതൊപ്പിയും കുരിശും മാലയും ധരിച്ചു പള്ളിയിൽപോകുന്ന ഏർപ്പാടു ഇപ്പോൾ വല്ലിടത്തുമുണ്ടോ? ഒരു വെള്ളമുണ്ടും ഷർട്ടും നേര്യതുമിട്ട് ആദ്യം കല്യാണത്തിനിറങ്ങാൻ ധൈര്യപ്പെട്ടവനാണ് അതിനൊരറുതി വരുത്തിയത്. അതുപോലെ ചാക്കോച്ചൻ വിചാരിച്ചാൽ ഇപ്പോളത്തെ ദുരാചാരത്തിനു ഒരറുതി വരുത്താം.

ചാ:- അതിനു ഞാനെന്തു ചെയ്യണമെന്നാണു സാറു പറയുന്നത്?

മാ:- വലിയ ഭീമമായ സംഖ്യ സ്ത്രീധനം കൊടുക്കരുത്. ഒരമ്പതിനായിരം കൊടുക്കാനാണെങ്കിൽ ചാക്കോച്ചനു വിഷമമൊന്നുമില്ല. പക്ഷേ ചാക്കോച്ചൻ അങ്ങനെയൊന്നു ചെയ്താൽ കൈയിൽ വകയൊന്നുമില്ലെങ്കിലും ചാക്കോച്ചന്റെ നിലയുണ്ടെന്നു സ്വയം അഭിമാനിക്കുന്ന ചിലർ ഒരു രൂപാകൂടി കൂട്ടിക്കൊടുക്കുവാൻ നോക്കും. അങ്ങനെ നശിക്കുകയും ചെയ്യും.

ചാ:- പിന്നെന്തുകൊടുക്കണമെന്നാണ് സാറിന്റെ അഭിപ്രായം?

മാ:- ഒരു പതിനായിരത്തിൽ ഒരു പൈസാകൂടി കൂട്ടിക്കൊടുക്കരുത്.

ചാ:- അയ്യോ, അതു തീരെ പോരാ. ചെറുക്കന്റെ വീട്ടുകാരതിനു സമ്മതിക്കുമോ?

മാ:- അവരുടെ കാര്യം ഞാനേറ്റു. ഒരു കൊച്ചുകാശുപോലും കൊടുത്തില്ലെങ്കിലും അവരൊന്നും പറയുകയില്ല. സ്ത്രീ തന്നെയാണ് ധനമെന്നുള്ള അഭിപ്രായക്കാരാണവർ.

ചാ:- എങ്കിലും നാട്ടുകാർ എന്തുപറയും?

മാ:- അവർ എന്തു പറയാനാ? മററു വല്ലവരേയും സംബന്ധിച്ചായിരുന്നെങ്കിൽ ആളു പൊട്ടിപ്പോയതുകൊണ്ടാണെന്നു പക്ഷേ പറഞ്ഞേനെ. അങ്ങനെയൊന്നു കേൾക്കാതിരിക്കാനായി യഥാർത്ഥത്തിൽ തകർന്നിരിക്കുന്ന ആളുകൾപോലും പറമ്പു പണയമെഴുതി വൻതുക സ്ത്രീധനംകൊടുക്കുന്നുണ്ട്. നമ്മുടെ കുട്ടനേതലെ കൊച്ചാക്കോതന്നെ എന്തിരുന്നിട്ടാ 25000 രൂപാ മകൾക്കു കൊടുത്തത്. വാസ്തവത്തിൽ ഒരു 2500 രൂപായിൽ കൂടുതൽ കൊടുക്കാൻ അയാൾക്കു പ്രാപ്തിയില്ലായിരുന്നു അങ്ങനെയുള്ളവരെ രക്ഷിക്കാനാണ് ചാക്കോച്ചൻ ഇതു കാര്യമാക്കണമെന്നു പറഞ്ഞത്.

ചാ:- അപ്പോൾ വെറും 10,000 രൂപാ കൊടുത്താൽ മതിയെന്നാണോ സാറു പറയുന്നത്?

മാ:- സ്ത്രീധനമെന്ന പേരുംപറഞ്ഞ് ഈ അവസരത്തിൽ ഇത്രയും മാത്രമേ കൊടുക്കാവൂ പിന്നീടു ഇഷ്ടംപോലെ എന്തെങ്കിലും കൊടുത്തുകൊള്ളു അതൊക്കെ പ്രൈവററ് ബിസ്സിനസ്സ്.

ചാ:- ആഭരണത്തിന്റെ കാര്യമോ?

മാ:- അതും വളരെ മിതമായിട്ടു മതി. പരമാവധി അഞ്ഞൂറോ രൂപായുടേതു തന്നെ അധികം. എന്തിനാണ് 5000, 6000 രൂപാ തന്നെ അതിനായിട്ടു പൊടിക്കുന്നത്?

ചാ:- ആഭരണമിരുന്നാൽ വല്ലപ്പോഴും അത്യാവശ്യപ്പെട്ടാൽ പണയംവെച്ചു രൂപാ കടം വാങ്ങാമല്ലോ.

മാ:- അതിൽ കുറെ വാസ്തവമുണ്ട്. പക്ഷേ അതെത്ര അപൂർവ്വമായിട്ടാണ് ആവശ്യപ്പെടുന്നത്? അതിന്റെ വിലയ്ക്കുള്ള തുക വല്ല ഉറപ്പുള്ള ബാങ്കിലും ഇട്ടിരുന്നാൽ അതിനേക്കാൾ എത്രയോ കൂടുതൽ ആദായമുണ്ടാകും?

ചാ:- ഇക്കണക്കിനു ഒരു നല്ല സാരി വാങ്ങാൻ പോലും സാറു സമ്മതിക്കുമെന്നു തോന്നുന്നില്ല.

മാ:- അതും ഞാൻ പ്രത്യേകം പറയണമെന്നു കരുതിയിരുന്നതാണ്. എന്തിനാണ് പത്തും ആയിരവും രൂപാ ഒരു സാരിക്ക്. അതും ഒന്നോ രണ്ടോ പ്രാവശ്യം ഉപയോഗിച്ചശേഷം സൂക്ഷിച്ചുവയ്ക്കാനുള്ള ഒരു സാധനത്തിനു ചിലവഴിക്കുന്നത്. ആഭരണംപോലെ പണയം വയ്ക്കാൻ പോലും അതു കൊള്ളുകയില്ല. അങ്ങേയററം 100 രൂപായിൽ കൂടിയ വിലയുള്ള സാരി കല്യാണം പ്രമാണിച്ചു വാങ്ങരുത്. ജോണിക്കുട്ടിയോടും ആക്കാര്യം ഞാൻ പറഞ്ഞുകൊള്ളാം.

ചാ:- ഇനിയും ഒന്നും പറയാനില്ലല്ലോ.

മാ:- ഇനി ഉണ്ടു പറയാൻ, സദ്യക്കാര്യം. സ്ത്രീധനത്തിൽ പകുതിയെങ്കിലും വിവിധസദ്യക്കും മററു സൽക്കാരങ്ങൾക്കുമായിട്ടു പൊടിക്കണമെന്നാണു പലരും കരുതിയിരിക്കുന്നതെന്നു തോന്നുന്നു. അതിനൊരന്തരംവരുത്തേണ്ടതാണ് എല്ലാററിനെക്കാളും ആവശ്യം.

ചാ:- അപ്പോൾ ചാർച്ചക്കാരെയും സ്നേഹിതന്മാരെയും ആരെയും അറിയിക്കാതെ കല്യാണം നടത്തണമെന്നാണോ പറയുന്നത്?

മാ:- അവരെ വിളിക്കണ്ടെന്നു ഞാൻ പറയുന്നില്ല. പക്ഷേ വിഭവങ്ങളുടെ എണ്ണവും തരവും എല്ലാം കുറെ വ്യത്യാസപ്പെടുത്തി ഭക്ഷണച്ചെലവ് വളരെ കുറയ്ക്കണമെന്നേ ഞാൻ പറയുന്നുള്ളു. അല്ലെങ്കിൽ മംഗലപുരംകാരെപ്പോലെ ചെയ്താൽ ഏററവും നല്ലതു.

ചാ:- എന്താണീ മംഗലപുരംകാരുടെ വിശേഷം?

മാ:- അതു കേട്ടിട്ടില്ലേ? ഞാൻ അവിടെ കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരു സ്നേഹിതന്റെ കല്യാണത്തിനു പോയിട്ടുണ്ടായിരുന്നു. 8 മണിക്കു പള്ളിയിലെ ചടങ്ങുകൾ കഴിഞ്ഞു ഉടനെതന്നെ എല്ലാവരും കൂടി പാരിഷ് ഹാളിലേക്കുപോയി വധൂവരന്മാരെ അനുമോദിച്ചു. ഒരു ടീപാർട്ടിയും നടത്തി. കളക്ടർ മുതൽ താഴോട്ടു മിക്ക ഉദ്യോഗസ്ഥന്മാരും സ്ഥലത്തെ പല മാന്യന്മാരും കൂടിയിട്ടുണ്ടായിരുന്നു വിഭവങ്ങൾ അധികം ഉണ്ടായിരുന്നില്ല. ആളൊന്നിനു 8ണ ചിലവു വന്നുകാണും അത്രതന്നെ.

ചാ:- അങ്ങനെ വല്ലതും ചെയ്യാൻ നമുക്കു എവിടെയാണു സൗകര്യം?

മാ:- വേണമെങ്കിൽ സൗകര്യമൊക്കെ ഉണ്ടാക്കാം. നമുക്കും മംഗലപുരംകാരെപ്പോലെ പള്ളിവകയായി ഒരു ഹാൾ ഉണ്ടാക്കിക്കൂടെയോ? ആലീസുകുട്ടിയുടെ കല്യാണത്തിന്റെ തീയതി വല്ലതും നിശ്ചയിച്ചോ?

ചാ:- ഇല്ല.

മാ:- മിഡ്സമ്മർവെക്കേഷൻ കാലത്താണെങ്കിൽ നമ്മുടെ സ്കൂൾ തന്നെ ഉപയോഗിക്കാമല്ലോ. ചാക്കോച്ചൻ വികാരിയച്ചനോടു ചോദിച്ചാൽ അനുവദിക്കാതിരിക്കില്ല.

ചാ:- കൊള്ളാം, അങ്ങനെതന്നെ. ഏതായാലും ഒരു പരിവർത്തനം ഉണ്ടാക്കാമെന്നു വെച്ചപ്പോൾ എല്ലാംകൂടി ഇരിക്കട്ടെ— തോമ്മാച്ചാ തോമ്മാച്ചാ.

തോ:- എന്തോ.

ചാ:- നീ ചെന്നു അമ്മയോടു വേഗം കുറെ കാപ്പിയെടുത്തുവയ്ക്കാൻ പറ. സാറിനും എനിക്കും.

മാ:- ചാക്കോച്ചൻ എത്ര വലിയ ഉപകാരമാണ് നമ്മുടെ സമുദായത്തിനു ഈ പ്രസ്ഥാനംകൊണ്ടു ചെയ്യുന്നതെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. നമ്മുടെ സമുദായം നശിക്കാതിരിക്കാൻ ഇതു സഹായിക്കും. ചാക്കോച്ചനെ അനുകരിക്കാൻ എത്രപേർ ഉണ്ടാകുമെന്നറിയാമോ ഉള്ള നേരു പറഞ്ഞാൽ എന്റെ ഗ്രേസിയെ എങ്ങനെയാണു ഒന്നു പറഞ്ഞയക്കുന്നതെന്നുവച്ചു ഞാൻ പരിഭ്രമിക്കുകയായിരുന്നു. ചാക്കോച്ചൻ ആലീസിന്റെ കല്യാണം ഇങ്ങനെ ഒതുങ്ങിയ മട്ടിൽ കഴിച്ചു കഴിയുമ്പോൾ പിന്നെ ഞാനും ആ തോതിൽ പോയാൽ മതിയല്ലോ എന്നോർക്കുമ്പോൾ എന്തൊരാശ്വാസം!

ചാ:- എന്നാൽ ഞാൻ വേറൊരു കാര്യം പറയാം. ആലീസുകുട്ടിയുടെ ആഗ്രഹമനുസരിച്ച് ഒരു ചെറിയ ഉപവിപ്രവൃത്തി ചെയ്യണമെന്നു ഞാൻ മുൻപേതന്നെ നിശ്ചയിച്ചിരിക്കയായിരുന്നു.

മാ:- അതെന്താ?

ചാ:- നമ്മുടെ അക്കരെ അന്തോനിയുടെ മകൾ മറിയപ്പെണ്ണും ആലീസുംകൂടി ഒന്നാം ക്ലാസുമുതൽ ഒന്നിച്ചു പഠിച്ചുകൊണ്ടു വന്നതാണ്. ആ സാധുവിന്റെ കല്യാണംകൂടി ഇക്കൂട്ടത്തിൽ നടത്തണമെന്നാണ് ആലീസിന്റെ ആഗ്രഹം. അതിന്റെ ചെലവുമുഴുവനും ഞാൻതന്നെ വഹിക്കണമെന്നുമാണ് അവളുടെ നിർബന്ധം. ഏതായാലും ഞാൻ സമ്മതിച്ചു ഇന്നലെ അന്തോനിയെ വിളിച്ചു പറഞ്ഞിട്ടുണ്ട് എവിടെയെങ്കിലും ഒരു ചെറുക്കനെ അന്വേഷിക്കാൻ.

മാ:- ചാക്കോച്ചനെ ദൈവം അനുഗ്രഹിക്കട്ടെ. എനിക്കും പലപ്പോഴും തോന്നിയിട്ടുള്ള ഒരാശയമാണ് ഇത്. നമ്മുടെ പണക്കാരുടെ വീട്ടിലെ ഓരോ കല്യാണത്തിനും അയൽവക്കത്തുള്ള വല്ല സാധുവിന്റെയും ഓരോ കല്യാണംകൂടി നടന്നുപോയിരുന്നെങ്കിൽ അതു എത്ര വലിയ ഒരനുഗ്രഹമായിരുന്നേനെ.

തോമ്മാച്ചൻ:- അപ്പച്ചാ, കാപ്പി കൊണ്ടുവന്നുവച്ചു.

ചാ:- എന്നാൽ നമുക്കു അകത്തു പോയി കുറച്ചു കാപ്പി കുടിക്കാം.

(എല്ലാവരും പോകുന്നു)

## നവദമ്പതികൾ



ചേർത്തലയിലെ ഒരു പ്രശസ്ത വ്യവസായപ്രമുഖനും, നെയ്യാരപ്പള്ളി ഓയിൽമിൽസ്, 'ബേബി' ടാക്കീസ് മുതലായവയുടെ പ്രൊപ്രൈറററും ധനാഢ്യനുമായ നെയ്യാരപ്പള്ളിൽ ഇത്താക്കു ജോസഫ് അവർകളുടെ സീമന്തപുത്രി കുമാരി മേരിക്കുട്ടി ബി എ യും, തൃശ്ശൂരിലെ ഒരു പ്രമുഖ കുടുംബാംഗമായ അക്കരപ്പാറി ശ്രീ എ ഐ മാണി ബി എ, എക്സ് എം എൽ സി അവർകളുടെ പുത്രൻ ശ്രീ ജേക്കബ് എം ബി ബി എസും തമ്മിലുള്ള വിവാഹം മുട്ടത്തുപള്ളിയിൽവച്ചു സമംഗളം നടന്നു.

പ്യാരി (REGD)
ഔഷധസോപ്പ്
ചമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

# നവാഭിഷിക്തനായ ഡോക്ടർ വള്ളോപ്പിള്ളി തിരുമനസ്സിലെ പ്രക്ഷേപണിപ്രസംഗം

### മെത്രാഭിഷേകരംഗങ്ങൾ


1956 ജനുവരി 8-ാം തീയതിയായ ഇന്നു കേരളസുറിയാനിസഭയുടെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തപ്പെടേണ്ട ഒരു സുദിനമാണ്. പരിശുദ്ധ പിതാവിന്റെ കാരുണ്യാതിരേകത്താൽ തലശ്ശേരി രൂപതാശിശുവിനു അതിന്റെ പ്രഥമമെത്രാനെ ഇന്നു ലഭിച്ചിരിക്കുന്നു. അതിപുരാതിനമായ ഇന്ത്യൻ സഭയുടെ രൂപതകളിൽ ഏറ്റം പുതിയ രൂപതയാണ് തലശ്ശേരി. 1953 ഡിസമ്പർ 31-ാം തീയതി അതു സ്ഥാപിതമായി. മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന കേരളസുറിയാനി ക്രിസ്ത്യാനികളിൽ ഏഴുപത്തയ്യായിരത്തിൽപരം പേർ കുടിയേറിത്താമസിച്ചിട്ടുള്ള അതിവിസ്തൃതമായ ഭൂഭാഗത്തെയാണ് അതു ഉൾക്കൊള്ളുന്നത്. കേരളസുറിയാനിസഭയോടു പരിശുദ്ധ സിംഹാസനത്തിനുള്ള പൈതൃകമായ സ്നേഹവാത്സല്യങ്ങളുടെ ഒരു പുതിയ സ്മാരകമായി അതു നിലകൊള്ളുന്നതാണ്.



മോൺ: വള്ളോപ്പിള്ളി മെത്രാഭിഷേകം സ്വീകരിക്കുന്നതിനു് വി. പത്രോസിന്റെ ദേവാലയത്തിലേക്കു് പുറപ്പെടുന്നു. സഹകാർമ്മികന്മാരും ശുശ്രൂഷകരും തിരുമേനിയെ അനുഗമിക്കുന്നു

ന്നു, അവരിൽ ഒരു ഗണ്യമായ വിഭാഗം ശീശ്മയിൽ പെടുന്നതിനും അന്ത്യോക്യാസുറിയാനി റീത്തു അംഗീകരിക്കുന്നതിനും ഇടയായതു്. പരേതനായ മാർ ഈവാനിയോസു് തിരുമേനി ഇദാനീന്തനകാലങ്ങളിൽ സമാരംഭിച്ച പുനരൈക്യപ്രസ്ഥാനത്തിന്റെ ഫലമായി അവരിൽനിന്നും കത്തോലിക്കാ വിശ്വാസം സ്വീകരിച്ചവരെയാണു സീറോ മലങ്കരറീത്തുകാർ എന്നു വിളിക്കുന്നതു്.

കത്തോലിക്കാ വിശ്വാസം ഉപേക്ഷിക്കാതിരുന്നവർക്കു അവരുടെ സ്വന്തറീത്തിലും നാട്ടുകാരിലുംപെട്ട മെത്രാന്മാരെ ലഭിക്കുന്നതിനു 1896 വരെ, രണ്ടര ശതാബ്ദക്കാലത്തോളം കാത്തിരിക്കേണ്ടിവന്നു. ഒരു കർമ്മലീത്താ സന്യാസിയായിരുന്ന മോൺ. സെബസ്ത്യാനിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരും ഈ കാലഘട്ടത്തിൽ സത്യവിശ്വാസം നിലനിർത്തുന്നതിൽ ചെയ്തിട്ടുള്ള സേവനങ്ങൾ കൃതജ്ഞതാ




അഭിഷേച്യമെത്രാന്റെ കൈകളും ശിരസ്സും തിരുതൈലംകൊണ്ടഭിഷേകം ചെയ്യുകയും അദ്ദേഹത്തിന്റെ ചുമലിൽ "തക്സാ" (കുർബാനപ്പുസ്തകം) വയ്ക്കുകയും ചെയ്യുന്ന ഭാഗം

രാജ്യങ്ങളുമായി ബന്ധപ്പെടാതെ ഒറ്റപ്പെട്ടിരുന്ന നൂറ്റാണ്ടുകളിലും വിഷമകരമായ പരിതസ്ഥിതികളെ തരണംചെയ്തുകൊണ്ടിരുന്ന ഘട്ടങ്ങളിലും, ശ്ലീഹാ അവർക്ക നൽകിയിരുന്ന അനുശാസനം അഭംഗം പരിരക്ഷിച്ചുപോന്നിരുന്നു. 15-ാം നൂറ്റാണ്ടിന്റെ അന്തിമഘട്ടത്തിൽ കടൽവഴികളുള്ള ഗതാഗതമാർഗ്ഗങ്ങൾ തുറക്കപ്പെടുകയും പാശ്ചാത്യരാജ്യങ്ങളിലുള്ള അവരുടെ സഹോദരക്രിസ്ത്യാനികളുമായുള്ള ബന്ധം സുസാദ്ധ്യമായി തീരുകയും ചെയ്തതോടെ സ്വാഭാവികമായിത്തന്നെ അവരുമായി അവർ ഐക്യപ്പെട്ടു" എന്നാണു പരിശുദ്ധ മാർപ്പാപ്പാ പ്രസ്താവിച്ചതു്.

### ലത്തീൻ റീത്തിന്റെ ആധിപത്യം

16-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ കേരളസുറിയാനി സഭ ലത്തീൻ റീത്തിന്റെ അധികാരസീമയിൽ ഉൾപ്പെടുത്തപ്പെടുന്നതിനിടയായി. ആരാധനക്രമങ്ങൾ സംബന്ധിച്ചും ഭരണക്രമം സംബന്ധിച്ചും ലത്തീൻ രീതികൾ നടപ്പാക്കുന്നതിനുള്ള നയമാണു് ലത്തീൻ വൈദികാധികാരികൾ സ്വീകരിച്ചതു്. തൽഫലമായി 1653-ൽ കേരളസുറിയാനിക്കാരുടെയിടയിൽ ഒരു പിളപ്പുണ്ടായി. ഈ ചരിത്രത്തിന്റെ അനന്തരഫലമായിരു



അഭിനവമെത്രാൻ സിംഹാസനത്തിൽ ഉപവിഷ്ടനാക്കപ്പെടുന്നു

### കേരളസുറിയാനിസഭയുടെ വിശ്വാസസ്ഥിരത


കേരളസുറിയാനി സഭ അതിന്റെ സ്ഥാപകനായി മാർത്തോമ്മാശ്ലീഹായെ പ്രകീർത്തിക്കുന്നു. പാശ്ചാത്യരാജ്യങ്ങളുമായി വളരെക്കാലത്തേക്കു സമ്പർക്കമില്ലാതെ അതു കഴിഞ്ഞുകൂടിയിരുന്നെങ്കിലും റോമാസഭയുടെ പരമാധികാരത്തേയോ വിശുദ്ധ പത്രോസിന്റെ സിംഹാസനവുമായി ഐക്യപ്പെട്ടിരിക്കേണ്ടതിന്റെ ആവശ്യകതയെയോ അതു ഒരിക്കലും നിഷേധിച്ചിട്ടില്ല. മാർത്തോമ്മാശ്ലീഹാ കേരളക്കരയിൽ വന്നിറങ്ങിയ സംഭവത്തിന്റെ 19-ാം ശതാബ്ദജൂബിലി 1952 ഡിസമ്പർ 31-ാം തീയതി ആഘോഷിച്ച അവസരത്തിൽ ഇപ്പോൾ നമ്മെ ഭാഗ്യമോടെ ഭരിക്കുന്ന പരിശുദ്ധ പിതാവു് നിർവ്വഹിച്ച പ്രക്ഷേപണിപ്രസംഗത്തിൽ കേരളസുറിയാനി ക്രിസ്ത്യാനികളെ സംബന്ധിച്ച ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "വിശുദ്ധ തോമ്മാശ്ലീഹായാൽ

സ്ഥാപിതമായ ക്രിസ്ത്യൻ സമൂഹങ്ങൾ. ഇന്ത്യാരാജ്യം പാശ്ചാത്യ



പ്രധാനകാർമ്മികൻ സഹകാർമ്മികന്മാരുടെ സഹായത്തോടുകൂടി അഭിഷേകകർമ്മം നിർവ്വഹിക്കുന്നു പ്രധാനകാർമ്മികൻ—അത്യുന്നത കർദ്ദിനാൾ തിസ്സെരാങ്ങ്. സഹകാർമ്മികർ—ഓത്തോണോ മെത്രാപ്പോലീത്താ മോൺ. മിലിയൊരിനി; പ്രൊപ്പഗാന്താ തിരുസംഘം സിക്രട്ടറി മോൺ. സിജിസ്മോന്തി. പട്ടാഭിഷേകം—1956 ജനുവരി 8

പൂർവ്വം അനുസ്മരിക്കപ്പെടേണ്ടതാണ്. പാവനസ്മരണാർഹനായ പരിശുദ്ധ പിതാവു് 11-ാം പിയൂസ് മാർപ്പാപ്പാ 1923 ഡിസമ്പർ 21-ാം തീയതി കേരളസുറിയാനി ഹയരാർക്കി സ്ഥാപിച്ച അവസരത്തിൽ കേരളസുറിയാനിക്കാരെ സംബന്ധിച്ച കല്പിച്ചരുളിച്ചെയ്തിട്ടുള്ളതു് ഇപ്രകാരമാണ്: "കേരളസുറിയാനി ക്രിസ്ത്യാനികൾക്കു അവരുടെ സ്വദേശീയരും സ്വന്തറീത്തുകാരുമായ മെത്രാന്മാരെ ലഭിച്ച നാളുതൊട്ടു എല്ലാം തരത്തിലും അവർക്കുണ്ടായിട്ടുള്ള പുരോഗതി അത്ഭുതകരമത്രെ. എന്തുകൊണ്ടെന്നാൽ അവരുടെ ഇടയിൽ ദൈവവിളികളുടെ എണ്ണവും, പുറമെനിന്നുള്ള മാനസാന്തരവും വർദ്ധിച്ചിരിക്കുന്നു എന്നു മാത്രമല്ല, വേദാദ്ധ്യയനശാലകളും, വിദ്യാലയങ്ങളും, സന്യാസമന്ദിരങ്ങളും, മഠങ്ങളും, പള്ളികളും, കപ്പേളകളും മറ്റു മതസ്ഥാപനങ്ങളും വളരെയേറെ വർദ്ധിച്ചിട്ടുണ്ടു്. കേരള



മെത്രാഭിഷേകത്തിന്റെ അവസാനത്തിൽ അഭിഷേചകൻ തിരുമേനി അഭിഷിക്തനെ ആശ്ലേഷിച്ച് സമാധാന ചുംബനം നൽകുന്നു

സുറിയാനിക്കാരായ മെത്രാന്മാർ എത്ര വിവേകത്തോടും ശ്രദ്ധയോടും കൂടിയാണ് അവരുടെ സൂക്ഷത്തിനു ഏല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ പാലിച്ചുപോരുന്നതെന്നു ഇതിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. അതുകൊണ്ട്, ഇന്ത്യ മുഴുവനിലുമുള്ള ക്രിസ്ത്യാനികളിൽവച്ചു ഏറ്റം ഉത്തമരായവർ കേരളസുറിയാനിക്കാരാണെന്നു ഈസ്റ്റ് 'ഇൻഡീസ്' ഡെലഗാപ്പസ്തോലിക്കാമാർ അടുത്ത കാലത്തു ഏകയോഗമായി അഭിപ്രായപ്പെട്ടിരിക്കുന്നു."

## ഹയരാർക്കിയും തലശ്ശേരിരൂപതയും

എറണാകുളം, തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം, പാലാ എന്നീ സീറോ മലബാർ രൂപതകളിൽ 1954 ലെ സെൻസസ് അനുസരിച്ചു 10 ലക്ഷത്തിൽപരം വിശ്വാസികളും 1000 ത്തോളം പള്ളികളും കപ്പേളപ്പള്ളികളും, 900 ത്തോളം വൈദികരും, 5000 ത്തോളം സന്യാസിനികളുമാണുള്ളത്. കേരളസുറിയാനിക്കാരുടെ ഇടയിൽ പൗരോഹിത്യത്തിനും സന്യാസജീവിതത്തിനുമുള്ള ദൈവവിളികൾ വളരെയുണ്ട്. അവരുടെ സ്വന്ത റീത്തിൽപെട്ട മിഷ്യനുകൾ ഇല്ലാത്തതുകൊണ്ട്, അവരിൽ 2000 ത്തോളം പേർ ലത്തീൻ റീത്തു സ്വീകരിച്ചു ഇന്ത്യയുടെ വിവിധഭാഗങ്ങളിലുള്ള മിഷ്യനുകളിൽ ജോലി ചെയ്തുപോരുന്നു.

അവർ വസിക്കുന്ന രാജ്യവിഭാഗം അവരുടെ പ്രവൃത്തനങ്ങൾക്കു ആവശ്യമുള്ളത്ര വിസ്തൃതമല്ലാത്തതുകൊണ്ടു അവരിൽ ഒരുലക്ഷത്തോളം ആളുകൾ വടക്കോട്ടും വടക്കുകിഴക്കോട്ടും കുടിയേറിക്കഴിഞ്ഞിരിക്കുകയാണ്. ഈ കുടിയേറ്റക്കാരെ ഉദ്ദേശിച്ചാണല്ലോ പരിശുദ്ധ സിംഹാസനത്തിൽനിന്നും 1953 ഡിസമ്പർ 31-ാം തിയതി തലശ്ശേരിരൂപത സ്ഥാപിച്ചതും, അതിന്റെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി എന്നെ നിയമിച്ചതും, ഇന്നു അതിന്റെ പ്രഥമമെത്രാനായി ഞാൻ വാഴിക്കപ്പെട്ടതും. 1954 മാർച്ചു 19-ാം തിയതിയാണ് അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ എന്നനിലയിൽ തലശ്ശേരിരൂപതയുടെ ചാർജ്ജു ഞാൻ ഏറ്റെടുത്തത്. ആരംഭത്തിൽ ഞങ്ങൾക്കുണ്ടായ ഏറ്റം വലിയ വിഷമം വൈദികരുടെ അഭാവമായിരുന്നു. എന്നാൽ കോഴിക്കോട്ടു മെത്രാന്റെ രൂപതയുടെ മെത്രാന്റേയും, മററു കേരളസുറിയാനി മെത്രാന്മാരുടേയും, കേരളസുറിയാനി കമ്മലിത്താസഭയുടേയും ഉദാരമായ സഹകരണംമൂലം പ്രസ്തുത പ്രാരംഭവിഷമതകളെ വളരെയധികം തരണം ചെയ്യുന്നതിനു സാധിച്ചിരിക്കുന്നു എന്നുള്ളതു സമാശ്വാസകരമാണ്. ഇപ്പോൾ ഞങ്ങൾ 41 വൈദികരുണ്ട്. അവരിൽ 20 പേർ കേരളസുറിയാനി കമ്മലിത്താ സഭക്കാരാണ്. മേജറും മൈനറുമായ പാലാ സെമിനാരികളിലായി 74 വൈദികവിദ്യാർത്ഥികൾ പഠനം നടത്തുന്നതുകൊണ്ടു ഭാവിയിലേക്കു പ്രത്യാശയോടുകൂടിവീക്ഷിക്കുന്നതിനു ഞങ്ങൾക്കു സാധിക്കുന്നു. 33000 ചതുരശ്രമൈൽ വിസ്തീർണ്ണത്തിൽ ചിതറിക്കിടക്കുന്ന നൂറോളം കേന്ദ്രങ്ങളിലായിട്ടാണു ഇപ്പോഴുള്ള 41 വൈദികർ പ്രവൃത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. കുടിയേറ്റക്കാരെ പ്രധാനമായി ഉദ്ദേശിച്ചാണു അവരുടെ പ്രവൃത്തനം നടക്കുന്നതെങ്കിലും കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയിൽ അക്രൈസ്തവരും അകത്തോലിക്കരുമായ 200 ൽപരം ആളുകളെ സത്യസഭയിലേക്കാനയിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## സാമൂഹികസേവന രംഗങ്ങൾ

കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ട സൗകര്യമുണ്ടാക്കുക എന്നതായിരുന്നു ആദ്യം മുതൽ ഞങ്ങൾക്കുണ്ടായിരുന്ന ഏററം വലിയ ശ്രദ്ധ. കുടിയേററക്കാരിൽ ഭൂരിഭാഗവും പുതിയ രൂപതയുടെ സ്ഥാപനത്തിനുമുമ്പു കോഴിക്കോട്ടു മെത്രാനച്ചൻ തിരുമനസ്സിലെ ഭരണത്തിൻകീഴിലായിരുന്നു വല്ലോ. ആ വന്ദ്യ തിരുമേനി ഇക്കാര്യത്തിൽ കാര്യമായ ശ്രദ്ധ ചെലുത്തിയിരുന്നു. രണ്ടുകൊല്ലക്കാലത്തെഇരുചുരുങ്ങിയ ഇടക്കൊണ്ടു പ്രാഥമികവിദ്യാലയങ്ങൾ 50 ശതമാനം വർദ്ധിച്ചിട്ടുണ്ട്; ഹൈസ്കൂളുകളുടെ എണ്ണം ഒന്നിൽനിന്നു നാലായി വർദ്ധിച്ചു; കൂടാതെ കേരളസുറിയാനി കമ്മലിത്താസഭ ഉന്നതവിദ്യാഭ്യാസത്തെ ലക്ഷ്യമാക്കി കോഴിക്കോട്ട് ഒരു യൂണിവേഴ്സിററി കോളേജു സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ചെയ്തുവരുന്നുണ്ട്. സുറിയാനി കമ്മലിത്താസഭവകയായി രണ്ടു ആശ്രമങ്ങൾ രൂപതയിൽ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പാലാ രൂപതയിൽനിന്നു വന്നിട്ടുള്ള സന്യാസിനികളുടെ വകയായി ഒരു തിരുഹൃദയമഠവും ഇവിടെ സ്ഥാപിതമായിരിക്കുന്നു.

ഞങ്ങളെ അഭിമുഖീകരിക്കുന്ന ഗുരുതരമായ വേറൊരു പ്രശ്നം കോളനികളിൽ വൈദ്യസഹായത്തിനു മാർഗ്ഗമില്ല എന്നുള്ളതാണ്. ഒരു മറേറർണിററിവാർഡും ഒരു ഡിസ്പെൻസറിയുമുള്ള ഒരു ചെറിയ ആശുപത്രി ഞങ്ങൾ സമാരംഭിച്ചുകഴിഞ്ഞു. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ എണ്ണത്തിൽ വർദ്ധിക്കേണ്ടതു ഒരു അടിയന്തിരാവശ്യമാണ്. രൂപതയിൽ വളരെ അനാഥക്കുട്ടികളുണ്ട് എങ്കിലും ഒരനാഥമന്ദിരം സ്ഥാപിക്കുന്നതിനു ഇനിയും സാധിച്ചിട്ടില്ല.



കമ്മങ്ങൾക്കുശേഷം അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനിയും മോൺ: വള്ളോപ്പിള്ളി തിരുമേനിയും സങ്കീർത്തിയിൽനിന്നു സംസാരിക്കുന്നു

## ശുഭപ്രതീക്ഷ

കഴിഞ്ഞ രണ്ടു കൊല്ലത്തെ അനുഭവങ്ങൾ ആത്മധൈര്യത്തോടുകൂടി മുന്നോട്ടു നീങ്ങുവാൻ എനിക്കു പ്രോത്സാഹനം നൽകുന്നുണ്ട്. ഉത്തരവാദിത്വപ്പെട്ട എല്ലാ സ്ഥാനങ്ങളിൽനിന്നും എപ്പോഴും ഞങ്ങൾക്കു പ്രോത്സാഹനങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള അനുഗ്രഹങ്ങൾക്കും, പൗരസ്ത്യതിരുസംഘത്തിന്റെ സഹായങ്ങൾക്കും ഞങ്ങൾ എന്നും കൃതജ്ഞതാബദ്ധരാണ്. പുതിയ തലശ്ശേരിരൂപതയുടെ സംസ്ഥാപനംവരെ കുടിയേററക്കാർ ഉൾപ്പെട്ടിരുന്ന കോഴിക്കോട്ടുരൂപതയുടെ ലത്തീൻ മെത്രാന്മാരോടും, കേരളസുറിയാനി രൂപതകളിലെ എല്ലാ മെത്രാന്മാരോടും പ്രത്യേകിച്ചു സീറോമലബാർ ഹയരാർക്കിയുടെ അധിനാഥനായ അതിവന്ദ്യ മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്റ്റീനോസ് തിരുമേനിയോടും, സ്വദേശത്തും വിദേശത്തുമുള്ള ഞങ്ങളുടെ എല്ലാ ഉപകാരികളോടും ഞങ്ങൾക്കുള്ള നന്ദിയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

## പുതിയ സമ്പർക്കങ്ങൾ വിജ്ഞാനം വിതറി

അടുത്ത കാലംവരെ കേരളസുറിയാനിസഭയെപ്പററി പുറമേയുള്ളവർ വളരെ കുറച്ചുമാത്രമേ അറിഞ്ഞിരുന്നുള്ളു എന്നതു ഒരു പരമാർത്ഥമാണ്. മാർത്തോമ്മാശ്ലീഹായുടെ കേരളപ്രവേശനത്തിന്റെ 19-ാം ശതാബ്ദപൂർത്തി 1952 ഡിസംബർ മാസത്തിൽ എറണാകുളത്തു വച്ചാഘോഷിച്ചതും അതിൽ പരിശുദ്ധ പാപ്പായുടെ പ്രതിനിധിയായി അത്യുന്നതകർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടു അദ്ധ്യക്ഷത വഹിച്ചതും ഈ പുരാതനസഭയെപ്പററി ലോകം കൂടുതലറിയുന്നതിനു വഴിതെളിച്ചു. കർദ്ദിനാൾ സംഘത്തിന്റെ ഡീനും പൗരസ്ത്യതിരുസംഘത്തിന്റെ സിക്രട്ടറിയുമായ അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമനസ്സിലെ 1953ലെ മലബാർസന്ദർശനം അതുവരെയും അറിയപ്പെടാതിരുന്നതും അപൂർണ്ണമായിമാത്രം അറിയപ്പെട്ടിരുന്നതുമായ പല കാര്യങ്ങൾ വെളിപ്പെടുന്നതിനു അവസരമായിത്തീർന്നു. പൗരസ്ത്യതിരുസംഘത്തിന്റെ പ്രിഫെക്ട്കൂടിയായ പരിശുദ്ധ പിതാവിനു കേരളസഭയോടുള്ള നിസ്സീമമായ താല്പര്യം, ഞങ്ങളുടെ ഈ രൂപതാസ്ഥാപനത്തിനു ശേഷം ഞങ്ങൾ സ്വീകരിച്ചിട്ടുള്ള പ്രോത്സാഹനങ്ങളും സഹായങ്ങളുംവഴി നിതരാം പ്രകടമാവുകയാണ്. നിത്യനഗരത്തിലെ എന്റെ ഈ ചുരുങ്ങിയ താമസത്തിനിടയിൽ ഞങ്ങളുടെ രൂപതാശിശുവിനോടും അതിന്റെ ഈ കുഞ്ഞുമെത്രാനോടും എല്ലാവരും പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന വലിയ അനുഭാവവും താല്പര്യവും എന്നെ അതിമാത്രം ധൈര്യപ്പെടുത്തുകയും അത്ഭുതപരതന്ത്രനാക്കുകയും ചെയ്യുകയാണ്.

കേരളത്തിലെ ഈ പുരാതീന ക്രൈസ്തവസഭയുടെ വിപുലങ്ങളും



റൈററ് റവ. മോൺ: വള്ളോപ്പിള്ളി പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിക്കുന്നു. മോൺസിഞ്ഞോറിന്റെ സിക്രട്ടറി റവ. ഫാ. ജേക്കബ് വാരികാട്ടിനേയും ചിത്രത്തിൽ കാണാം

വാരാന്ത്യവീക്ഷണം

# റഷ്യയിൽ നയംമാററമുണ്ടായിട്ടുണ്ടോ?

റഷ്യയിലെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുടെ വിശ്വാസങ്ങളിലും നടപടികളിലും വലിയ മാററങ്ങളുണ്ടായിട്ടുണ്ടെന്നും ഇല്ലെന്നും പക്ഷാന്തരമുണ്ട്. റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസിൽ മി. ക്രൂഷ്ചേവ് ആദിയായ നേതാക്കന്മാർ ചെയ്ത പ്രസംഗങ്ങളാണ് ഇങ്ങനെ ഒരു സംശയത്തിനു കാരണമുണ്ടാക്കിയത്. മേല്പറഞ്ഞ പ്രസംഗങ്ങളിൽ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ അടുത്ത കാലംവരെ തങ്ങൾ ലോകഗുരുവായി കരുതിയിരുന്ന സ്റ്റാലിന്റെ ആഭ്യന്തരനയത്തിലും വിദേശനയത്തിലും വലിയ തെററുകളുണ്ടായിരുന്നെന്നു സമ്മതിക്കയുണ്ടായി. അവരുടെ അഭിപ്രായപ്രകാരം സ്റ്റാലിനു പററിയ തെററുകൾ താഴെപ്പറയുന്നവയാണ്. ഒന്ന്: സ്റ്റാലിൻ ഏകാധിപത്യം പുലർത്തിപ്പോരുകയും അദ്ദേഹത്തെ ഒരു മഹാമനുഷ്യനായി പരിഗണിക്കുന്നതിനു് ജനങ്ങളെ പ്രേരിപ്പിക്കയും ചെയ്തു. രണ്ട്: വിദേശനയത്തിൽ അദ്ദേഹത്തിനു പററിയ പ്രമാദങ്ങൾകൊണ്ട് റഷ്യ അനാവശ്യമായി പല വിദേശരാജ്യങ്ങളുടേയും വിരോധം സമ്പാദിച്ചു. ഇങ്ങനെ വലിയ പ്രമാദങ്ങൾ സ്റ്റാലിനു പററിയെന്നു പറഞ്ഞതുകൊണ്ടുമാത്രം റഷ്യൻ നയത്തിൽ കാര്യമായ മാററമുണ്ടായെന്നു് വിചാരിച്ചുകൂടാ. റഷ്യൻ നേതാക്കന്മാരുടെ ആത്മാർത്ഥതയിൽ സ്വതന്ത്രലോകത്തിനു വിശ്വാസംവരണമെങ്കിൽ അവർ മൂന്നു കാര്യങ്ങൾ ചെയ്യണം. ഒന്നാമതായി റഷ്യയുടെ അടിമത്തത്തിൽ കമ്മ്യൂണിസ്റ്റ് ന്യൂനപക്ഷങ്ങൾ ഭരിക്കുന്ന യൂറോപ്പിലെ ഉപഗ്രഹരാജ്യങ്ങൾക്ക് സ്വതന്ത്രതിരഞ്ഞെടുപ്പുകൾക്കുശേഷം ജനഹിതത്തിനനുസരിച്ചുള്ള ഭരണവ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിനുള്ള സ്വാതന്ത്ര്യം നൽകണം. രണ്ടാമതായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ കോമിൻഫോമിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കമ്മ്യൂണിസ്റ്റ് വിധ്വംസകപ്രവത്തനങ്ങൾ അവസാനിപ്പിക്കണം. മൂന്നാമതായി റഷ്യയിലെ ജനങ്ങൾക്ക് അഭിപ്രായസ്വാതന്ത്ര്യവും തിരഞ്ഞെടുപ്പുസ്വാതന്ത്ര്യവും നൽകണം. ഇപ്പോൾ ഉണ്ടായിട്ടുണ്ടെന്നു പറയപ്പെടുന്ന മാററങ്ങൾ യഥാർത്ഥ പ്രശ്നങ്ങളുടെ അതിർത്തികളെമാത്രം സ്പർശിക്കുന്നതേയുള്ളു.

## മദ്ധ്യപൂർവ്വപ്രദേശം

മദ്ധ്യപൂർവപ്രദേശത്തെ സ്പർശിക്കുന്ന ഒരു പ്രസ്താവന റഷ്യ ഏതാനും ദിവസങ്ങൾക്കുമുമ്പ് പരസ്യപ്പെടുത്തിയിട്ടുണ്ട്. പാശ്ചാത്യരാഷ്ട്രങ്ങൾ മദ്ധ്യപൂർവപ്രദേശത്തേക്ക് സൈന്യങ്ങളെ അയക്കുകയാണെങ്കിൽ റഷ്യ അനാസ്ഥയോടുകൂടി അതു കണ്ടുകൊണ്ടിരിക്കയില്ലെന്ന് അതിൽ പ്രസ്താവിച്ചിരിക്കുന്നു. 1950-ലെ ഒരു കരാറനുസരിച്ച് അമേരിക്കയും ബ്രിട്ടനും ഫ്രാൻസും മദ്ധ്യപൂർവദേശത്തു സമാധാനം പുലർത്തുന്നതിനു് പ്രതിജ്ഞാബദ്ധരാണ്. ഈ കരാറിൽ റഷ്യക്കു സ്ഥാനമില്ല. റഷ്യയെ മദ്ധ്യപൂർവദേശത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങളിൽ പാശ്ചാത്യരാഷ്ട്രങ്ങൾ ഒരു തല്പരകക്ഷിയായി അംഗീകരിച്ചിട്ടില്ല. റഷ്യക്കു് അങ്ങനെയൊരു സ്ഥാനം വേണമെന്നു വളരെ ആഗ്രഹമുണ്ട്. അതു ലഭിക്കുന്നതിനുവേണ്ടിയാണ് റഷ്യ മദ്ധ്യപൂർവപ്രദേശത്ത് സംഘർഷാവസ്ഥ വർദ്ധിപ്പിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇസ്രായേലും അറബിരാഷ്ട്രങ്ങളുമായി നിലവിലുള്ള വിരോധം റഷ്യക്കു അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇസ്രായേലിന്റെ നേരെ അറബിരാജ്യങ്ങൾ യുദ്ധത്തിനൊരുമ്പെടാതെ തടയുന്നതിനുവേണ്ടി പാശ്ചാത്യരാഷ്ട്രങ്ങൾ അറബിരാജ്യങ്ങൾക്ക് ആയുധങ്ങൾ ആവശ്യംപോലെ കൊടുക്കാതെയിരിക്കയായിരുന്നു. എന്നാൽ ഈയിടെ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽനിന്നും അറബിരാഷ്ട്രങ്ങൾക്ക് ധാരാളം ആയുധങ്ങൾ ലഭിക്കുന്നുണ്ട്. ഇസ്രായേലിനെ തോല്പിക്കുന്നതിനുള്ള ശക്തി തങ്ങൾക്കിപ്പോളുണ്ടെന്ന് ഈജിപ്റ്റിന്റെ ഒരു വക്താവ് ഈയിടെ പ്രസ്താവിക്കയുണ്ടായി. ഇസ്രായേലും അറബി രാഷ്ട്രങ്ങളുമായി ഒരു യുദ്ധമുണ്ടാകുവാനിടവന്നാൽ അതിൽ ഇസ്രായേലിന്റെ ഭാഗത്ത് പാശ്ചാത്യരാഷ്ട്രങ്ങൾ ഇടപെടാതെയിരിക്കയില്ലെന്നുവേണം വിചാരിക്കുവാൻ. അങ്ങനെവന്നാൽ റഷ്യ അറബിരാഷ്ട്രങ്ങളെ സഹായിച്ചുവെന്നു വരാം. പക്ഷെ ഒരു യുദ്ധമുണ്ടാകരുതെന്നു റഷ്യക്കും പാശ്ചാത്യരാഷ്ട്രങ്ങൾക്കും ഒരുപോലെ ആഗ്രഹമുണ്ട്. ഇതാണ് റഷ്യക്കു അനുകൂലമായ സാഹചര്യം. മദ്ധ്യപൂർവ്വപ്രദേശത്തെ പ്രശ്നങ്ങളിൽ റഷ്യക്കുകൂടി ഒരു സ്ഥാനം കൊടുത്താൽ യുദ്ധംകൂടാതെ കഴിക്കാമെന്ന നില വരുമ്പോൾ പാശ്ചാത്യരാഷ്ട്രങ്ങൾ അതിനൊരുങ്ങിയേക്കാം. അമേരിക്കയിൽ വരുന്ന നവമ്പറിൽ നടക്കുവാനിരിക്കുന്ന പ്രസിഡണ്ട് തിരഞ്ഞെടുപ്പുകഴിഞ്ഞു അമേരിക്ക ഒരു പുതിയ സമീപനത്തിനു സമ്മതിച്ചേക്കാം.

## വിയെററ്നാം

ഇൻഡോ ചൈനയിലെ വിയെററ്നാം പ്രശ്നം ഇന്നും തീരുമാനിക്കപ്പെടാതെ കഴിഞ്ഞുകിടക്കയാണ്. ഉത്തരവിയെററ്നാമിനേയും ദക്ഷിണവിയെററ്നാമിനേയും ഏകീകരിക്കുന്നതിനുവേണ്ടി രണ്ടു ഭാഗങ്ങളിലും സ്വതന്ത്രതിരഞ്ഞെടുപ്പുകൾ നടത്തേണ്ടതാണെന്ന് 1954-ൽ ജെനീവയിൽവെച്ചു നടന്ന ഇൻഡോ-ചൈനാ കോൺഫറൻസ് തീരുമാനിച്ചിരുന്നു. ജെനീവാ തീരുമാനത്തിനുശേഷം ഉത്തരവിയെററുനാമിൽ കമ്മ്യൂണിസ്റ്റ് ഭരണം സുശക്തമായിട്ടുണ്ട്. ദക്ഷിണവിയെററുനാമിൽ നിയോഡെമിന്റെ നേതൃത്വത്തിൽ ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധഭരണവും ഉറച്ചുകഴിഞ്ഞിട്ടുണ്ട്. ഒരു തിരഞ്ഞെടുപ്പ് നടന്നാൽ ഉത്തരവിയെററ്നാമിനു് വിജയംകിട്ടാനെളുപ്പമുള്ളതുകൊണ്ട് നിയോഡെം അതിനു സമ്മതിക്കുന്നില്ല. ജനീവാ തീരുമാനങ്ങൾക്ക് ഒപ്പുവച്ചതു് ഫ്രാൻസാണെന്നും ദക്ഷിണവിയെററുനാമിലെ ജനങ്ങൾ അതു സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥരല്ലെന്നുമാണ് അദ്ദേഹത്തിന്റെ വാദം. അദ്ദേഹത്തിനു അമേരിക്കയുടെ സഹായവുമുണ്ട്. വിയെററ്നാമിന്റെ പ്രശ്നങ്ങളെപ്പററി ആലോചിക്കുവാൻ ഒരു പുതിയ ജനീവാ കോൺഫറൻസ് കൂടേണ്ടതാണെന്നു ഉത്തരവിയെററ്നാമിലെ വിദേശകാര്യമന്ത്രി മി. ഫാംഫ്വാൻഡോം ഈയിടെ ആവശ്യപ്പെടുകയുണ്ടായി. ഉത്തരവിയെററ്നാം കമ്മ്യൂണിസ്റ്റ് ചൈനായുടെ ഒരു ഉപഗ്രഹമായിട്ടാണ് കഴിഞ്ഞുവരുന്നത്. വിദൂരപൂർവപ്രദേശത്തു ഒരു പുതിയ ഒച്ചപ്പാടുണ്ടാക്കി തങ്ങൾക്ക് ഐക്യരാഷ്ട്ര സംഘടനയിൽ പ്രവേശനവും ഫോർമോസായുടെ ചൈനാലയനവും സാധിച്ചുകിട്ടുന്നതിനാണ് കമ്മ്യൂണിസ്റ്റ് ചൈന ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അമേരിക്കയും കമ്മ്യൂണിസ്റ്റ് ചൈനായും തമ്മിൽ ഏതെങ്കിലും വിധത്തിലൊരു ഒത്തുതീർപ്പുണ്ടായാൽ മാത്രമേ വിദൂരപൂർവ്വപ്രദേശത്തെ അനിശ്ചിതാവസ്ഥക്കു് ഒരു ശമനം ഉണ്ടാകയുള്ളു. എന്നാൽ അമേരിക്കയിൽ അടുത്ത പ്രസിഡണ്ട് തിരഞ്ഞെടുപ്പിനുമുമ്പ് അങ്ങനെയെന്തെങ്കിലും സംഭവിക്കാൻ ഇടയില്ല.

## ദക്ഷിണധ്രുവപ്രദേശം

അന്താരാഷ്ട്രീയമായി ഒരു പുതിയ മത്സരത്തിന്റെ രംഗമായിത്തീർന്നിട്ടുണ്ട് ദക്ഷിണധ്രുവപ്രദേശം. ജനവാസമില്ലാത്തതും മഞ്ഞുമൂടിക്കിടക്കുന്നതുമായ ഈ പ്രദേശത്ത് കൽക്കരി, ഇരിമ്പ്, യുറേനിയം മുതലായ പ്രകൃതിവിഭവങ്ങൾ ധാരാളമുള്ളതുകൊണ്ട് ഈ പ്രദേശത്തു് അവകാശം സ്ഥാപിക്കാൻ പല രാജ്യങ്ങളും ശ്രമിച്ചുവരുന്നുണ്ട്. ബ്രിട്ടനും, ചിലിക്കും, അർജൻറീനാക്കും ഇപ്പോൾ ദക്ഷിണധ്രുവപ്രദേശത്തു് താവളങ്ങളുണ്ട്. ഇവർ പരസ്പരവിരുദ്ധങ്ങളായ അവകാശങ്ങൾ പുറപ്പെടുവിക്കുന്നുമുണ്ട്. ഏതെങ്കിലും ഒരു രാജ്യക്കാർ ജനവാസമില്ലാത്ത ഒരു പ്രദേശത്തു് ആദ്യം ചെന്നെത്തിയിട്ടുണ്ടെങ്കിൽ ആ രാജ്യം അവരുടേതാണെന്നാണ് സാധാരണയുള്ള അവകാശവാദം. അമേരിക്ക, റഷ്യാ, ഫ്രാൻസ്, ആസ്ട്രേലിയാ, ന്യൂസിലണ്ട്, ബ്രിട്ടൻ, നോർവെ മുതലായ പല രാജ്യങ്ങളും ഈ വർഷത്തിൽ ദക്ഷിണധ്രുവപ്രദേശത്തേക്ക് ഓരോ സംഘത്തെ അയച്ചിട്ടുണ്ട്.

എന്നാൽ ഏഷ്യൻരാജ്യങ്ങൾക്ക് അവിടെ പ്രവേശിക്കുന്നതിനു് ഇതുവരെ സാധിച്ചിട്ടില്ല. ആഫ്രിക്കൻ വൻകര കഴിഞ്ഞ നൂററാണ്ടിൽ യൂറോപ്യന്മാർ വിഭജിച്ചെടുത്തതുപോലെ ദക്ഷിണധ്രുവപ്രദേശവും വിഭജിച്ചെടുക്കാൻ ഒരു ശ്രമം നടക്കുകയാണ്. ഇതു സംഭവിക്കാതിരിക്കുന്നതിനാണ് ദക്ഷിണധ്രുവപ്രദേശം ഐക്യരാഷ്ട്രസംഘടനയുടെ ആധിപത്യത്തിൽ കൊണ്ടുവരണമെന്ന് ഇൻഡ്യാ ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ പ്രശ്നം ഐക്യരാഷ്ട്രസംഘടനയുടെ പതിനൊന്നാം സമ്മേളനത്തിന്റെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തണമെന്ന് ഇൻഡ്യാ ഈയിടെ സംഘടനയുടെ സിക്രട്ടറി ജനറാലിനു എഴുതിയിട്ടുണ്ട്. അന്താരാഷ്ട്രീയമത്സരങ്ങൾ ഉണ്ടാക്കിയേക്കാവുന്ന ഈ പ്രശ്നം ഐക്യരാഷ്ട്രസംഘടനയുടെ പരിഗണനയിൽ വരണമെന്നുള്ള ഇൻഡ്യയുടെ വാദത്തിനു് സംഘടനയിലെ ഭൂരിപക്ഷം അംഗങ്ങളുടെയും പിന്തുണ ലഭിക്കാതിരിക്കയില്ല.

# ഡാക്ടർ തളിയത്ത് നിര്യാതനായി

പുത്തൻപള്ളി സ്വദേശിയും, തിരുകൊച്ചി റിട്ടയേർഡ് സർജൻ ജനറാലും, തിരുവനന്തപുരം ജനറലാശുപത്രി ഓണററി സർജൻ എന്ന നിലയിൽ ഉദ്യോഗത്തിൽ ഇരുന്നുപോന്ന ദേഹവുമായ ഡോക്ടർ ജേക്കബ് തളിയത്ത് എം. ബി. ബി. എസ്., എഫ്. ആർ. സി. എസ്. അവർകൾ തിരുവനന്തപുരത്തുള്ള അദ്ദേഹത്തിന്റെ വസതിയിൽവച്ചു ഏതാണ്ടു 60-ാമത്തെ വയസ്സിൽ ഫെബ്രുവരി 22-ാംനു- കാലത്തു നിര്യാതനായിരിക്കുന്നു. രാവിലെ പതിവുപോലെ അദ്ദേഹം ദേവാലയത്തിലേക്കു പുറപ്പെടുന്നതിനു ഒരുങ്ങവേയാണ് രോഗബാധയുണ്ടാവുകയും അദ്ദേഹത്തിന്റെ ഡോക്ടറായ മകനുൾപ്പെടെ വിദഗ്ധന്മാരായ ഡോക്ടർമ്മാർ പരിചരിച്ചുവെങ്കിലും ഫലപ്പെടാതെ മരണമടയുകയുമുണ്ടായതു്. അടുത്ത കാലത്തു ഏതാണ്ടു രണ്ടുപ്രാവശ്യം അദ്ദേഹത്തെ ബാധിക്കുകയുണ്ടായിട്ടുണ്ട്. വിദഗ്ദ്ധമായ ചികിത്സയിൽ അദ്ദേഹം സുഖം പ്രാപിച്ച് ജോലികൾ തുടരുകയായിരുന്നു. മരണവൃത്താന്തം അറിഞ്ഞതോടെ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരായ നിരവധി ആളുകൾ അദ്ദേഹത്തിന്റെ വസതിയിലെത്തി അനുശോചനം രേഖപ്പെടുത്തുകയും ആദരങ്ങൾ പ്രകടിപ്പിക്കുകയുംചെയ്തു. തിരുകൊച്ചി രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് തിരുമനസ്സിലെപേർക്കും രാജകുടുംബാംഗങ്ങളുടെപേർക്കും അനുശോചനം അറിയിക്കുകയും പരേതനോടുള്ള സ്നേഹാദരങ്ങൾക്കു ലക്ഷ്യമായി പട്ടുംകച്ചയും കല്പിച്ചു കൊടുക്കുക എന്ന വളരെ അപൂർവ്വമായ നടപടി സ്വീകരിക്കുകയുമുണ്ടായി. ശവസംസ്കാരകർമ്മം 23-ാംനു- വൈകിട്ട് പാളയംപള്ളി സിമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കപ്പെട്ട കല്ലറയിൽ നിർവ്വഹിക്കപ്പെട്ടു. തലസ്ഥാനനഗരത്തിലെ പ്രമുഖവ്യക്തികളെല്ലാം അതിൽ പങ്കെടുത്തു. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നു വന്നുകൂടിയ ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലാണ് അന്തിമോപചാരങ്ങൾ നിർവ്വഹിക്കപ്പെട്ടതു്. 4 മണിക്കു തിരുവനന്തപുരം മെത്രാപ്പോലീത്താ ബനഡിക്റ്റ് മാർ ഗ്രിഗോരിയോസ് തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ ഒപ്പീസ് നടക്കുകയും തുടർന്നു തിരുമേനിതന്നെ ചരമപ്രസംഗം നിർവ്വഹിക്കുകയുംചെയ്തു. തിരുവനന്തപുരംരൂപതാ സഹായമെത്രാൻ ഡോക്ടർ പീറ്റർ ബർ. പെരേരാ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ വിലാപയാത്ര ആരംഭിച്ചു. പരേതന്റെ ജ്യേഷ്ഠസഹോദരപുത്രനായ ഫാദർ ജോനാസ് ടി. ഒ. സി. ഡി. അവർകൾ സംസ്കാരകർമ്മങ്ങളിൽ പ്രധാനകാർമ്മികത്വം വഹിച്ചു. പട്ടണവീഥികൾ ജനാവലിയാൽ നിബിഡമായിരുന്നു. 300 ഓളം കാറുകൾ ശവമഞ്ചത്തെ അനുയാത്രചെയ്തു. വഴിമദ്ധ്യേ നിരവധി റീത്തുകൾ മഞ്ചത്തിൽ അർപ്പിക്കപ്പെട്ടു. 6-30 നാണ് സംസ്കാരകർമ്മങ്ങൾ സമാപിച്ചതു്. ഡോക്ടർ തളിയത്തു് മദ്രാസ് സർവ്വകലാശാലയിൽനിന്നു എം. ബി. ബി. എസ്. ബിരുദം നേടിയശേഷം ലണ്ടൻ സർവ്വകലാശാലയിൽചേർന്നു ശസ്ത്രക്രിയസംബന്ധിച്ച പ്രത്യേക പഠനം നടത്തി എഫ്. ആർ. സി. എസ്. ബിരുദം കരസ്ഥമാക്കി. തുടർന്നു അദ്ദേഹം ജനറലാശുപത്രി ചീഫ് സർജനായി നിയമിക്കപ്പെട്ടു. അദ്ദേഹം കോട്ടയം ഡിസ്ട്രിക്ട് ആശുപത്രിസൂപ്രണ്ട്, ജനറലാശുപത്രിസൂപ്രണ്ട് മുതലായുള്ള ഉത്തരവാദിത്വപ്പെട്ട ജോലികൾ സ്തുത്യർഹമായി നിർവ്വഹിച്ചിട്ടുണ്ട്. സർജൻജനറൽ എന്ന സ്ഥാനത്തിൽ രണ്ടുകൊല്ലം അദ്ദേഹം നിർവ്വഹിച്ച സേവനം അദ്വിതീയമായ ഒന്നായിരുന്നു. 55-ാമത്തെ വയസ്സിൽ അദ്ദേഹം മുറപ്രകാരം റിട്ടയർ ചെയ്തുവെങ്കിലും സംസ്ഥാനത്തിനു് ഈ മഹത്തായ ഒരു സേവനം തുടർന്നു ലഭിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം സർവ്വീസിൽ തുടരുന്നതിനു അഞ്ചുകൊല്ലത്തേക്കുകൂടി നിയമിക്കപ്പെട്ടതു്. കിടയററ ഈ സേവനമാണ് അപ്രതീക്ഷിതമായ അദ്ദേഹത്തിന്റെ നിര്യാണംമൂലം ഇപ്പോൾ നഷ്ടമായിരിക്കുന്നതു്. റിട്ടയേർഡ് ചീഫ് ജസ്റ്റീസ് മി. ജോസഫ് തളിയത്തിന്റെ സഹോദരനാണ് പരേതൻ. പരേതനു 4 പുത്രന്മാരും 3 പുത്രികളുമാണുള്ളതു്. പരേതന്റെ കുടുംബത്തോടുള്ള അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ പാവനാത്മാവിനു നിത്യശാന്തി ആശംസിക്കുകയും ചെയ്തുകൊള്ളുന്നു. R. I. P.

---

യ കഴിവുകൾ വേണ്ടവിധത്തിൽ പ്രയോഗിച്ച് ഇന്ത്യയിലാകമാനം ക്രിസ്തുവിന്റെ രാജ്യം പ്രചരിപ്പിക്കുന്നതിനു നല്ല ദൈവം നമ്മുടെ ജനത്തേയും എന്നെയും അനുഗ്രഹിക്കട്ടെ എന്നാണ് എന്റെ വിനീതവും തീക്ഷ്ണവുമായ പ്രാർത്ഥന.

ക്രിസ്തുനാഥൻ വിജയിക്കട്ടെ!
പരിശുദ്ധ പാപ്പാ വാഴട്ടെ!
ഭാരതം വിരാജിക്കട്ടെ!


## പഞ്ചവത്സര മാസക്കുറി

(Sanction No. D. Dis. 8286/55/RD. DTD. 10—1—'56)

60 നമ്പ്ര്—നമ്പ്ര് ഒന്നിന് 10 നറുക്ക്—നറുക്കൊന്നിന് 100 ക.

### ആകെ സല 60,000 രൂപാ

4 നറുക്ക്—എടുപ്പ്. 6 നറുക്ക്—ലേലം

സ്ഥിരപലിശ 3,800 ക. ബോണസ്സ് 1,800 ക.

(ബോണസ്സ് ഓരോ തവണയും കൃത്യമായി പണമടയ്ക്കുന്നവർക്കു സമമായി വീതിക്കുന്നതാണ്)

തലയാൾ കമ്മീഷൻ 1·66% മാത്രം.

പ്രസ്തുത കമ്മീഷനിൽനിന്നും 3,000 ക. ബാങ്ക് റിസർവ്വ് ചെയ്യുന്നതും 60 തവണയും ബോണസ്സിന് അർഹരായ ടിക്കററുകാർക്ക് ഉലുവായി വീതിച്ചു സമ്മാനമായി കൊടുക്കുന്നതുമാണ്.

സ്ഥിരപലിശയും ലേലാദായവും ഒന്നിച്ച് ആനുപാതികമായി വീതിക്കുന്നതാണ്.

600 രൂപാ മുതൽ 3—2—0 യുടെ അംശം വരെ ആർക്കും ചേരാവുന്നതും, വിളിച്ചെടുക്കാവുന്നതുമാകുന്നു.

സലവിവരം

| നറുക്കു സംഖ്യ | | സല | കമ്മീഷൻ | സ്ഥിരപലിശ | ബോണസ്സ് | ചിററാളിനു് കിട്ടുന്നസംഖ്യ |
|---|---|---|---|---|---|---|
| A (1×6) | 600 | 36,000 | 600 | 2,280 | 1,080 | 32,040 |
| B (1×5) | 500 | 30,000 | 500 | 1,900 | 900 | 26,700 |
| C (1×4) | 400 | 24,000 | 400 | 1,520 | 720 | 21,360 |
| D (1×3) | 300 | 18,000 | 300 | 1,040 | 580 | 16,020 |
| E (1×2) | 200 | 12,000 | 200 | 760 | 360 | 10,680 |
| F (1) | 100 | 6,000 | 100 | 380 | 180 | 5,340 |
| G (1/2) | 50 | 3,000 | 50 | 190 | 90 | 2,670 |
| H (1/4) | 25 | 1,500 | 25 | 95 | 45 | 1,335 |
| I (1/8) | 12/8 | 750 | 12/8 | 47/8 | 22/8 | 667/8 |
| J (1/16) | 6/4 | 375 | 6/4 | 23/12 | 11/4 | 333/12 |
| K (1/32) | 3/2 | 187/8 | 3/2 | 11/14 | 5/10 | 166/14 |

ആദ്യലേലവും നറുക്കെടുപ്പും

1956 ഏപ്രിൽ 7-ാംനു- ശനിയാഴ്ച 4 മണിക്ക്

(എറണാകുളം ബ്രാഞ്ചിൽവെച്ച്)

തലവരിയോലക്കും കൂടുതൽ വിവരങ്ങൾക്ക്.

THE FEDERAL BANK LTD.

ഫെഡറൽ ബാങ്ക് ക്ലിപ്തം

ഹെഡ് ആഫീസ്-ആലുവാ (PHONE 61)

ബ്രാഞ്ചുകൾ:- അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ

PHONE:- P.C.O 36 283 12

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || FEBRUARY 29, ERNAKULAM || No. 29


## തലശ്ശേരിമെത്രാൻ മോൺ. വള്ളോപ്പിള്ളി തിരുമേനിക്കു സ്വാഗതം

അടുത്തകാലത്തു സ്ഥാപിതമായ തലശ്ശേരിരൂപതയുടെ പ്രഥമമെത്രാൻ മാറൻ റവ. ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു് നിത്യനഗരത്തിൽവച്ചു് ജനുവരി 8-ാംനു പൗരസ്ത്യതിരുസംഘത്തിന്റെ സിക്രട്ടറി അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനിയിൽനിന്നു അഭിഷേകം സ്വീകരിച്ചു്, പരിശുദ്ധ പിതാവിനെ മുഖംകാണിച്ചു്, യൂറോപ്പിലെ പല പ്രഖ്യാതങ്ങളായ തീർത്ഥസ്ഥലങ്ങളും സന്ദർശിച്ചു് സസുഖം മടങ്ങിയെത്തി രൂപതയുടെ ഭരണഭാരം ഔദ്യോഗികമായി ഏറെറടുക്കുന്ന ഈ ശുഭാവസരത്തിൽ ഹൃദയംഗമമായ സ്വാഗതവും സുഭഗമായ ആശംസകളും തിരുമേനിക്കു ഞങ്ങൾ നേർന്നുകൊള്ളട്ടെ. തലശ്ശേരിരൂപതാസ്ഥാപനവും, അതേത്തുടർന്നുണ്ടായ കേരളസുറിയാനിഹയരാർക്കിയുടെ അതിർത്തിവികസനവും കേരളസഭാചരിത്രത്തിൽ അനിതരസാധാരണമായ പുരോഗതിയെ കുറിക്കുന്ന മഹാസംഭവങ്ങളാണെന്നുള്ളതു വിശദമാണല്ലോ. ഈ സംഭവങ്ങളോടു അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന മോൺ: വള്ളോപ്പിള്ളി തിരുമനസ്സിലെ നാമധേയം ചരിത്രപക്ഷങ്ങളിൽ താരസമാനം പ്രശോഭിക്കുമെന്നുള്ളതും നിസ്തർക്കമാണു്. പരിവർത്തനം പ്രാപിച്ചുകൊണ്ടിരിക്കുന്ന പരിതസ്ഥിതികളുടെ പ്രാധാന്യത്തിനനുസരിച്ചു് പരിലസിക്കുന്നതിനു സർവ്വഥാ പ്രാപ്തിയുള്ള ഒരു വ്യക്തിത്വമാണു് തിരുമേനിക്കു ദൈവം പ്രദാനംചെയ്തിട്ടുള്ളതു്. തിരുമേനി നീണാൾ വിരാജിക്കട്ടെ!

1953 ഡിസമ്പർ 31-ാം തീയതിയിലെ പേപ്പൽ തിരുവെഴുത്തു മൂലം തലശ്ശേരിരൂപത സ്ഥാപിതമായതും, മോൺ: വള്ളോപ്പിള്ളിയെ അതിന്റെ അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്കായായി നിയമിച്ചതും, 1955 ഒക്ടോബർ 16-ാം തീയതിയിലെ തിരുസിംഹാസനത്തിൽനിന്നുള്ള ബൂളാവഴി അദ്ദേഹത്തെ തലശ്ശേരിരൂപതയുടെ പ്രഥമമെത്രാനായി കല്പിച്ചുനിയമിച്ചതും, 1956 ജനുവരി 8-ാംനു റോമിലെ സെൻറ് പീറേറഴ്സ് ബസ്ലിക്കായിൽവച്ചു തിരുമേനി അഭിഷേകം സ്വീകരിച്ചതും, മാർച്ച് 1-ാംനു മടങ്ങിയെത്തി ബൂളാപ്രഖ്യാപനവും സ്ഥാനാരോഹണവും നിർവ്വഹിക്കുന്നതും തലശ്ശേരി രൂപതാചരിത്രത്തിന്റെ ആദ്യഏടുകളിലെ മഹാസംഭവങ്ങളായി പരിലസിക്കുന്നതാണു്. തുടർന്നു മഹത്തായ ഒരു ചരിത്രം സൃഷ്ടിക്കുന്നതിനുള്ള ചുമതലകളാണു് അഭിനവാഭിഷിക്തനായ തിരുമേനിയുടെ ചുമലുകളിൽ വന്നുചേർന്നിരിക്കുന്നതു്. അതിന്റെ വ്യാപ്തിയും വൈപുല്യവും രൂപതയുടെ രണ്ടുകൊല്ലത്തെ ഭരണപരിചയത്തിൽനിന്നു തിരുമേനിക്കു ധാരാളം മനസ്സിലാക്കുന്നതിനു സാധിച്ചിട്ടുണ്ടു്. തിരുമേനിയുടെ മെത്രാഭിഷേകം കഴിഞ്ഞ അന്നുതന്നെ വത്തിക്കാൻ റേഡിയോവിലൂടെ തിരുമേനി നിർവ്വഹിച്ച പ്രക്ഷേപണപ്രസംഗത്തിൽ ഈ വസ്തുത സമുചിതമായി പ്രതിപാദിക്കുകയും അത്മധൈര്യത്തോടും ശുഭാപ്തിവിശ്വാസത്തോടുംകൂടി അവയെ നേരിടുന്നതിനുള്ള ദൃഢചിത്തതയെ വെളിവാക്കുകയും ചെയ്തിട്ടുണ്ടു്. അവിടുത്തെ പദ്ധതികളും പ്രവർത്തനങ്ങളും വിജയപ്രദമായിത്തീരട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.

കേരളസുറിയാനി ഹയരാർക്കിയിലെ ഈ പിഞ്ചുസൂനം പ്രഫുല്ലമാകുന്നതിനു എല്ലാവരുടേയും ഉദാരമായ സഹകരണം അത്യന്താപേക്ഷിതമാണു്. ഹയരാർക്കിയുടെ വാടാവിളക്കും ധീരദേശാഭിമാനിയുമായിരുന്ന അതിന്റെ പ്രഥമമെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമനസ്സുകൊണ്ടു് ഈ ഘട്ടത്തിൽ ദിവംഗതനായതു അപരിഹാര്യമായ ഒരു നഷ്ടമായി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേത്. സർവ്വജ്ഞനായ ദൈവത്തിന്റെ വഴികൾ ആരറിയുന്നു! എന്നാൽ അതിവന്ദ്യ പിതാവിന്റെ കാര്യത്തിലും തലശ്ശേരിരൂപതയ്ക്കും അതിന്റെ കൊച്ചുമെത്രാനായ മോൺ. വള്ളോപ്പിള്ളി തിരുമേനിക്കും ഏന്നെന്നും സംതൃപ്തിയോടുകൂടി അനുസ്മരിക്കാവുന്നതും യഥാർത്ഥം അഭിമാനിക്കാവുന്നതുമായ ചില സംഭവങ്ങളുണ്ടു്. മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ ആയുഷ്കാലപരിശ്രമത്തിന്റെ മകുടം ചാർത്തിയ ഈ മഹാസംഭവങ്ങളെല്ലാം കൺകുളിർക്കെ കണ്ടാനന്ദിച്ചുകൊണ്ടാണു് കൃതജ്ഞതാബദ്ധനായി അവിടുത്തെ പാവനാത്മാവിനെ ദൈവകരങ്ങളിൽ ആ വിശ്വസ്തദാസൻ സമർപ്പിച്ചതു്. തലശ്ശേരിരൂപതാശിശുവിന്റെ "ബഞ്ചമിൻ മെത്രാൻ" നിത്യനഗരത്തിൽവച്ചു അഭിഷേകം സ്വീകരിച്ചുകൊണ്ടു ആ പിതാവിനെ അനുസ്മരിച്ചു അവിടുത്തെ സേവനങ്ങളെ ലോകത്തോടു കീർത്തിച്ചതായ ആ പ്രഭാഷണം എന്തെന്തു വികാരങ്ങൾ ആ വൃദ്ധഹൃദയത്തിൽ ഉളവാക്കിയിരിക്കണം. പിതാവു മരണശ്വാസം വലിക്കുന്ന അന്ത്യനിമിഷത്തിൽ അവിടുത്തേപ്പററി പരിശുദ്ധ മാർപ്പാപ്പായുടെ സന്നിധിയിൽ ഉണർത്തിക്കുകയും അങ്ങു പ്രത്യേകതരമായ അനുഗ്രഹങ്ങൾ പിതാവിനുവേണ്ടി പ്രാപിക്കുകയും ചെയ്ത സംഭവം അനിതരസാധാരണമായ ദൈവപരിപാലനയുടെ പ്രത്യക്ഷോദാഹരണമായി കരുതാവുന്നതാണു്. മെത്രാപ്പോലീത്താച്ചനുവേണ്ടി റോമിൽ ഒരു പൊന്തിഫിക്കൽറാസ നടത്തുന്നതിനു മോൺ. വള്ളോപ്പിള്ളിതിരുമേനിക്കു സാധിച്ചതും ഒരസാധാരണസംഭവമായിരിക്കുന്നു. ദൈവപരിപാലനയുടെ വിസ്മയാവഹമായ പ്രവർത്തനങ്ങൾ ഒത്തിണങ്ങുന്നു എന്നതാണു് ഇവിടെ നാം കാണുന്നതു്. മെത്രാപ്പോലീത്താച്ചൻ തിരുമേനി സ്വർഗ്ഗത്തിലിരുന്നു തലശ്ശേരി രൂപതാശിശുവിനെ സസ്നേഹം സഹായിക്കാതിരിക്കയില്ല.

എന്തെല്ലാം വിധത്തിലാണു് കർത്തവ്യബോധത്തോടുകൂടി എല്ലാവരും തലശ്ശേരിഅഭിനവരൂപതയുടെ ആവശ്യങ്ങളിൽ സഹായിക്കുകയും സഹകരിക്കുകയും ചെയ്യേണ്ടതെന്നു ഒന്നിലധികം അവസരങ്ങളിൽ ഞങ്ങൾ ഈ പംക്തികളിൽ പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടു അവയെ ഇവിടെ ആവർത്തിക്കുന്നില്ല. ഒരിക്കൽക്കൂടി ഏതത് കാര്യനിർവ്വഹണത്തിനുവേണ്ടി എല്ലാവരുടേയും ശ്രദ്ധയെ മഹത്തായ ഈ അവസരത്തിൽ ക്ഷണിക്കുകമാത്രം ചെയ്തുകൊള്ളുകയാണു്. ഞങ്ങൾ അന്യത്ര ചേർത്തിട്ടുള്ള മെത്രാനച്ചൻ തിരുമനസ്സിലെ പ്രസംഗത്തിലേക്കു മാന്യവായനക്കാരുടെ സവിശേഷമായ ശ്രദ്ധയെ ക്ഷണിക്കുകയും അതിൽ തിരുമേനി ഉള്ളടക്കിയിട്ടുള്ള അഭിലാഷങ്ങളേയും പ്രതീക്ഷകളേയും സാക്ഷാൽക്കരിക്കുന്നതിനുള്ള സംരംഭത്തിൽ നാമെവരുടേയും കഴിവുകളുടെ പരമാവധി സംഭാവനചെയ്യുന്നതിനു തയ്യാറാകണമെന്നു് ആഹ്വാനം ചെയ്യുകയും ചെയ്തുകൊള്ളുന്നു. നമ്മുടെ പുരോഗമനചരിത്രത്തിന്റെ ഒരദ്ധ്യായമാണു് ഇറക്കപ്പെട്ടിരിക്കുന്നതു്. അതു ഭാസുരമാക്കിച്ചെയ്യുന്നതിനുള്ള കടമ നമ്മുടേതാണു്. സർവ്വവിധത്തിലുമുള്ള നമ്മുടെ സഹകരണം അതു നിർവ്വഹിക്കുന്നതിനു നമ്മെ പ്രാപ്തരാക്കട്ടെ.

തലശ്ശേരിമെത്രാൻ മോൺ. വള്ളോപ്പിള്ളി വിജയിപ്പൂതാക!

## പ്രസാധകക്കുറിപ്പുകൾ

### ഇരുമ്പുമറയ്ക്കു പുറകിലെ കമ്മ്യൂണിസ്റ്റ കവർച്ചകൾ

ഇരുമ്പുമറയ്ക്കു പുറകിലുള്ള രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റുകൾ നടത്തുന്ന തൊഴിലാളിചൂഷണത്തിന്റെ നിരവധി ദൃഷ്ടാന്തങ്ങൾ ഈയിടെ റോമിൽ സമ്മേളിച്ച ട്രേഡ്യൂണിയൻ നേതാക്കന്മാരുടെ അനുഭവസാക്ഷ്യങ്ങളിൽനിന്നു വിശദീകരിക്കപ്പെടുകയുണ്ടായി. കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിൽ തൊഴിലാളിപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ഈ നേതാക്കന്മാരെല്ലാം ഇപ്പോൾ അതതുരാജ്യങ്ങളിൽനിന്നു രക്ഷപെട്ടു വിദേശങ്ങളിൽ കഴിഞ്ഞുകൂടുകയാണു്. സ്വതന്ത്ര ഇററാലിയൻ ക്രിസ്ത്യൻ ഡെമോക്രാററിക്ക സംഘടനയും പുറരാജ്യങ്ങളിൽ വസിക്കുന്ന യൂണിയൻ നേതാക്കന്മാരുടെ സാർവ്വദേശീയ സോഷ്യൽ ഡെമോക്രാററിക്ക സെൻററും സ്വതന്ത്രട്രേഡ്യൂണിയന്റെ സാർവ്വദേശീയ കോൺഫെഡറേഷനും മുൻനിന്നാണു് ഈ കോൺഫറൻസ് വിളിച്ചുകൂട്ടിയതു്. ഫെബ്രുവരി 4-ാംതീയതി മുതൽ 3 ദിവസത്തേക്കു കോൺഫറൻസ് നടന്നു. കോൺഫറൻസിന്റെ പ്രാരംഭത്തിൽ ഇററാലിയൻ ലേബർ മിനിസ്ട്രിയുടെ അണ്ടർസിക്രട്ടറി പ്രതിനിധികളെ അഭിസംബോധനചെയ്തതു ഇപ്രകാരമായിരുന്നു: "സ്വാതന്ത്ര്യവും നീതിബോധവും തമ്മിലുള്ള ഗാഢമായ ബന്ധത്തെ സംബന്ധിക്കുന്ന വിഷയത്തിൽ ജീവത്സാക്ഷികളാണു് നിങ്ങൾ. സ്വാതന്ത്ര്യമില്ലാത്ത ഒരന്തരീക്ഷത്തിൽ നീതിയെ കൈവരുത്താമെന്നു വിചാരിക്കുന്നതു് ഒരു വെറും മിഥ്യാഭിലാഷമാണു്. അതുകൊണ്ടു ഒരു ഡെമോക്രാററിക്ക് ട്രേഡ്യൂണിയൻപ്രസ്ഥാനം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യാവുന്ന സ്ഥിതിവിശേഷം സംരക്ഷിക്കുന്നതിനു എല്ലാ സ്വതന്ത്രജനവിഭാഗങ്ങളും സർവ്വ കഴിവുകളും ഉപയോഗിച്ചു പരിശ്രമിക്കണം."

റുമേനിയാക്കാരനായ എഫ്ടിമിക്ക് ഷെർമാൻ റുമേനിയൻ സോവ്യററു സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ വിശദീകരിച്ചു. സഹകരണത്തിന്റെ പേരിൽ ഉപഗ്രഹരാജ്യങ്ങളിൽനിന്നും അവയുടെ ഉൽപന്നങ്ങളെ സോവ്യററുയൂണിയനിലേക്കു നിരന്തരം പമ്പുചെയ്തുകൊണ്ടിരിക്കുകയാണെന്നും ഈ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യം സോവ്യററു സാമ്പത്തികനില സുരക്ഷിതമാക്കുന്നതിനു റുമേനിയായിലെ ആളുകളേയും സാമ്പത്തികകഴിവുകളേയും ഉപയോഗപ്പെടുത്തുക മാത്രമാണെന്നും അദ്ദേഹം വിശദമാക്കി. ബൾഗേറിയായിലേയും, ഹങ്കറിയിലേയും പോളണ്ടിലേയും, റുമേനിയായിലേയും, ചെക്കോസ്ലോവാക്കിയായിലേയും, എസ്റ്റോണിയായിലേയും, യുക്രയിനിലേയും തൊഴിലാളിനേതാക്കന്മാർ കമ്മ്യൂണിസ്റ്റുകൾ ട്രേഡ്യൂണിയനുകൾ പിടിച്ചടക്കുന്നതിന്റേയും, തൊഴിലുകൾ നിർബന്ധിതമാക്കുന്നതിന്റേയും രഹസ്യങ്ങൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തി. പോളിഷ് ട്രേഡ്യൂണിയൻ നേതാവായിരുന്ന വ്ളഡിസ്ലാമി ചുലാക്കു പറഞ്ഞതു്, "ഇന്നു പോളണ്ടിൽ നടക്കുന്ന തൊഴിലാളികൾക്കെതിരായുള്ള കവർച്ചകൾക്കു ഈജിപ്തിൽ ഫറവോമാരുടെ കാലത്തു നടന്ന ചൂഷണങ്ങൾ മാത്രമേ കിടനില്ക്കുകയുള്ളു" എന്നാണു്. 1923 മുതൽ 33 വരെ യുക്രയിൻ പ്രദേശങ്ങളിൽനിന്നു സോവ്യററുകാർ ധാന്യങ്ങൾ കടത്തിക്കൊണ്ടു പോരുകയും, അവിടെ അകാരണമായി ക്ഷാമം സൃഷ്ടിക്കുകയും ചെയ്തു. അതിന്റെ ഫലമായി 60 ലക്ഷത്തോളം പേർ പട്ടിണികിടന്നു മരിച്ചു എന്നു യുക്രയിൻ സ്വദേശിയായ പി. ഫെഡെൻകോ പ്രസ്താവിച്ചു. ഹങ്കറിയിൽ വ്യാവസായികരണപദ്ധതി നടപ്പാക്കുവാൻ കമ്മ്യൂണിസ്റ്റുകൾ നിരവധി തൊഴിലാളികളെ നിർബന്ധപൂർവ്വം റിക്രൂട്ടുചെയ്യുകയുണ്ടായി. ഈ നടപടി നാസികളുടേതിനേക്കാൾ കൂടുതൽ മൃഗീയമായിരുന്നു എന്നാണു് ഹങ്കേറിയൻ പ്രതിനിധി അൻഡേസ്ലേം പോൾ പറഞ്ഞതു്. എസ്റ്റോണിയൻ യൂണിയനുകളുടെ കോൺഫെഡറേഷന്റെ മുൻ ജനറൽ സിക്രട്ടറിയായിരുന്ന ജൊഹന്നസ് മെക്കൽസൺ റിപ്പോർട്ടു ചെയ്തു; സോവ്യററു ഗവൺമെണ്ടു ബാൾട്ടിക്കുപ്രദേശം ആക്രമിച്ചു കീഴ്പ്പെടുത്തിയശേഷം അതു ചൂഷണത്തിന്റെ ഒരു രംഗമാക്കിയെന്നും, കമ്മ്യൂണിസ്റ്റധീനത്തിലുള്ള ബാൾട്ടിക്കു പ്രദേശത്തു ട്രേഡ്യൂണിയനുകളുടെ നിയന്ത്രണം സംബന്ധിച്ചു തൊഴിലാളികൾക്കു യാതൊരഭിപ്രായവും പ്രകടിപ്പിക്കാൻ അനുവദിക്കപ്പെടുന്നില്ലെന്നും. ബൾഗേറിയായിലെ പത്രപ്രവർത്തകരുടെ നേതൃിയായിരുന്ന മിസ്സ് കിൽക്കാക്രൂവസ് ഇങ്ങനെ പ്രസംഗിച്ചു:- "കമ്മ്യൂണിസ്റ്റുരാഷ്ട്രങ്ങൾ സ്ത്രീകളുടെ സമത്വത്തെപ്പററി പറയുമ്പോൾ ഗ്രഹിക്കേണ്ടതു്, അവർ രാഷ്ട്രീയമായ അടിമത്തത്തിൽ മാത്രമല്ല സാമ്പത്തികമായ അടിമസ്ഥിതിയിലും സമമാണെന്നാണു്. അവർക്കു ചുമടു ചുമക്കുന്ന മൃഗങ്ങളുടെ സ്ഥാനമേയുള്ളു. ഒരിക്കലും മതിയാകാത്ത വരുമാനമുള്ള ദുർഭഗരായ അടിമകൾ!"

ഇതാണു് കമ്മ്യൂണിസ്റ്റ് സ്വർഗ്ഗത്തിലെ സൗഭാഗ്യം. വെറും മിഥ്യയായ വ്യാമോഹം കൊണ്ടു സ്വാതന്ത്ര്യത്തെ അടിയറവെച്ച ദുർഭഗരാജ്യങ്ങൾക്കു വന്നുചേർന്ന അനുഭവം, അവിടത്തെ നേതൃത്വം വഹിച്ചിരുന്നവരുടെ സാക്ഷ്യങ്ങളിൽനിന്നുതന്നെ മനസ്സിലാക്കുമ്പോൾ ഏതാദൃശമായ അബദ്ധം നമുക്കു വന്നുചേരാതിരിപ്പാൻ കരുതലുള്ളവരായിരിക്കേണ്ടതിന്റെ ആവശ്യകത സ്വയം സ്പഷ്ടമാകുന്നുണ്ടല്ലോ.

* * *

### ‘സ്വതന്ത്ര്യൂറോപ്യൻ റേഡിയോ’ ഇരുമ്പുമറയ്ക്കുള്ളിൽ മുഴങ്ങുന്നു

മ്യൂനിച്ച് ആസ്ഥാനമാക്കി പ്രവർത്തിച്ചുപോരുന്ന "റേഡിയോ ഫ്രീയൂറോപ്പ്" പ്രസ്ഥാനം ഇരുമ്പുമറയ്ക്കു പുറകിൽ ബാഹ്യലോകവുമായുള്ള ബന്ധങ്ങൾ മുറിക്കപ്പെട്ട കമ്മ്യൂണിസ്റ്റ് യാതനകൾക്കടിമപ്പെട്ടു കഴിഞ്ഞുകൂടുന്ന ജനങ്ങൾക്കു പ്രകാശം വിതരുന്നതിൽ ഫലപ്രദമായി സേവനമനുഷ്ഠിച്ചുപോരുന്നുണ്ടു്. ദിവസത്തിൽ 20 മണിക്കൂറും ഈ കേന്ദ്രം ലോകവാർത്തകൾ അവരെ അറിയിച്ചുകൊണ്ടിരിക്കുന്നു. വാർത്താവിതരണത്തിൽ റേഡിയോ സന്ദേശങ്ങൾ മാത്രമല്ല ഈ പ്രസ്ഥാനംമൂലം ഇരുമ്പുമറ മുറിച്ചു കയറുന്നതു്. നെടുനീളമുള്ള അതിർത്തിപ്രദേശങ്ങളിൽനിന്നും അനുകൂലമായ കിഴക്കൻ കാററിൽ നിരവധി ബലൂണുകൾ ഉയർന്നു വിസ്തൃതമായ ഈ കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളുടെ അന്തരീക്ഷത്തിലേക്കു പറക്കുന്നു. നിശ്ചിതസ്ഥലങ്ങളിലെത്തുമ്പോൾ അവയിൽ നിക്ഷേപിച്ചിട്ടുള്ള മഞ്ഞുകട്ടകളുടെ സഹായത്താൽ ബലൂണുകൾ തകരുകയും വർത്തമാനപ്പത്രങ്ങളും മററു പ്രസിദ്ധീകരണങ്ങളും നിറച്ചിട്ടുള്ള പെട്ടികൾ നിലത്തുവീണു തകരുകയും ചെയ്യുന്നു. മർദ്ദിതലക്ഷങ്ങൾക്കുള്ള ഈ "മന്നാ"വിതരണം കമ്മ്യൂണിസ്റ്റുകളെ വിരളിപിടിപ്പിക്കുകയാണു്. വഞ്ചനാത്മകമായ അവരുടെ പ്രവർത്തനങ്ങളെ തോലുരിഞ്ഞു കാണിക്കുന്ന ഈ പ്രസിദ്ധീകരണങ്ങളെ കമ്മ്യൂണിസ്റ്റുകൾ അത്യധികം ഭയപ്പെടുന്നു. നിരവധി സംഘങ്ങൾതന്നെ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ടു് ഇവയെല്ലാം ശേഖരിച്ചു നശിപ്പിക്കുന്നതിനു്. എങ്കിലും ഈ വിജ്ഞാനവിതരണപ്രസ്ഥാനം മർദ്ദിതലക്ഷങ്ങളുടെ കണ്ണുതുറപ്പിക്കുവാൻപോരുന്ന മഹത്തായ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണു്. കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ റേഡിയോവഴി നടത്തുന്ന പ്രചാരണപ്രസംഗങ്ങളും പ്രസ്താവനകളും ഈ പ്രസ്ഥാനക്കാർ കുറിച്ചെടുത്തു അവയ്ക്കുള്ള പ്രത്യുത്തരങ്ങളാണു പൊതുജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുന്നതു്.

## അടുത്തയാഴ്ചയിൽ

മാർച്ച്

1 വ്യാ: വി. അൽബീനൂസ്
2 വെ: കർത്താവിന്റെ തിരുവസ്ത്രം
3 ശ: വി. മരീനൂസ്
4 ഞ: നോമ്പു 3-ാം ഞായർ
5 തി: വി. ലൂസിയോസ്
6 ചൊ: വി. ക്യൂറില്ലോസ്
7 ബു: വി. തോമ്മാസ് അക്വിനാസ്

### കത്തോലിക്കർക്ക് 6 സീററ്

ഇൻഡോനേഷ്യയിൽ ഈയിടെ നടന്ന പൊതുതിരഞ്ഞെടുപ്പിൽ കത്തോലിക്കാപാർട്ടിക്കു് ആറു സീററും ക്രിസ്ത്യൻപാർട്ടിക്കു് എട്ടു സീററും ലഭിച്ചിരിക്കുന്നു. ജനപ്രതിനിധിസഭയിൽ ആകെ 260 സീററുകളാണുള്ളതു്.

ആദ്ധ്യാത്മികവീഥി

## തപസ്സ് – കല്പിക്കപ്പെട്ടതു്

ദൈവത്തിന്റെ വത്സലമക്കളേ,

നാം നിത്യം ചെയ്യുന്ന ജോലിതന്നെ നന്നായി ചെയ്യുന്നതിനു വേണ്ടിവരുന്ന അദ്ധ്വാനം തപസ്സായി രൂപാന്തരപ്പെടുത്താമെന്നു കഴിഞ്ഞ ലക്കത്തിൽ പറയുകയുണ്ടായല്ലോ. എന്നാൽ അവകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഭക്ഷണസംബന്ധമായി ചില തപക്രിയകൾകൂടി ചെയ്യണമെന്നു തിരുസഭ നമ്മോടു വലിയ നോമ്പുകാലത്തു പ്രത്യേകം ആവശ്യപ്പെടുന്നുണ്ടു്. അതായതു് ബുധനാഴ്ചയും വെള്ളിയാഴ്ചയും മാംസവർജ്ജനവും വെള്ളിയാഴ്ച ഉപവാസവും.

നമ്മുടെ നാട്ടിന്റെ സ്ഥിതിക്കു രണ്ടു ദിവസത്തെ മാംസവർജ്ജനം അത്ര വിഷമമുള്ള കാര്യമല്ല. അതു ലംഘിക്കുന്നവരും വളരെ ചുരുങ്ങും. എന്നാൽ ഉപവാസത്തെ സംബന്ധിച്ചിടത്തോളം അത്രതന്നെ ശ്രദ്ധയുണ്ടോ എന്നു സംശയിക്കണം. അതു കുറെ ബുദ്ധിമുട്ടുള്ളതായതുകൊണ്ടു വെറും നിസ്സാര ഒഴികഴിവു പറഞ്ഞു ഉപേക്ഷിക്കാൻ ചിലർ പ്രേരിതരാകുന്നുണ്ടു്. വലിയ ദേഹാദ്ധ്വാനമുള്ള ജോലി ചെയ്യുന്നവർക്കും രോഗികൾക്കും മററു തക്കകാരണമുള്ളവർക്കും തിരുസഭതന്നെ ഉപവാസത്തിൽനിന്നു ഒഴിവുകൊടുക്കുന്നുണ്ടു്. അപ്രകാരമുള്ള മതിയായ കാരണം ഒന്നും കൂടാതെ ഉപവാസം ഉപേക്ഷിക്കുന്നവരെക്കുറിച്ചാണു ഇവിടെ പറയുന്നതു്.

"ഒരുനേരം നിന്നാൽ ക്ഷീണം തോന്നും, തലവേദനയുണ്ടാകും, ശക്തിയായ വിശപ്പു അനുഭവപ്പെടും, അതുകൊണ്ടു അതു സാധിക്കയില്ല" എന്നു ചിലർ പറയാറുണ്ടു്. കൊള്ളാം ആ തരത്തിലുള്ള വൈഷമ്യം കുറെ അനുഭവിക്കണമെന്നു കരുതിത്തന്നെയാണു് സഭ ഉപവസിക്കാൻ നമ്മോടു ആവശ്യപ്പെടുന്നതു്. അനുവദനീയമല്ലാത്ത സന്തോഷങ്ങൾ അനുഭവിച്ച ശരീരം കുറെ ക്ലേശങ്ങൾ സഹിച്ചുതന്നെ അവയ്ക്കു പരിഹാരം ചെയ്യുകയെന്നുള്ളതു കേവലം നീതിമാത്രമാണു്.

ഇഹത്തിൽവച്ചു അപ്രകാരം പരിഹാരം ചെയ്യാൻ മടിക്കുന്നയാൾ പരത്തിൽവച്ചു ഇതിനേക്കാൾ വളരെമടങ്ങു ഉഗ്രമായ പീഡനങ്ങൾ സഹിച്ചു പരിഹാരം ചെയ്യേണ്ടിവരുമെന്നുള്ളതും പ്രത്യേകം ഓർത്തിരിക്കേണ്ടതാണു്. തിരുസഭ കല്പിച്ചിട്ടുള്ള ഒരു സംഗതിയാകയാൽ ഉപവാസം തക്കകാരണംകൂടാതെ ഉപേക്ഷിക്കുന്നപക്ഷം പഴയ പാപത്തിനു നിഷ്പ്രയാസം ചെയ്യാമായിരുന്ന പരിഹാരം ചെയ്യുന്നില്ലെന്നു മാത്രമല്ല ഒരു പുതിയ പാപത്തിൽ ഉൾപ്പെട്ടു കൂടുതലായ പീഡനത്തിനു പാത്രമാകുകകൂടിയാണു ചെയ്യുന്നതു്.

നേരെമറിച്ചു സഭയുടെ ആഗ്രഹാനുസരണം പഴയ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചുകൊണ്ടു ഉപവാസം അനുഷ്ഠിക്കുന്നപക്ഷം അവയുടെ പരിഹാരകടം വളരെ കുറയുമെന്നു മാത്രമല്ല പ്രസാദവരവർദ്ധനവും തദനുസരണം സ്വർഗ്ഗത്തിൽ കൂടുതലായി നിത്യഭാഗ്യവും ലഭിക്കും. അതിനാൽ അല്പം ക്ലേശിച്ചുകൊണ്ടുപോലും കല്പിക്കപ്പെട്ട ഉപവാസം കൃത്യമായി അനുഷ്ഠിക്കണമെന്നു പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

## ചരമം



പള്ളുരുത്തി മെസ്സേഴ്സ് വി. ഒ. വക്കൻ & സൺസ് കമ്പനിയുടെ ഉടമസ്ഥന്മാർ ശ്രീ വി. വി. ജോസഫ്, ജോബ്, ആന്റണി, ജോർജ് എന്നിവരുടെ മാതാവും ടി കമ്പനി സ്ഥാപകൻ പരേതനായ വി. ഒ. വക്കൻ അവർകളുടെ പത്നിയുമായ ശ്രീമതി മറിയം 1956 ഫെബ്രുവരി 24-ാംനു- വെള്ളിയാഴ്ച രാവിലെ 4-30 നു് ഹൃദ്രോഗംമൂലം 68-ാമത്തെ വയസ്സിൽ നിര്യാതയായി. ശവസംസ്കാരം 25-ാംനു- ശനിയാഴ്ച കാലത്തു് 8-30 നു് റൈററ് റവ. മോൺ: ജോർജ് വല്യാറമ്പത്തു് അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററനേകം വൈദികരുടേയും ബന്ധുമിത്രാദികളുടേയും ടി കമ്പനി തൊഴിലാളികളുടേയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടേയും സാന്നിദ്ധ്യത്തിലും സമാരംഭിച്ചു. പള്ളിയിൽവച്ചു റാസ കഴിഞ്ഞുള്ള സംസ്കാരകർമ്മങ്ങൾ എറണാകുളം അതിരൂപതാ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്റർ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി നിർവ്വഹിച്ചു. പരേതയുടെ പെൺമക്കൾ മിസ്സിസ് ത്രേസ്യാമ്മ സിറിയക്ക് നിധിയിരിയും, മിസ്സിസ് അന്നക്കുട്ടി ജോസഫ് പള്ളിവാതുക്കലും, മിസ്സ് കുഞ്ഞുകുഞ്ഞു് (മെഡിക്കൽകോളേജ് വിദ്യാർത്ഥിനിയു)മാകുന്നു. പരേതയുടെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

R. I. P.

## എം. സി. എസ്. എൽ. സമ്മർ ക്യാമ്പ് ലീഡർഷിപ്പ് കോഴ്സ്

(പ്രഫസർ പി. ടി. തോമസ്, പ്രസിഡന്റ്)

എം. സി. എസ്. എൽ. വാർഷികത്തോടനുബന്ധിച്ചു നടത്തപ്പെട്ട പ്രതിനിധിസമ്മേളനത്തിലെ തീരുമാനമനുസരിച്ചു ലീഗിന്റെ ആഭിമുഖ്യത്തിൽ ഇക്കൊല്ലം മുൻപതിവുപോലെ ഒരു സമ്മർ ക്യാമ്പും വിശേഷാൽ ഒരു ലീഡർഷിപ്പ് കോഴ്സും നടത്തപ്പെടുന്നതാണു്.

ഇവ രണ്ടും നടത്തുന്നതു് മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്കൂളിൽ വച്ചായിരിക്കും. അതിനുള്ള അനുവാദം ലീഗുഭാരവാഹികളുടെ അഭ്യർത്ഥനയനുസരിച്ചു മാന്നാനം കൊവേന്തയുടെ പെ. ബ. പ്രിയോരച്ചൻ സദയം നൽകിയിരിക്കുന്നു എന്നു സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു. മാന്നാനം കുന്നിന്റെ പ്രകൃതിസൗന്ദര്യവും, അവിടത്തെ ആരോഗ്യകരമായ താമസസൗകര്യങ്ങളും, പ്രശാന്തവും ഉന്മേഷജനകവുമായ അന്തരീക്ഷവും ക്യാമ്പുജീവിതത്തിന്റെ ആസ്വാദ്യതയ്ക്കു മാററു കൂട്ടുമെന്നുള്ളതിനു സംശയമില്ല.

വിദ്യാർത്ഥികളുടെ ആത്മീയവും, വൈജ്ഞാനികവും, സാംസ്കാരികവുമായ അഭിവൃദ്ധിയെ ഉന്നം വച്ചുകൊണ്ടാണു് സമ്മർ ക്യാമ്പും ലീഡർഷിപ്പ് കോഴ്സും ആസൂത്രണം ചെയ്തിട്ടുള്ളതു്. കത്തോലിക്കാ വിദ്യാർത്ഥികൾക്കു പ്രയോജനകരമായ വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രബോധനങ്ങൾ, കലാപരിപാടികൾ, കായികവിനോദങ്ങൾ, സേവനപരിപാടികൾ ഇവ സമുചിതമായി കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു പരിപാടിയാണു സമ്മർ ക്യാമ്പിന്റേതു്. വിശ്വാസം, പഠനം, പ്രയത്നം, എന്ന ലീഗിന്റെ മുദ്രാവാക്യത്തിനനുയോജ്യമായ ഒരു ക്രമീകൃതസാമൂഹ്യജീവിതപരിപാടിയാണു ക്യാമ്പിനുവേണ്ടി സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളതു്. ക്യാമ്പുജീവിതം വിദ്യാർത്ഥികൾക്കു പ്രയോജനകരമെന്നതുപോലെതന്നെ ആനന്ദകരമാക്കുവാനും വേണ്ട ഏർപ്പാടുകൾ ചെയ്യുന്നുണ്ടു്.

ലീഡർഷിപ്പ് കോഴ്സിന്റെ ലക്ഷ്യം സമ്മർക്യാമ്പിന്റേതിൽനിന്നും വിഭിന്നമാണു്. പ്രകൃത്യാതന്നെ നേതൃത്വവാസനയുള്ള വിദ്യാർത്ഥികൾക്കു ഏററവും കാര്യക്ഷമമായ പരിശീലനം നൽകി അവരവരുടെ വിദ്യാലയങ്ങളിലെ സാമൂഹ്യപ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കുവാൻ അവരെ പ്രാപ്തരാക്കുക എന്നതാണു് അതിന്റെ ഉദ്ദേശ്യം. വിദ്യാർത്ഥിനേതൃത്വത്തിന്റെ സിദ്ധാന്തപരവും പ്രായോഗികവുമായ വശങ്ങളെ ആധാരമാക്കിയുള്ള പ്രസംഗങ്ങളും ചർച്ചകളും ഉണ്ടായിരിക്കുന്നതാണു്. അതിനുപുറമേ വിദ്യാലയങ്ങളിലെ സാംസ്കാരികവും, കലാപരവും, സാമൂഹ്യവും, മതാത്മകവുമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻവേണ്ട വിദഗ്ദ്ധപരിശീലനവും നൽകപ്പെടുന്നതാണു്.

ലീഡർഷിപ്പ് കോഴ്സ് 1956 ഏപ്രിൽ 30 മുതൽ മേയ് 5 വരെയും സമ്മർക്യാമ്പ് മേയ് 5 മുതൽ 10 വരെയും ആണു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതു്. ലീഡർഷിപ്പ് കോഴ്സിൽ സംബന്ധിക്കുന്ന വിദ്യാർത്ഥികൾ തുടർന്നു സമ്മർക്യാമ്പിലും സംബന്ധിക്കേണ്ടതും, അവർക്കു ലഭിച്ചിട്ടുള്ള നേതൃത്വപരിശീലനം ക്യാമ്പിന്റെ സംവിധാനത്തിലും നടത്തിപ്പിലും പ്രയോജകീഭവിപ്പിക്കേണ്ടതുമാണു്. സമ്മർക്യാമ്പിന്റെ വിവിധ പരിപാടികളിൽ അവരുടെ വിദഗ്ദ്ധസേവനത്തിനുള്ള അവസരങ്ങൾ സുലഭങ്ങളായിരിക്കുന്നതുമാണു്.

ലീഡർഷിപ്പ് കോഴ്സ് നടത്തുന്നതു് ഇദംപ്രഥമമായിട്ടാകയാൽ ഇക്കൊല്ലം പ്രസ്തുത പരിപാടിയിൽ വിദ്യാർത്ഥികളെ (ആൺകുട്ടികളെ)മാത്രമേ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുള്ളു. എന്നാൽ സമ്മർക്യാമ്പിൽ മുൻപതിവനുസരിച്ചു കത്തോലിക്കരായ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും പ്രവേശനമുണ്ടായിരിക്കുന്നതാണു്.

ലീഡർഷിപ്പ് കോഴ്സിൽ സംബന്ധിക്കുന്ന ഓരോ വിദ്യാർത്ഥിയും 15 രൂപാ വീതം ഫീസ് അടയ്ക്കേണ്ടതാണു്. സമ്മർക്യാമ്പിൽ ചേരുന്നതിനു അവർ പ്രത്യേകം ഫീസ് അടയ്ക്കേണ്ടതില്ല. സമ്മർക്യാമ്പിൽ മാത്രം സംബന്ധിക്കുന്നതിനുള്ള ഫീസ് 8 രൂപയാണു്.

എം. സി. എസ്. എല്ലിന്റെ ശാഖകൾ ഇപ്പോൾ ഉള്ള ഹൈസ്കൂളുകൾക്കു മുൻഗണന നൽകുമെന്നിരുന്നാലും, മററു ഹൈസ്കൂളുകളിൽനിന്നുള്ള വിദ്യാർത്ഥികൾക്കും ലീഡർഷിപ്പ് കോഴ്സിലും സമ്മർ ക്യാമ്പിലും പ്രവേശനമുണ്ടായിരിക്കുന്നതാണു്. എന്നാൽ ലീഡർഷിപ്പ് കോഴ്സിനു ഓരോ ഹൈസ്കൂളിൽനിന്നും ഓരോ വിദ്യാർത്ഥിയെ വീതം സ്വീകരിച്ചാൽ മതി എന്നാണു തീരുമാനിച്ചിരിക്കുന്നതു്. ലീഡർഷിപ്പ് കോഴ്സിൽ ചേരുന്നതുകൊണ്ടു ശരിയായ പ്രയോജനം ലഭിക്കുമെന്നു സ്കൂൾ അധികൃതർക്കു ബോദ്ധ്യമുള്ളവരും, നേതൃത്വം വഹിക്കുവാൻ സ്വാഭാവികമായി വാസനയുള്ളവരുമായ വിദ്യാർത്ഥികളെ മാത്രമേ അതിനായി അയയ്ക്കാവൂ.

എം. സി. എസ്സ്. എൽ. ശാഖകൾ സ്ഥാപിച്ചു പ്രവർത്തനം നടത്തുന്ന ഹൈസ്കൂളുകളിൽ അടുത്ത വർഷത്തേക്കുള്ള ശാഖാസിക്രട്ടറിമാരെ ഈ സ്കൂൾ വർഷാവസാനത്തിനു മുൻപുതന്നെ തിരഞ്ഞെടുക്കണമെന്നാണു നിയമം. അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന ശാഖാസിക്രട്ടറിമാരെ അതാതു സ്കൂളുകളിൽനിന്നും ലീഡർഷിപ്പ് കോഴ്സിനയച്ചു പരിശീലിപ്പിക്കുന്നതു വളരെ പ്രയോജനകരമായിരിക്കും.

സമ്മർക്യാമ്പിൽ സംബന്ധിക്കുന്ന വിദ്യാർത്ഥിനികൾക്കു താമസത്തിനും, പഠനത്തിനും, കലാപരിശീലനത്തിനുംവേണ്ട പ്രത്യേക സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണു്.

ക്യാമ്പിലും ലീഡർഷിപ്പ് കോഴ്സിലും എത്രപേർവീതം സംബന്ധിക്കുമെന്നുള്ള വിവരം നേരത്തെ അറിയേണ്ടതു് അത്യാവശ്യമാകയാൽ സ്കൂളധികൃതന്മാർ ഓരോ വിഭാഗത്തിലും ചേരുവാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ പേരും, ക്ലാസും, അവധിക്കാലത്തെ മേൽവിലാസവും 1956 മാർച്ചുമാസം 10-ാംനു-ക്കുമുൻപായി റവ. ഫാദർ കോൺസ്റ്റന്റയിൻ ടി. ഒ. സി. ഡി. സെന്റ് ജോസഫ്സ് ആശ്രമം, മാന്നാനം, എന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കണമെന്നഭ്യർത്ഥിക്കുന്നു.

ലീഡർഷിപ്പ് കോഴ്സും സമ്മർക്യാമ്പും മുഖേന നമ്മുടെ വിദ്യാർത്ഥികളുടെ ഇടയിൽ മതത്തിൽ അധിഷ്ഠിതമായ ഒരു സംസ്കാരവും, സംഘടനാബലവും വളർത്തുവാനും, അവരുടെ നേതൃത്വം വഹിക്കുന്നതിനായി പ്രാപ്തന്മാരും സുശിക്ഷിതരുമായ വിദ്യാർത്ഥിനേതാക്കന്മാരെ മുന്നണിയിലേക്കു കൊണ്ടുവരാനും കഴിയുമെന്നാണു് ലീഗിന്റെ പ്രത്യാശ. ഈ പ്രസ്ഥാനത്തിനു് അഭിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാരുടെ പ്രോത്സാഹനവും പിൻതുണയും ലഭിക്കുന്നുണ്ടെന്നുള്ള വസ്തുതയും ഇവിടെ കൃതജ്ഞതാപുരസ്സരം രേഖപ്പെടുത്തിക്കൊള്ളുന്നു. പൊതുജനങ്ങളുടെ ഉദാരമായ സഹായവും, സ്കൂളധികൃതരുടെ ആത്മാർത്ഥമായ സഹകരണവും, വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ ധാരാളമായ ഭാഗഭാഗിത്വവുംമുഖേന ഈ സംരംഭം വിജയപര്യവസായിയായിത്തീരുമെന്നു പ്രത്യാശിക്കുകയും അതിനായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

—o—

## ഉന്നതതല സംഭാഷണം ഇന്ത്യയിൽവച്ചു

അടുത്ത മാർച്ചുമാസം ആദ്യത്തിൽ ബ്രിട്ടീഷ് വിദേശകാര്യസിക്രട്ടറി മി. സെൽവിൻ ലോയിഡ്, യു. എസ്സ്. സിക്രട്ടറി മി. ഡള്ളസ്, ഫ്റഞ്ച് വിദേശകാര്യമന്ത്രി മി. പിനൊ എന്നിവർ ഡൽഹി സന്ദർശിക്കുമ്പോൾ അവിടെവച്ചു അന്താരാഷ്ട്രീയപ്രശ്നങ്ങളെ സംബന്ധിച്ചു ഒരു ഉന്നതതലസംഭാഷണം നടക്കുന്നതാണെന്നു അറിയുന്നു. മി. ലോയിഡ് മാർച്ച 3-ാംതിയതിയും, മി. ഡള്ളസ് മാർച്ചു് 9-ാം തിയതിയും ഡൽഹിയിൽ എത്തുന്നതാണു്. പൂർവ്വപശ്ചിമസംഘർഷാവസ്ഥ, വിദൂരപൂർവ്വദേശപ്രശ്നങ്ങൾ, ഗോവയോടുള്ള യു. എസ്സ്. നയം, ഇൻഡോചൈനാക്കാര്യം ഇടങ്ങിയവ ചർച്ചാവിഷയങ്ങളാകുന്നതായിരിക്കും.


## വൈദികാർത്ഥികളോടു്

നിങ്ങൾക്കു് മഹത്തായ ആദർശങ്ങളും, ഈശ്വരസേവനസന്നദ്ധതയും, ആത്മരക്ഷയിൽ ശുഷ്കാന്തിയും, ആരോഗ്യവുമുണ്ടെങ്കിൽ അഹമ്മദ്ബാദ് ജസ്വിററ് മിഷനിലേയ്ക്കു് സ്വാഗതം. ഇക്കൊല്ലത്തെ സ്കൂൾഫൈനൽ പരീക്ഷയിൽ ജയിക്കുമെന്നു പ്രതീക്ഷയുള്ളവരെല്ലാം ഉടൻതന്നെ അപേക്ഷിക്കുക.

മേൽവിലാസം:-

V. Rev. Fr. Superior
St. Xavier's,
Ahmedabad—1

# വിവിധവൃത്താന്തങ്ങൾ

## ഇടവകവാർത്തകൾ

**വരാപ്പുഴ:** കർമ്മലീത്താ മൂന്നാംസഭയുടെ 4-ാമത്തു വാർഷികം വിവിധപരിപാടികളോടുകൂടി ഫെബ്രുവരി 16-ാംനു ആഘോഷിച്ചിരിക്കുന്നു. സ്കൂൾഹാളിൽവച്ചു ചേർന്ന പൊതുസമ്മേളനത്തിൽ തേവര കോളെജ് വൈസ്പ്രിൻസിപ്പാൾ റവ.ഫാദർ മർസിലിൻ സി ഡി എം എ അദ്ധ്യക്ഷതവഹിക്കുകയും, ശ്രീ കെ എം ജോസഫ് ബി എ, ബി എൽ, ശ്രീമതി സാറാ പോത്തൻ ബി എ, ബി എൽ എന്നിവർ പ്രസംഗിക്കുകയുമുണ്ടായി. കഥാപ്രസംഗം, നൃത്തകലാപ്രകടനം മുതലായവയും ഉണ്ടായിരുന്നു.

മൂന്നാംസഭയുടെ ആഭിമുഖ്യത്തിൽ റവ. ഫാ. ഫിലിപ്പ് ഒ സി ഡി അവർകളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള കുടിൽവ്യവസായമായ പനമ്പുനെയ്ത്തിന്റെ ഉൽഘാടനം തേവര കോളെജ് വൈസ്പ്രിൻസിപ്പാൾ റവ ഫാദർ മർസിലിൻ സി ഡി എം എ നിർവഹിച്ചിരിക്കുന്നു.

**ഇടപ്പള്ളി:** സ്ഥലത്തെ സെന്റ് ജോർജ്ജ് പള്ളിയിൽ ആണ്ടുതോറും നടത്തിവരാറുള്ള പൊതുധ്യാനം ഇക്കൊല്ലവും പതിവുപോലെ നോയമ്പിന്റെ രണ്ടാമത്തെ ആഴ്ചയുടെ ആരംഭത്തിൽ തുടങ്ങി, നാലുദിവസത്തെ ധ്യാനപ്രസംഗത്തിനുശേഷം വെള്ളിയാഴ്ചകൊണ്ടവസാനിച്ചു.

**എളമക്കര:** സ്ഥലം ശതാബ്ദജൂബിലി സ്മാരകകപ്പേളയിൽ വി. ലൂർദ്ദ്മാതാവിന്റെ തിരുനാൾ ഫെ.11-ാംനു സാഘോഷം കൊണ്ടാടി. ഇളപ്രമണിച്ച് പള്ളിയിൽനിന്നും കപ്പേളയിലേക്കു ആഘോഷമായ കാൻഡിൽ പ്രൊസഷനും, പാട്ടുകുർബാന, ലദീഞ്ഞ്, പ്രസംഗം മുതലായ തിരുകർമ്മങ്ങളും, ലീജിയൻ അംഗങ്ങളുടെ പ്രത്യേകപ്രാർത്ഥനയും ഉണ്ടായിരുന്നു.

## ചരമവാർത്തകൾ

**മുട്ടുചിറ:** ഈ ഇടവക മുരിക്കൻ മത്തായി പൈലോച്ചൻ 86-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം യഥാവിധി സ്വീകരിച്ച് ഫെ: 23-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം പിറ്റേദിവസം പരേതന്റെ സഹോദരീപുത്രൻ വെരി റവ ഫാദർ വില്യം ടി ഒ സി ഡി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും 50-ൽപ്പരം വൈദികരുടേയും വമ്പിച്ച ഒരു ജനക്കൂട്ടത്തിന്റെയും സഹകരണത്തിലും 3-30 നു സമാരംഭിച്ചു. വീട്ടിൽവച്ചു റവ ഫാദർ മത്തായി തെക്കേക്കര പരേതന്റെ മാതൃകാജീവിതത്തെ അനുസ്മരിച്ച് ഒരു പ്രസംഗംചെയ്തു. വിലാപയാത്ര ഇടവകദേവാലയത്തിൽ എത്തിച്ചേർന്നതിനുശേഷം എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക് റൈറ്റ് റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ട് ചരമപ്രഭാഷണം നിർവ്വഹിച്ചു. തുടർന്നു പാലാമെത്രാൻ റൈറ്റ് റവ ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി സംസ്കാരകർമ്മങ്ങൾ നിർവ്വഹിച്ചു. ദേവാലയസിമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കിയിരുന്ന കല്ലറയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. ഹൈക്കോടതി ജസ്റ്റി മി ജോസഫ് വിതയത്തിൽ, മുൻമന്ത്രി മി വി മാധവൻ ഇൻസ്പെക്ടർജനറാൾ ചന്ദ്രശേഖരൻനായർ അഡ്വക്കേറ്റുമാർ മുതലായ പല പ്രമുഖവ്യക്തികളും സംസ്കാരച്ചടങ്ങുകളിൽ പങ്കെടുത്തു. അഡ്വക്കേറ്റ് ജനറൽ മി മാത്യു മുരിക്കൻ, അഡ്വക്കേറ്റ് മി ജോർജ് പി മുരിക്കൻ, ബാങ്കർ മി ലൂക്കാ മുരിക്കൻ എന്നിവർ പരേതന്റെ പുത്രന്മാരാണ്.

**എറണാകുളം:** അഡ്വക്കേറ്റ് മി മാണി ജെ മീനാട്ടൂർ അവർകളുടെ ദ്വിതീയപുത്രനും തേവരകോളേജ് ജൂണിയർ ബി എ വിദ്യാർത്ഥിയുമായ ശ്രീ തോമസ് മീനാട്ടൂർ ഫെബ്രു: 21-ാം തീയതി രാവിലെ ടെററനസ് രോഗംമൂലം നിര്യാതനായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം രാവിലെ 11 മണിക്ക് എറണാകുളം മെത്രാപ്പോലീത്തൻപള്ളിസിമിത്തേരിയിൽ ചങ്ങനാശേരിമെത്രാൻ റൈററ് റവ ഡോക്ടർ മാത്യു കാവുകാട്ട് തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു. വീട്ടിൽവച്ചു തേവരകോളേജ് പ്രിൻസിപ്പാൾ വെരി റവ ഫാദർ സാലെസ് പരേതന്റെ ഗുണവിശേഷങ്ങളെ അനുസ്മരിച്ച് ചരമപ്രഭാഷണം നടത്തി. വിദ്യാർത്ഥികളും പൗരമുഖ്യരും അടക്കം ഒരു വലിയ ജനക്കൂട്ടം സംസ്കാരച്ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു. തേവരകോളേജിനു അന്നു ഒരു പൊതുഒഴിവുദിനമായിരുന്നു.

**പുളിങ്കുന്ന്:** പുളിംകുന്നു ഇടവക വാച്ചാപറമ്പിൽ ഇചങ്കൂട്ട ഇ വി ചെറിയാൻ ബി എ ബി എൽ ജനുവരി 7-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. പരേതൻ കനിമൂസ ബ: എബ്രഹാം ബർട്ടച്ചന്റെ ചിറാപ്പനാണ്.

**കറുകുററി:** പൈനാടത്തു പൗലോ കുഞ്ഞുവറീതിന്റെ ഭാര്യ ത്രേസ്യാ ഫെ: 4-ാംനു വൈകിട്ട് 58-ാംവയസ്സിൽ നിര്യാതയായി. ശവസംസ്കാരം സ്വപുത്രൻ ബ: ബസിലിയോസച്ചന്റെ പ്രധാനകാർമ്മികത്വത്തിൽ നടന്നു. റവ ഫാദർ ഫാബിയൂസ് ടി ഒ സി ഡി വീട്ടിൽവച്ചും റവ ഫാദർ ജോൺ പിണക്കാട്ട് പള്ളിയിൽവച്ചും ചരമപ്രസംഗങ്ങൾ നടത്തി.

**വകയാർ:** കത്തോലിക്കാപ്പള്ളി ഇടവക പുതുവേലിൽ(മൂലമുറിയിൽ) കൊച്ചുകോശി മറിയാമ്മ ഫെ: 5-ാംനു ഞായറാഴ്ച രാവിലെ തന്റെ 73-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരകർമ്മം അന്നുതന്നെ വൈകിട്ട് 5 മണിക്ക് പള്ളിസിമിത്തേരിയിൽ പ്രത്യേകം തയാർചെയ്തിരുന്ന കല്ലറയിൽ റവ ഫാദർ ജോസഫ് വട

## കുന്നൽ ബ. മത്തായി അച്ചൻ നിര്യാതനായി

പൊൻകുന്നം പള്ളി ഇടവക കുന്നേൽ ബ. മത്തായിഅച്ചൻ ഫെബ്രു: 20-ാംനു രാവിലെ 8 മണിക്ക് സ്ഥലം ദേവാലയത്തിൽ വച്ചു വി. കുർബാന അർപ്പിച്ചുകഴിഞ്ഞയുടനെ ബലിപീഠത്തിൽ വച്ചുതന്നെ പെട്ടെന്നു ചരമം

ക്കേക്രൂറു് അവർകളുടെ പ്രധാനകാർമ്മികത്വത്തിലും, റവ ഫാദർ തിവറുഗീസ് കുററിയിൽ അവർകളുടെ സഹകരണത്തിലും നടത്തപ്പെടുകയുണ്ടായി.

**ആജ്മീർ:** കടനാട്ടു സ്വദേശിയും, ആജ്മീർ പെററിസെമ്മിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന ആളുമായ ഈടാട്ടുകുന്നേൽ ഔസേപ്പ് അഗസ്റ്റിൻ ഫെബ്രു: 11-ാംനു കാലത്തു 10 മണിക്ക് ഒരു ഓപ്പറേഷനു വിധേയനായശേഷം ആസ്പത്രിയിൽവച്ചു അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം12-ാംനു കാലത്തു ആജ്മീർ മെത്രാൻ തിരുമനസ്സിന്റെ പ്രധാനകാർമ്മികത്വത്തിലും അനേകം വൈദികരുടേയും വൈദികവിദ്യാർത്ഥികളുടേയും കന്യാസ്ത്രീകളുടേയും ഒരു വലിയ ജനസഞ്ചയത്തിന്റെയും അകമ്പടിയോടുകൂടിയും നടത്തപ്പെട്ടു. ആജ്മീർ ഗവ: കോളേജ് പ്രിൻസിപ്പാൾ മി വി വി ജോണും കോളേജിലെ അനേകം മലയാളി വിദ്യാർത്ഥികളും ഇതിൽ പങ്കെടുക്കുകയുണ്ടായി.

ഉദ്ദേശം മൂന്നര വർഷങ്ങൾക്കുമുമ്പാണ് ഈ കുഞ്ഞുമിഷനറി നാടും വീടും വിട്ട് ഒരു മിഷനറിയാകുവാൻ വടക്കേ ഇന്ത്യയിലേക്കു വന്നതു്. മരിക്കുമ്പോൾ ഈ വിദ്യാർത്ഥിക്കു 18 വയസ്സു പ്രായമേ ഉള്ളൂ.

**അകപ്പറമ്പ്:** ഈ ഇടവക കുഞ്ഞമത്തി മത്തു ഭാര്യ കുഞ്ഞേല്യ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ 79-ാമത്തെ വയസ്സിൽ ഫെബ്രുവരി 22-ാംനു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം റവ ഫാദർ ബസ്സാരിയോൻ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും റവ ഫാദർ പോൾ പാറപ്പുറം അവർകളുടെയും മററു വൈദികരുടേയും സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു. പരേത റവ ഫാദർ പോൾ പാറപ്പുറം അവർകളുടെ സഹോദരിയും റവ ഫാദർ ബസ്സാരിയോൻ C D അവർകളുടെ പിതൃസഹോദരിയുമാണ്.

R. I. P.

## വിവാഹവാർത്ത

**കറുകുററി:** ശ്രീ മേച്ചേർപ്പാശേരി ചാക്കോലി അന്തോണിയുടെ മകൻ ദേവസ്സിക്കുട്ടിയും ശ്രീ തോട്ടുങ്ങ തോമ ജോസഫിന്റെ മകൾ കുമാരി മേരിയും തമ്മിലുള്ള വിവാഹം ഫെ: 6-ാംനു കറുകുററിപള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

## കടലിനടിയിൽ കപ്പേള

ഫ്റാൻസിൽ കോരട്ടെ ദെ അസ്സൂരിനടുത്തു സമുദ്രത്തിനടിയിൽ ഒരു പാറക്കെട്ടിലുള്ള വിശാലമായ ഗുഹയിൽ "അഗാധത്തിന്റെ നാഥ"യുടെ ഒരു പ്രതിമ സ്ഥാപിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സൗകര്യങ്ങളെല്ലാം ശരിപ്പെടുമ്പോൾ പ്രതിമ കടലിലേക്കാഴ്ത്തുന്നു. കൃത്രിമ ശ്വാസനത്തിനുവേണ്ട വായുവുപകരണങ്ങളോടുകൂടി മുങ്ങൽ വിദഗ്ദ്ധന്മാർ ഗുഹയുടെ അടിയിലെത്തി പ്രതിമ വേണ്ടവിധത്തിൽ ഉറപ്പിക്കുന്നതുമാണ്. ഉദ്ദേശം 100 അടി താഴ്ചയിലാണ് അതു സ്ഥാപിക്കുക. സമുദ്രാന്തർഭാഗത്തുള്ള ഈ ഗുഹയ്ക്കു ഒരു ദേവാലയത്തിന്റെ പ്രകൃതിയാണുള്ളതെന്നു മുങ്ങൽ വിദഗ്ദ്ധന്മാർ പറയുന്നു. അവർ അതിനെ വിളിക്കുന്നതുതന്നെ അന്തർ"കത്തീഡ്രൽ" എന്നാണ്. ഒരു കത്തീഡ്രൽ ദേവാലയത്തിലെ സ്റ്റെയിൻഡ് ഗ്ലാസ് വാതായനങ്ങളിൽ നിന്നെന്നവണ്ണം പാറക്കെട്ടുകളുടെ മുകൾപ്പരപ്പിലുള്ള വിടവുകളിലൂടെ സൂര്യപ്രകാശം ഗുഹയുടെ അടിവരെ വെള്ളത്തിൽ ഊറി തിളങ്ങിക്കൊണ്ടിരിക്കുന്നു എന്നാണവർ പറയുന്നതു്.

പ്രാപിച്ചിരിക്കുന്നു. സ്ഥാനവസ്ത്രങ്ങൾ അണിയിച്ചു ശവമഞ്ചത്തിൽ പള്ളിയിൽ സ്ഥാപിച്ചിരുന്ന മൃതശരീരത്തെ ജനങ്ങൾ സന്ദർശിച്ചു സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുകയും റീത്തുകൾ സമർപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. 21-ാംനു രാവിലെ 6-30 മുതൽ 10 മണിവരെ റാസ മുതലായ തിരുകർമ്മങ്ങൾ നടത്തപ്പെട്ടു. വെ റവ ഡോക്ടർ എൽ ജെ ചിറ്റൂർ ചരമപ്രസംഗം ചെയ്തു. 12 മണിക്കു നഗരികാണിക്കൽ കർമ്മം നടത്തപ്പെട്ടു. കൈമുത്തൽ കർമ്മത്തിനുശേഷം ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ, പള്ളിയിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ ശവസംസ്കാരം നടത്തപ്പെട്ടു. 45 വൈദികരും 2000 ഓളം ആളുകളും ധാരാളം കന്യാസ്ത്രീകളും ശവസംസ്കാരചടങ്ങുകളിൽ സംബന്ധിച്ചിരുന്നു. പള്ളി അങ്കണത്തിൽവച്ചു അനേകം സാധുക്കൾക്കു ധർമ്മം കൊടുക്കുകയും ചെയ്തു. ബ. മത്തായിഅച്ചനു് ഉദ്ദേശം 50 വയസ്സു പ്രായമുണ്ടായിരുന്നു. അദ്ദേഹം കല്ലൂപ്പാറ മിഷ്യൻ പള്ളിയിൽ നിന്നും 19-ാംനു സന്ധ്യക്കു ഇവിടെയെത്തി സ്വകുടുംബാംഗങ്ങളെ സന്ദർശിച്ചതാണ്.

R. I. P.

## ക്യാനഡായ്ക്കു പുതിയ പ്രൈമേറ്റ് നിയമിതനായി

ക്വിബെക്ക് മെത്രാപ്പോലീത്തായായ മോൺ. മാവുരീസ് റോയ് എന്നദേഹത്തെ ക്യാനഡായുടെ പ്രൈമേററായി പരിശുദ്ധ മാർപ്പാപ്പാ നിയമിച്ചിരിക്കുന്നു ടൊറോന്റോയിലേയും മോൺട്രിയലിലേയും ഇപ്പോഴത്തെ മെത്രാപ്പോലീത്താമാർ കർദ്ദിനാളന്മാരാണ്. ഈ ശതാബ്ദത്തിൽ ആദ്യമായി ഒരു പ്രൈമേററുസ്ഥാനം സൃഷ്ടിക്കുന്ന സംഭവമാണിതു്. ഇതിനുമുമ്പു ഇപ്രകാരം ഒരു സ്ഥാനം നൽകിയതു 1893 ൽ 13-ാം ലെയോ മാർപ്പാപ്പായാണ്.

## കമ്മ്യൂണിസ്റ്റ് കാരാഗൃഹങ്ങളിലെ മെത്രാന്മാരുടെ സംഖ്യ

കമ്മ്യൂണിസ്റ്റ് തടവുകാരായി ഉദ്ദേശം 150 മെത്രാന്മാർ, കർദ്ദിനാളന്മാരുൾപ്പെടെ ഉണ്ടെന്നു 1956 ലെ "അന്നുവാരിയോ പൊന്തിഫിച്ചിയോ" എന്ന വത്തിക്കാനിലെ ഔദ്യോഗിക വാർഷികഗ്രന്ഥത്തിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇരുമ്പുമറയ്ക്കുള്ളിൽ ഇവരെല്ലാം തടങ്കലിൽ വയ്ക്കപ്പെടുകയോ, അവരുടെ ഔദ്യോഗികജോലികൾ നിർവ്വഹിക്കുന്നതിൽ തടയപ്പെടുകയോ ചെയ്തിരിക്കുകയാണ്. കഴിഞ്ഞ കൊല്ലം മരണമടഞ്ഞവരുടെ സംഖ്യ 52 ആണ്.






(10-ാം പേജ് തുടർച്ച)

അതുവരെ സഭയുടെ ഒരു ഹാസ്യചിത്രംമാത്രമാണ് എൻെറ മുമ്പിലുണ്ടായിരുന്നത്. വല്ലാത്ത വെറുപ്പോടെയാണ് ഞാനതിനെ വീക്ഷിച്ചിരുന്നതും. നശിച്ചു നാമാവശേഷമായ ബാബിലോണിനു തുല്യം നാശത്തിൻെറ വഴിവക്കിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നതായിട്ടാണ് അതു പ്രദർശിപ്പിക്കപ്പെട്ടിരുന്നത്. നരകം തുടങ്ങിയ അസുഖകരങ്ങളായ യാഥാർത്ഥ്യങ്ങളുടെനേരെ എനിക്കുണ്ടായിരുന്ന ജിജ്ഞാസാരാഹിത്യം തന്നെയാണ് ഈ വിഷയത്തിലും എനിക്കനുഭവപ്പെട്ടത്.

1940-ൽ ആഫ്റിക്ക വിട്ടതിനുമുമ്പുതന്നെ ആർനോൾഡ് ലണ്ണിൻെറ "ഗലീലേയൻെറ സേനയിൽ" (Now I See) എന്ന വിശ്രുതഗ്രന്ഥത്തിൻെറ ഒരു പ്രതി ഞാൻ കൈവശമാക്കി. ഒരു ജപ്പാൻ കാർഗോബോട്ടിൽകൂടിയുള്ള യാത്രയിൽ ആ പുസ്തകം ഒരാവർത്തി ഞാൻ വായിച്ചുതീർത്തു. പ്രശാന്തമായ ഒരു പ്രഭാതത്തിൽ ഞാൻ കപ്പലിൻെറ മുകൾത്തട്ടിൽ ഇരിക്കുകയായിരുന്നു. ക്രിസ്തുമതത്തെപ്പററി ഫലിതരൂപത്തിൽ വേറൊരു "ഹാവായനു"മായി വാദപ്രതിവാദങ്ങൾ നടത്തിക്കൊണ്ടിരുന്ന ഒരു ജപ്പാൻ വ്യാപാരി സമീപത്തു നിലയുറപ്പിച്ചിരുന്നു. അദ്ദേഹം എൻെറ നേരെ തൊടുത്തുവിട്ട ഒരു ചോദ്യശരം, "നോഹിൻെറ പെട്ടകത്തിൽ വിശ്വസിക്കുന്നുണ്ടോ" എന്നു്. ലണ്ണിൻെറ പുസ്തകത്തിൽനിന്നു പൗരാണികകാര്യങ്ങളെ സംബന്ധിച്ചു പലതും പഠിച്ച എനിക്കു ഏററം വിശ്വസനീയമായ ചില വാസ്തവങ്ങൾ അദ്ദേഹത്തിനു നൽകുവാൻ കഴിഞ്ഞു. (Now I See)എന്നപുസ്തകത്തിൽനിന്നു ഞാൻ ഗ്രഹിച്ചിരുന്ന തത്വചിന്തകളുടെ പ്രതിധ്വനി എൻെറ അന്തരാത്മാവിൽ മാറെറാലി കൊള്ളുന്നുണ്ടായിരുന്നു.

എൻെറ മതാത്മകജീവിതം ക്രമശഃ ഒരു പുതിയ രൂപം കൈക്കൊണ്ടു; ഒരുവൻ ദൈവതിരുമനസ്സനുവർത്തിക്കുന്നുവെങ്കിൽ എല്ലാം ശുഭകരമായി പരിണമിക്കും എന്നു ഞാൻ ഉറച്ചു.

ദൈവഹിതമനുവർത്തിക്കുവാൻ വർദ്ധമാനമായ ഒരഭിനിവേശം. പക്ഷികൾ കൂട്ടമായി ജീവിക്കുന്നു. മനുഷ്യരാണെങ്കിൽ കുടുംബങ്ങളിലും. ആ സ്ഥിതിക്കു വ്യക്തിഗതങ്ങളായ ഓരോ പ്രത്യേകമതങ്ങൾ സൃഷ്ടിച്ചു മനുഷ്യൻ ജീവിക്കുവാൻ അവിടുന്നു അഭിലഷിക്കുകയില്ല. മറിച്ചു്, സാമൂഹികമായ ആരാധനാക്രമമാണ് അവിടുത്തെ തിരുവിഷ്ടം എന്ന അനുമാനത്തിൽ ഞാൻ എത്തിച്ചേർന്നു. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..." എന്നു തുടങ്ങിയ പ്രാർത്ഥനകളെല്ലാം ബഹുവചനരൂപത്തിലല്ലേ അവിടുന്നു നമ്മെ പഠിപ്പിച്ചിട്ടുള്ളതു്? ഏതെങ്കിലും ഒരു സഭയുടെ അംഗമാകുകതന്നെയെന്നു ഞാൻ നിശ്ചയിച്ചുറച്ചു. അങ്ങനെ ഞാൻ ആംഗ്ലിക്കൻസമാംഗമായി.

## സൗന്ദര്യത്തെപ്പററിയുള്ള യാഥാർത്ഥ്യം

ആംഗ്ലിക്കൻസഭയിലാണ് പ്രവേശിച്ചതെങ്കിലും ഞാൻ അറിയാതെതന്നെ കത്തോലിക്കാസഭയിലേക്കു നീങ്ങിക്കൊണ്ടിരുന്നു. കത്തോലിക്കാതത്വസംഹിതയിൽ കീറാമുട്ടികളായി ഞാൻ പുറംതള്ളിയിട്ടിരുന്ന ചില തത്വങ്ങൾ വേണ്ടവിധം വിശദീകരിക്കപ്പെട്ടപ്പോൾ തികച്ചും ആദരണീയങ്ങളായി എനിക്കു ബോധ്യപ്പെട്ടു.

"യഥാർത്ഥത്തിൽ അമലോത്ഭവമെന്നുവച്ചാൽ എന്താണ്?" അന്നയോടുതന്നെ ഞാൻചോദിച്ചു. താഴ്ന്നസ്വരത്തിൽ ആ പ്രശസ്തമായ പാഷണ്ഡതയെക്കുറിച്ചൊരു വിശദീകരണം എനിക്കു ലഭിച്ചു. ഞാൻ അത്ഭുതത്തോടെ ചോദിച്ചു: "ഇത്രയും മാത്രമേയുള്ളു. അപ്പോൾ ക്രിസ്തുവിൻെറ ദൈവത്വത്തിൽ വിശ്വസിക്കുന്നവരെല്ലാംതന്നെ ഏതായാലും ഇതുതന്നെയല്ലേ വിശ്വസിക്കുന്നത്."

മനുഷ്യാവതാരരഹസ്യത്തിൽ വിശ്വസിക്കുന്നഏവനും സ്വീകാര്യമായിത്തോന്നുന്ന ഒരനുമാനം മാത്രം.

ഇത്തരത്തിലുള്ള ഒരു കത്തോലിക്കാമനോഭാവം എന്നിൽ വേരുപിടിച്ചിരുന്നുവെന്നതു വാസ്തവംതന്നെ. എന്നാൽ സഭാശരീരത്തിലെ ഒരവയവമായി രൂപംകൊള്ളുമെന്നു സ്വപ്നേപി വിചാരിച്ചിരുന്നതല്ല. കാരണം, അത്ര വിപുലമായ മുൻവിധികളാണ് കത്തോലിക്കാസഭയെപ്പററി എനിക്കുണ്ടായിരുന്നതു്. പടർന്നു പന്തലിച്ചുനിൽക്കുന്ന വൻവൃക്ഷത്തിൽ സ്വച്ഛന്ദം തഴച്ചുവളരുന്ന ഇത്തിക്കണ്ണികൾക്കു സമം കത്തോലിക്കാസഭയിലും "അന്ധവിശ്വാസങ്ങളും" അപഹാസ്യങ്ങളായ മാമൂലുകളും കടന്നുകൂടിയിട്ടുണ്ട് എന്നായിരുന്നു എൻെറ ധാരണ. അങ്ങനെ പററിപ്പിടിച്ചു നിൽക്കുന്ന ഇത്തിക്കണ്ണികളെയെല്ലാം പിഴുതുകളഞ്ഞു ശുദ്ധീകരിച്ച മതവിഭാഗമായിട്ടാണ് എൻെറ സഭാവിഭാഗത്തെ—ഹൈചർച്ചിനെ—ഞാൻ നിർവ്വചിച്ചിരുന്നതു്.

എനിക്കൊരു ധാരണയുണ്ടായിരുന്നു ഞാനുൾപ്പെട്ടുനിൽക്കുന്ന സഭയാണ് യഥാർത്ഥമായ ശാന്തിനികേതനമെന്നു്. ഒരേ ഒരു നാഥനെ അനുഗമിക്കുന്ന സഭാവിഭാഗങ്ങൾ തമ്മിലുള്ള അകൽച്ച—അതെന്നെ അസ്വസ്ഥയാക്കി. പുനരുത്ഥാനഞായറിലെ ഒരു പൊൻപുലരി. ദൈവാലയശുശ്രൂഷകളിൽ പങ്കെടുത്തശേഷം എൻെറ പുറപ്പാടു ഒരു കത്തോലിക്കാദൈവാലയത്തിലേക്കായിരുന്നു. ക്രൈസ്തവരെപരസ്പരം വേർതിരിക്കുന്ന തെററിദ്ധാരണകളുടെ ആഴമേറിയ ആഴിയിൽ സാഹോദര്യത്തിൻെറ ഒരു കണികപൊഴിക്കുവാൻ കഴിഞ്ഞെങ്കിലോ എന്ന പ്രത്യാശയോടെ പ. കുർബാനയിൽ ആദ്യന്തം ഞാൻ പങ്കുകൊണ്ടു.

കാലങ്ങൾ അധികം കഴിഞ്ഞില്ല. ഒരു കത്തോലിക്കനുമായി വിവാഹബന്ധത്തിലേർപ്പെടുവാൻ ഒരു ക്ഷണം എനിക്കു കിട്ടി. ഒരു കത്തോലിക്കാവിവാഹം അനുശാസിക്കുന്ന നിബന്ധനകൾ ഒരു വൈദികനിൽനിന്നു യഥാവിധി ഗ്രഹിച്ചശേഷം മാത്രം മറുപടി നൽകുവാനായിരുന്നു ആവശ്യപ്പെട്ടിരുന്നതു്.

ഒരു കത്തോലിക്കനുമായി വിവാഹബന്ധം. അതിൽ ഒരു പ്രതിബന്ധവും ദർശിക്കുവാൻ എനിക്കു കഴിഞ്ഞില്ല. എൻെറ വിശ്വാസം മാറണമെന്നു എനിക്കൊരുദ്ദേശ്യവും ഉണ്ടായിരുന്നില്ല. അതിനദ്ദേഹം എന്നോടു ആവശ്യപ്പെട്ടുമില്ല. പക്ഷേ, ഒരു വൈദികനുമായി കൂടിക്കാഴ്ച നടത്തണം പോലും; അതും എല്ലാത്തിലും ഭീജനകമായ ഒരു സമൂഹത്തിലെ പട്ടക്കാരനുമായി—ഈശോസഭാവൈദികനുമായി.

## അഞ്ചു കൽക്കഷണങ്ങൾ

എന്നെ മാനസാന്തരപ്പെടുത്തുവാൻ അദ്ദേഹം പരമാവധി പരിശ്രമിക്കുമെന്നുതന്നെ ഞാൻ തീർച്ചയാക്കി. എനിക്കു ലഭിച്ചിരുന്ന അകത്തോലിക്കാസാഹിത്യസമ്പത്തിൻെറ പ്രശാന്തമായ അരുവിയിൽനിന്നു അഞ്ചു മൂർച്ചയേറിയ കൽക്കഷണങ്ങൾ ഞാൻ തിരഞ്ഞെടുത്തു. ഗോലിയാത്തിൻെറ ശിരച്ഛേദനത്തിനു തന്നെ ഞാൻ അരയും തലയും മുറുക്കി. പ്രാർത്ഥന വില്ക്കുന്ന സമ്പ്രദായം, ശുദ്ധീകരണസ്ഥലത്തിൽനിന്നു ആത്മാക്കളെ ജാമ്യത്തിൽ മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള വേതനം, മതത്തിൻെറ പേരിൽ വ്യാവസായികമായി നടമാടുന്ന അഴിമതികൾ മുതലായ ആയുധങ്ങളുമായിട്ടാണ് എൻെറ പുറപ്പാടു്. ഞാൻ ആ വൈദികനോടു പറഞ്ഞു: "നിങ്ങളുടെ സഭയെക്കുറിച്ചു് ചിന്തിക്കുമ്പോൾ, എൻെറ ഭവനം പ്രാർത്ഥനയുടേതാണ്; അതു നിങ്ങൾ കള്ളന്മാരുടെ ഗുഹയാക്കി മാററിയിരിക്കുന്നു എന്ന ദിവ്യനാഥൻെറ ആരോപണമാണ് എൻെറ മനസ്സിൽ പൊങ്ങിവരിക."

രാത്രിയുടെ നിശ്ശബ്ദതയിൽ ഞാൻ ഞങ്ങളുടെ സംഭാഷണവിഷയത്തെക്കുറിച്ചു ആലോചിച്ചപ്പോൾ എൻെറ വാക്കുകൾ തന്നെ എന്നെ വെല്ലുവിളിക്കുന്നതുപോലെ എനിക്കു തോന്നി. എന്തിനു്? എൻെറ സംശയങ്ങൾ ഓരോന്നോരോന്നായി അപ്രത്യക്ഷമായിക്കൊണ്ടിരുന്നു.


ഒരു കത്തോലിക്കനുമായ വിവാഹം —അതെപ്പററിയുള്ള ചിന്തകത്തോലിക്കാസഭയെപ്പററി കൂടുതൽ തീവ്രമായ പഠനം നടത്തുവാൻ എനിക്കു പ്രേരണ നൽകി. സഭയെക്കുറിച്ചു അവഗാഹം സിദ്ധിക്കണമെന്നായിരുന്നില്ല എൻെറ ഉന്നം. മംഗല്യമാല്യം ഞാൻ ആരിൽ നിക്ഷേപിക്കുവാൻ പോകുന്നുവോ ആ വ്യക്തിയെപ്പററി ഒന്നു പഠിക്കുവാൻ മാത്രം.

യുദ്ധത്തിൻെറ പ്രതികൂലസാഹചര്യങ്ങളെ പരിഗണിച്ചു വിവാഹിതയാകുവാൻ ഞാൻ തിടുക്കം കൂട്ടുകയായിരുന്നു. ക്യൂബെക്കു പ്രോവിൻസിലെ എൻെറ താമസത്തിനു അനിശ്ചിതമായ കാലവിളംബം നേരിട്ടു. ഈ കാലഘട്ടത്തിൽത്തന്നെ എൻെറ വൈവാഹികപരിപാടികളെല്ലാം പൂർണ്ണമായും ശിഥിലമായി. ഈമഹാനഗരത്തിലെ ഫ്റഞ്ചുവംശജരായ ക്യാനഡാക്കാരുടെ മദ്ധ്യേ എൻെറ ഭവനവും ജോലിയും ഞാൻ കണ്ടെത്തി. കത്തോലിക്കാസഭയെപ്പററി കുലങ്കഷമായ അന്വേഷണങ്ങൾ നടത്തുവാൻ പര്യാപ്തമായ ഒരു കത്തോലിക്കാന്തരീക്ഷത്തിൽ അതിനെപ്പററി ഉപര്യുപരി പഠിക്കുന്നതിനു അവസരം ലഭിച്ചു.

ആ ഈശോസഭാവൈദികൻെറ അധരപുടങ്ങളിൽ നിന്നുമടർന്നുവീണ അന്തിമവചസ്സുകൾ ഇവയായിരുന്നു: "നിഴലിനെ യാഥാർത്ഥ്യമായി താങ്കൾ തെററിദ്ധരിക്കുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു" യഥാർത്ഥത്തിൽ ആ വാക്കുകൾ അന്വർത്ഥമായിരുന്നില്ലേ? ആ ജപ്പാൻകാരനെപ്പോലെ "നോഹിൻെറ പെട്ടക"ത്തെക്കുറിച്ചു ഞാൻ പരിഹാസഭേരി മുഴക്കുകയായിരുന്നില്ലേ? ദൈവത്തിൻെറ പരിശുദ്ധമായ കൂടാരത്തെക്കുറിച്ചു വേണ്ടവിധം ചിന്തിക്കുന്നതിനു സാധിക്കാതെ വന്നതിൻെറ രഹസ്യവും ഇതുതന്നെയല്ലേ?

1945 ജൂൺ 7. അതു എൻെറ ജീവിതത്തിലെ ഒരു സൗഭാഗ്യദിനമായിരുന്നു. സിസ്റ്റേഴ്സ് ഓഫ് ആഫ്റിക്ക എന്ന സഹോദരികളുടെ കന്യകാലയത്തിൽവച്ചു ഞാൻ ജ്ഞാനസ്നാനം സ്വീകരിച്ചു. എൻെറ ആഫ്റിക്കൻയാത്രയിൽ എനിക്കു സഹചാരിണിയായി വർത്തിച്ച ആ വൈററ്സിസ്റ്റർ എനിക്കു സ്വാഗതമരുളുവാൻ അന്നവിടെ സന്നിഹിതയായിരുന്നു. സുദീർഘമായ ഒരു പരീക്ഷണഘട്ടം ഞാൻ തരണം ചെയ്തു. ആ ദീർഘയാത്രയുടെ അവസാനത്തിലെങ്കിലും ക്രിസ്തുവിനേയും എൻെറ സത്യഭവനമായ തിരുസഭയേയും ഞാൻ പ്രാപിച്ചു. അതേ, "കുരുവി ഒരു ഭവനവും മീവൽപക്ഷി തനിക്കായി ഒരുകൂട്ടും കണ്ടെത്തിയിരിക്കുന്നു. സൈന്യങ്ങളുടെ ദൈവമായ യഹോവേ, അങ്ങേ യാഗപീഠത്തെതന്നെ."

—o—



## സ്നേഹസ്മാരകം

അഞ്ചാം ചരമവാർഷികം



ശ്രീമതി മറിയമ്മ കൊച്ചുവറീസ്സ
മാമ്പിള്ളി, ഞാറക്കൽ

ജനനം 16—2—1920
മരണം 5—3—1951

"ദയാപരനായ ഈശോ, ഇവൾക്കു നിത്യാശ്വാസം കൊടുത്തരുളേണമെ."

Inserted by her loving husband & Children

## For favours received




Mrs. Thankamma Sebastian
Changanachery

## For Favours received








*Excuse for delay*

T. K. D.

## വിനോദവീഥി



"നിങ്ങളീ ചില്ലുപ്പശുനെ കറന്നു് ദിവസം 10-ം 15-ം ഇടങ്ങഴി പാലു് കച്ചോടം ചെയ്യുന്നതെങ്ങിനാ പാപ്പിയമ്മേ!"

"അതൊക്കെ കച്ചവടരഹസ്യമാ. ആരോടും ഞങ്ങളതു പറയില്ല. താൻ പാലുംകൊണ്ടു പോവുക!"

ആത്മകഥാകഥനം

# എവ്‌ലിൻ ബ്രൗൺ

(അനേകം പ്രവേശനദ്വാരങ്ങളുള്ള ഒരു ഭവനമാണു് കത്തോലിക്കാസഭ. തീർത്ഥകർ വിവിധങ്ങളായ മാർഗ്ഗങ്ങളിലൂടെയാണു് അതിലേക്കു പ്രവേശിക്കുക. ചിലരുടെ യാത്ര ഹ്രസ്വവും മററു ചിലരുടേതു വളഞ്ഞുതിരിഞ്ഞു് സുദീർഘവുമാണു്. എവ്‌ലിൻ ബ്രൗൺ, പിതൃഭവനത്തെ പ്രാപിക്കുന്നതിനുമുമ്പു് നീണ്ടുനിവന്നു, നോക്കെത്താത്ത ഒററയടിപ്പാതയിലൂടെ ബഹുദൂരം മുന്നേറേണ്ടിയിരുന്നു. ഒരു സമുദ്രവും ഒരു ഭൂഖണ്ഡവും അവർ തരണംചെയ്തു. അതവരെ ജഗൽപിതാവിന്റെ പ: ബലിപീഠത്തിലേക്കു കൊണ്ടുചെന്നാക്കി. അവരുടെ തീർത്ഥയാത്രയെ അനുഗമനം ചെയ്യുന്ന ഒരുവനു്, ഒരു ബുദ്ധിജീവിയുടെ സൂക്ഷ്മദൃഷ്ടി അവരിൽ ദർശിക്കുവാൻ കഴിയും. ദൈവത്തിനുമാത്രം കണ്ടെത്താവുന്ന സ്നേഹനിർവൃതിക്കായി ദാഹിക്കുന്ന ഹൃദയത്തിന്റെ തുടിപ്പുകളാണു് നാമവിടെ കേൾക്കുക. അവർക്കനുഭവപ്പെട്ട ആ കട്ടത്ത കൂരിരുട്ടിൽ സത്യത്തിന്റെ കനകരശ്മികൾ വിതറി സഹായഹസ്തം നീട്ടിക്കൊടുത്ത ആ ജസ്വീററുവൈദികന്റെ വാക്കുകൾ അർത്ഥസമ്പുഷ്ടമാണു്—"യാഥാർത്ഥ്യത്തെ നിഴലായി തെററിദ്ധരിക്കരുതു." ഏതൊരു സത്യാന്വേഷിയുടേയും കർണ്ണപുടങ്ങളിൽ മാററൊലിക്കൊള്ളേണ്ട വാക്കുകളാണിവ—By T V)

ദൈവത്തേയും മനുഷ്യനേയും സംബന്ധിച്ച സംഭവങ്ങൾ വെറും കെട്ടുകഥകളല്ല പ്രസാദവരത്തിന്റെ ആകർഷകങ്ങളായ ആഖ്യായികകളാണവ. നിത്യതയുടെ വിശാലതയിൽനിന്നു് ഇതിവൃത്തം സൃഷ്ടിക്കുകയാണു് ആ സച്ചിദാനന്ദൻ. കത്തോലിക്കാവിശ്വാസത്തിലേക്കുള്ള ഒരുവന്റെ മാനസാന്തരചരിതം സമാഹരിക്കുമ്പോൾ വിഷയത്തിന്റെ ഏതാനും ചില ഘട്ടങ്ങളെ സ്പർശിക്കുവാൻ മാത്രമേ സാധ്യമാകൂ. കത്തോലിക്കാമതത്തെപ്പററിയുള്ള എന്റെ അന്വേഷണങ്ങൾക്കു രൂപവും ചൈതന്യവും പകർന്നു കത്തോലിക്കാ സുഹൃത്തുക്കളുമായി ഞാൻ പുലർത്തിയ ബന്ധമാണു്. വിശുദ്ധിയുടെ സൗരഭ്യത്തുടിപ്പു് എനിക്കു വെളിപ്പെടുത്തിത്തന്ന ആ സ്നേഹിതന്മാരെ കൃതജ്ഞതാനിർഭരമായ ചേതോവികാരങ്ങളോടെ മാത്രമേ അനുസ്മരിക്കുവാൻ എനിക്കു കഴിയൂ.

സഭയിലുള്ള ഒരു വ്യക്തിയോടു പോലും നേരിട്ടു പരിചയം സമ്പാദിക്കുന്നതിനുമുമ്പു എന്റെ ജീവിതയാത്രയിൽ 26 മൈൽക്കുററികൾ ഞാൻ പിന്നിട്ടു.

എന്റെ മാതാപിതാക്കന്മാർ, ക്രൈസ്തവവിശ്വാസത്തിന്റെ മാതൃകാമകുടങ്ങളായിരുന്നു അവർ. കുട്ടിക്കാലത്തുതന്നെ എന്റെ ജീവിതത്തിനു മതാത്മകമായ ഒരു രൂപം കൊടുക്കുവാൻ അവർ സർവ്വാത്മനാ പരിശ്രമിച്ചിട്ടുണ്ടു്. വിശുദ്ധ ലിഖിതങ്ങൾ സ്വസന്താനങ്ങൾക്കു സമ്മാനിക്കുന്നതിൽ എന്റെ പിതാവിനെക്കാൾ തല്പരരായവരെ കണ്ടെത്തുക വിഷമം. വേദപുസ്തകം അനുദിനം രണ്ടു പ്രാവശ്യം അദ്ദേഹം ഞങ്ങളെ വായിച്ചുകേൾപ്പിക്കും; ആകർഷകമായ ചിത്രങ്ങൾ കാണിക്കും; പഴയനിയമവും പുതിയ നിയമവും സംബന്ധിച്ചു് പ്രബോധനങ്ങൾ നല്കും. പഴയനിയമചരിത്രമാണു് പുതിയതിനേക്കാൾ എന്നെ കൂടുതൽ ആഴത്തിൽ സ്പർശിച്ചതു്. പൂർവ്വപിതാക്കന്മാരുടെ ഉജ്ജ്വലത്തായ വിശ്വാസവായ്പു് എന്നിൽ ആനന്ദപുളകം ചാർത്തി. അങ്ങനെ പ്രകൃത്യതീതങ്ങളെക്കുറിച്ചു്, അചഞ്ചലമായ വിശ്വാസം എന്നിൽ സംജാതമായി.

എന്റെ ഹൃദയത്തിൽ മങ്കലിപികളിൽ എഴുതപ്പെട്ട പുതിയനിയമത്തിലെ ഒരു വാക്യശകലമുണ്ടു്: "ദൈവം സ്നേഹമാകുന്നു." മാതൃമുഖത്തുനിന്നുതന്നെ രൂപം കൊണ്ട വാക്കുകളിൽ കുടികൊണ്ടിരുന്ന ആ ദൗത്യം എനിക്കേററം ആസ്വാദ്യമായിരുന്നു. മിക്ക കുഞ്ഞുങ്ങളെപ്പോലെതന്നെ മാതാവിന്റെ മടിത്തട്ടിൽവച്ചു് കൈകൾ കൂപ്പിപ്പിടിച്ചുകൊണ്ടു പ്രാർത്ഥിക്കുവാൻ ഞാനും അഭ്യസിച്ചു.

x x x

അടിസ്ഥാനവാദികളും (Fundamentalists) അധുനാതനവാദികളും (Modernists) തമ്മിലുള്ള ഘോരസമരം ഞങ്ങളുടെ ബാപ്റ്റിസ്റ്റു വിഭാഗത്തിലും മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചിരുന്ന കാലം. ഞങ്ങൾ പോയിരുന്ന ദൈവാലയങ്ങളിലെല്ലാം തത്വപരമായ ചിന്താഗതിയെ പരാമർശിക്കുന്ന പല ശത്രുതകളും പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരുന്നു. വിമർശനമനഃസ്ഥിതി സർവ്വത്ര പടർന്നുപിടിച്ചു ഇതിന്റെയെല്ലാം ഫലമായി മതശുശ്രൂഷകളിൽ സംബന്ധിക്കുവാൻ പല പള്ളികളിലും മാറിമാറി പോകേണ്ടിവന്നു എനിക്കു്. "ഇവിടെ നിലനില്ക്കുന്ന ഒരു നഗരമില്ല നമുക്കു്. വരുവാനിരിക്കുന്ന ഒന്നിനുവേണ്ടി അന്വേഷിച്ചുകൊണ്ടിരിക്കയാണു്" എന്ന വാക്യശകലം ആലിലപോലെ ആഞ്ഞുലഞ്ഞുകൊണ്ടിരുന്ന ഞങ്ങളുടെ ആദ്ധ്യാത്മികജീവിതത്തിന്റെ പ്രതിഫലനമായി എനിക്കു തോന്നി.

എന്റെ യുവത്വത്തിന്റെ പൊൻപുലരിയിൽതന്നെ വിമർശനമനോഭാവത്തോടുകൂടിയേ എന്തും ഏതും വീക്ഷിക്കുവാൻ എനിക്കു കഴിഞ്ഞുള്ളു. വിശ്വാസത്തിന്റെ യുക്തി എനിക്കു ചൂണ്ടിക്കാണിച്ചുതരുവാൻ അന്നാരും ഉണ്ടായിരുന്നില്ല. മെരഡിററു പ്രസ്താവിക്കുന്നതുപോലെ, "വിശ്വാസം യുക്തികതീതമാണു്; ബുദ്ധിയുടെ പരമമായ അഗ്രിമസ്ഥാനമാണു്" എന്നു എനിക്കു പ്രബോധനം നല്കുവാൻ അന്നാരും തുനിഞ്ഞില്ല. ഒരു നിക്കദേമൂസിനെപ്പോലെ രാത്രിയുടെ അന്ധകാരാവൃതമായ നിശ്ശബ്ദയാമങ്ങളിലൂടെ ഞാൻ തപ്പിത്തിരഞ്ഞു.

വിശ്വാസത്തിലേക്കുള്ള ഒരു പ്രത്യാഗമനമുണ്ടായി; നിരീശ്വരത്വത്തിന്റെ അന്ധകാരപൂർണ്ണമായ ആവൃതികളിൽ ദീർഘകാലം ചെലവഴിച്ചു വീർപ്പുമുട്ടുന്ന അനേകലക്ഷം ക്രൈസ്തവരുടെ ദയനീയചിത്രം എന്റെ മുമ്പിൽ അണിനിരന്നു. യുക്തിക്കായുള്ള എന്റെ ശമിക്കാത്ത ദാഹം ഒന്നുകൊണ്ടും സംതൃപ്തമായില്ല. ആത്മാർത്ഥമായി എനിക്കു സ്വീകരിച്ചാശ്ലേഷിക്കുവാൻ കഴിയുന്ന യാഥാർത്ഥ്യങ്ങളിൽ വികാരതീവ്രതയോടെ വിശ്വാസമർപ്പിക്കുവാൻ ഞാൻ ദൃഢനിശ്ചയമെടുത്തു. ശേഷമെല്ലാം എങ്ങനേയും ആയിക്കൊള്ളട്ടെ എന്നു ഞാൻ സമാധാനിച്ചു. "ദൈവം സ്നേഹമാകുന്നു"വെന്നു ബാല്യത്തിൽതന്നെ പഠിച്ചുവച്ചിരുന്ന തത്വസംഹിതയിൽ കൂടുതലൊന്നും അന്നത്തെ എന്റെ നിലപാടിൽ അവശേഷിച്ചിരുന്നില്ല.

ഖണ്ഡംഖണ്ഡമായി ശകലിതമായ അകത്തോലിക്കാസഭാവിഭാഗങ്ങളിൽ ഇടതടവില്ലാതെ മുളയെടുത്തുകൊണ്ടിരുന്ന ശണ്ഠകളിൽനിന്നു ഞാനൊരു തീരുമാനമെടുത്തു: "മററുള്ളവരുടെ വിശ്വാസം എന്തായിരുന്നാലും ശരി, ദൈവം സ്നേഹമാകുന്നു, സാഹോദര്യം ആവശ്യമാണു്" എന്ന പ്രമാണികയാഥാർത്ഥ്യത്തെ സർവ്വാത്മനാ മുറുകെ പിടിക്കുവാൻ. യാതൊരു സഭാവിഭാഗത്തിലും ഞാൻ അംഗമായിരിക്കുകയില്ലെന്നായിരുന്നു എന്റെ ശാഠ്യം. എന്റെ ആ നയത്തിൽ സംതൃപ്തയായി ഞാൻ അങ്ങനെ കഴിഞ്ഞുകൂടി. പക്ഷെ മദ്ധ്യയുഗങ്ങളിലെ പ്രഖ്യാതരായ കത്തോലിക്കരാൽ വിരചിതമായ ആ മോഹനഗാനങ്ങൾക്കെതിരായി ചെവിപൊത്തുവാൻ എനിക്കു കഴിഞ്ഞില്ല. സത്യത്തിന്റേയും ദിവ്യസ്നേഹത്തിന്റേയും വശീകരണശക്തിയെ വിളംബരംചെയ്തുകൊണ്ടു് ആ മഞ്ജുളഗീതകങ്ങളുടെ ഈരടികൾ എന്റെ ഹൃദയഭിത്തികളിൽ സദാ അഞ്ഞടിച്ചുകൊണ്ടിരുന്നു.

എല്ലാ ജനപദങ്ങളിൽനിന്നു
തിരഞ്ഞെടുക്കപ്പെട്ടതും
ഈ പ്രപഞ്ചത്തിൽ എല്ലാവർക്കും
പൊതുവായതുമായ അവളുടെ
രക്ഷാകവചം ഒന്നുമാത്രം,
ഒരു കർത്താവു് ഒരു വിശ്വാസം
ഒരു ജനത,
ഒരേ ഒരു പാവനനാമത്തെ
അവൾ നമിക്കുന്നു;
ഒരേ ഒരു ദിവ്യഭോജനത്തിൽ
അവൾ ഭാഗഭാക്കാകുന്നു.
ഏതൊരു സാഹചര്യത്തിലും
ഒരേ ഒരു ശരണത്തെയല്ലേ അ
വൾ ആഞ്ഞുപുൽകുക.

എന്റെ ആദ്യത്തെ കത്തോലിക്കാസൗഹൃദബന്ധം ഒരു കന്യാസ്ത്രീയുമായിട്ടാണു്. 1930-ൽ ആഫ്രിക്കയുടെ പൂർവ്വപ്രദേശങ്ങളിൽനിന്നു ഞാൻ വീട്ടിലേക്കു മടങ്ങുകയായിരുന്നു. അവർ ആ പാദചൂഡം മറിച്ച പരുക്കൻവസ്ത്രംകൊണ്ടു മൂടിപ്പുതച്ചിരുന്നു. മദ്ധ്യപ്രദേശങ്ങളിലെ കത്തിക്കാളുന്ന കാലാവസ്ഥയിൽ ജീവിതം ഇഞ്ചിഞ്ചായി ഹോമിക്കുന്ന അവരെ കണ്ടപ്പോൾ സഹാനുഭൂതിയുടെ ഒരു വേലിയേററമുണ്ടായി എന്റെ ഹൃദയത്തിൽ. ആരുമറിയാത്ത ആ അനുദിനയാതനകളുടെ രക്തസാക്ഷിത്വത്തിൽപ്പോലും അവരിൽ പ്രത്യക്ഷമായ ഫലിതരസം, അതാണു് എന്നെ അത്ഭുതസ്തബ്ധയാക്കിയതു്. എന്നെ മാനസാന്തരപ്പെടുത്തുവാൻ യാതൊരു ശ്രമവും അവർ ചെയ്തില്ലെന്നുള്ളതും എനിക്കു അത്ഭുതകാരണമായിരുന്നു. പുഞ്ചിരിതുളുമ്പുന്ന, മധുരിമവഴിയുന്ന ഒരു മൈത്രീബന്ധം എനിക്കു സമ്മാനിക്കുകമാത്രമാണു് അവർ ചെയ്തതു്. യുവത്വത്തിന്റെ ഇളകിമറിയുന്ന ഒരു പ്രതിസന്ധിയെ തരണംചെയ്യുന്ന എനിക്കു അതു ശാന്തിയുടെ ഒരു വെള്ളിമേഘമായിരുന്നു. ദൈവികമായ ആഹ്ളാദത്തിന്റെ ഒരു കനകരശ്മി ആ ശാന്തിനികേതനത്തിലൂടെ പ്രകാശിച്ചു.

ജനിവായിൽവച്ചാണു് ഞങ്ങൾ യാത്രപറഞ്ഞു പിരിഞ്ഞതു്; ഇനിയൊരിക്കലും കണ്ടുമുട്ടാൻ സാധിക്കുകയില്ലെന്നുള്ള ധാരണയോടെ. അവരും എന്നെപ്പോലെ ഒരു ക്യാനഡാക്കാരിയായിരുന്നു. പക്ഷെ ഞാൻ ഒരിക്കലും സന്ദർശിച്ചിട്ടില്ലാത്ത ക്യൂബെക്കുപ്രോവിൻസായിരുന്നു അവരുടെ ജന്മനാടു്. ആഫ്രിക്കയിലെ വിവിധ മേഖലകളിൽ ഞങ്ങളുടെ ഭാവി സ്ഥിതിചെയ്യുന്നുവെന്ന സങ്കല്പത്തോടെ ഞങ്ങൾ യാത്രപറഞ്ഞു.

## കത്തോലിക്കാ സുഹൃൽബന്ധങ്ങൾ

പല കത്തോലിക്കരുമായി സുഹൃൽബന്ധത്തിലേപ്പെടാൻ മുന്നോടിയായി ഭവിച്ച ഈ ആകസ്മികസംഭവം. കത്തോലിക്കാസഭയെക്കുറിച്ചു് ചിലതെല്ലാം മനസ്സിലാക്കുന്നതിനു ഇവ എന്നെ വളരെയേറെ സഹായിച്ചു.

(ശേഷം 9-ാം പേജിൽ)

(11-ാംപേജ് തുടർച്ച)


മൂന്നാമതായി നാം പഠിക്കേണ്ടതു് നാം പ്രലോഭനങ്ങളിലുൾപ്പെട്ടുഴലുമ്പോൾ പ്രാർത്ഥിക്കണമെന്നതാണു്. യൂദാസിന്റെ വീഴ്ചയ്ക്കു ഹേതു അവന്റെ പ്രാർത്ഥനയിലുള്ള അലസതയായിരുന്നു. "നിങ്ങൾ പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ." (14) എന്നല്ലേ നമ്മുടെ കർത്താവു് ഉപദേശിച്ചിരിക്കുന്നതു്.

അവസാനമായി പഠിക്കേണ്ട പാഠം നാം എത്ര വലിയ പാപികളായിരുന്നാലും നിരാശരാകാതെ പരമകാരുണികനായ ദൈവത്തിന്റെ അനന്തകരുണയിൽ ശരണപ്പെടണമെന്നതാണു്. നമ്മുടെ പാപങ്ങളെപ്പററി ഹൃദയപൂർവ്വം പശ്ചാത്തപിച്ചു ദൈവത്തോടു നാം മാപ്പുചോദിക്കുകയാണെങ്കിൽ ധൂർത്തപുത്രനെ സ്വീകരിച്ച വത്സലപിതാവിനെപ്പോലെ അവിടുന്നു നമ്മുടെ പാപങ്ങളെയും ക്ഷമിച്ചു നമ്മെ ആശ്ലേഷിച്ചു അനുഗ്രഹിക്കും, നിശ്ചയം. ഏശയ്യാ ദീർഘദർശി പറയുന്നു: "നിങ്ങളുടെ പാപങ്ങൾ രക്താംബരതുല്യമായിരുന്നാലും, അവ മഞ്ഞുപോലെ ധവളമാക്കിച്ചെയ്യപ്പെടും; അവ കടുംചുവപ്പുപോലെ ഇരുന്നാലും (വെള്ള) രോമംപോലെ ശുഭ്രമായിത്തീരും. (15) വി. ജോൺക്രിസോസ്റ്റോം "തീക്കനലുകൾ സമുദ്രത്തിൽ വീണാൽ സമുദ്രത്തെ അവ തീപിടിപ്പിക്കുമോ? ഇല്ല. നേരെമറിച്ചു സമുദ്രം അവയെ കെടുത്തുകയാണു ചെയ്യുന്നതു്. നിന്റെ പാപങ്ങൾ തീക്കനലുകളും, ദൈവത്തിന്റെ കരുണ സമുദ്രവുമാകുന്നു" (16) എന്നു പറയുന്നു.

യൂദാസിനെ അനുകരിച്ചുകൊണ്ടു് ഗുരുതരവും അപരിമേയവുമായ അപരാധങ്ങളാൽ ദിവ്യരക്ഷകനെ പല പ്രാവശ്യം ഒററിക്കൊടുത്ത നാം നിരാശപ്പെടാതെ ദൈവത്തിന്റെ നിസ്സീമമായ കാരുണ്യത്തിലും അനന്തമായ സ്നേഹത്തിലും ശരണപ്പെട്ടുകൊണ്ടു ഈ നോമ്പുകാലത്തു കമ്മലാരാമത്തിലെ ചെറുപുഷ്പം പറയുന്നതുപോലെ അനുതാപത്താൽ തകർന്ന ഒരു ഹൃദയത്തോടുകൂടി കരുണാവാരിധിയായ സ്നേഹസ്വരൂപന്റെ ചേവടികളെ അഭയം പ്രാപിക്കണം. അനുതാപിനിയായ മഗ്ദലേനാസ്സും അഭിസാരിണിയായ സ്ത്രീക്കും പാപമോചനം നൽകിയ ഈശോ നമുക്കും പാപമോചനം നൽകാതിരിക്കുകയില്ല. അതു നിസ്സംശയമത്രെ.

(14) Mt. 26—41
(15) Is. 1—18
(16) J. Chrys. (Hom. 8, de Poenit)


# എവറസ്റ്റ് കോളർ



സി. എ. ഔസേഫ് & സൺസ്

ആഭരണവ്യാപാരം, തൃശൂർ

അമ്പതുനോമ്പുകാലചിന്തകൾ

# "സ്നേഹിതൻ"

[ഫാദർ ബർണർഡിൻ ഒ. സി. ഡി]

പാതിരാനേരം മാനവവംശത്തിന്റെ മഹാപാപങ്ങളുടെ സ്മരണയാൽ പരവശനായി നിലംപതിച്ച ക്രിസ്തുനാഥനെ ഒരു വാനദൂതൻ സമാശ്വസിപ്പിച്ചു ശക്തിപ്പെടുത്തുന്നു (1) ഉടനെ അവിടുന്നു എഴുന്നേററ് സ്വശിഷ്യന്മാരെ സമീപിക്കുന്നു അവർ ഉറങ്ങുന്നതുകണ്ടു അവരോടു ചോദിക്കുകയാണ്: "നിങ്ങൾ ഉറങ്ങുന്നതു് എന്തു്? എഴുന്നേല്ക്കുവിൻ, പ്രലോഭനങ്ങൾക്കു വശംവദരാകാതിരിക്കുവാൻവേണ്ടി പ്രാർത്ഥിക്കുവിൻ;" (2) എന്നു്. ഇപ്രകാരം അവരുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ജനസമൂഹത്തിന്റെ മുമ്പേ അവിടുത്തെ ആത്മമിത്രമായ യൂദാസു വരുന്നു. അവൻ ഈശോയെ സമീപിച്ചു "ഗുരോ സ്വസ്തി" എന്നു പറഞ്ഞു അവിടുത്തെ ചുംബിക്കുന്നു. (3) ഈശോ അവനോടു ചോദിക്കുന്നു: "യൂദാസേ, നീ മനുഷ്യപുത്രനെ ചുംബനംകൊണ്ടു് ഒററിക്കൊടുക്കുന്നുവോ?" (4) "സ്നേഹിതാ, നീ എന്തിനായിവന്നു?" (5) ലോകചരിത്രത്തിലെ ഏററം ഹീനമായ പ്രവൃത്തി; ആത്മമിത്രം സ്വസ്നേഹിതനെ ഒററിക്കൊടുക്കുകയെന്നതു്. അതും സ്നേഹത്തിന്റെ അടയാളമായ ചുംബനത്താൽ. ഇത്ര ഹീനമായ ഒരു പ്രവൃത്തി ചെയ്തു ലോകത്തിന്റെ അവഹേളനത്തിനു പാത്രമായ ഈ യൂദാസ് ആരാണെന്നും, ഇവനെ നിത്യനാശത്തിൽനിന്നും രക്ഷിക്കുന്നതിനായി നമ്മുടെ ദിവ്യരക്ഷകൻ എന്തെല്ലാം മാർഗ്ഗങ്ങളുപയോഗിച്ചുവെന്നും, അവന്റെ ലജ്ജാവഹമായ അധഃപതനത്തിൽനിന്നും നാം പഠിക്കേണ്ട പാഠം എന്താണെന്നും അല്പനേരത്തേക്കു് നമുക്കു പരിചിന്തനം ചെയ്യാം.

യൂദാസ് ആരായിരുന്നു? നമുക്കു നമ്മുടെ ദൃഷ്ടിയെ വി. മത്തായിയുടെ സുവിശേഷം പത്താം അദ്ധ്യായത്തിലേക്കു തിരിക്കാം. ശ്ലൈഹികസംഘത്തിലെ പ്രശസ്ത വ്യക്തികളുടെ കൂടെ യൂദാസിനെയും നാം കാണുന്നു. (6) എത്ര മഹനീയ സ്ഥാനമാണു യൂദാസിന്റേതു്? അവനും ഒരു അപ്പസ്തോലനാണ്. അന്ത്യഭോജനശാലയിൽവെച്ചു പൗരോഹിത്യത്തിന്റെ പൂർണ്ണതയിലേക്കവരോധിക്കപ്പെട്ടവൻ. തിരുസഭയിലെ രാജകുമാരനാണവൻ. ദൈവപുത്രനായ മിശിഹായാൽ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരിലൊരുവനാകാനുള്ള നിസ്തുല ഭാഗ്യം സിദ്ധിച്ച പന്ത്രണ്ടു പ്രമുഖവ്യക്തികളിലൊരാളാണവൻ. അവനും മററപ്പസ്തോലന്മാരെപ്പോലെ മനുഷ്യനായി അവതരിച്ച ദൈവവുമായി മൂന്നു കൊല്ലം ഏററം അടുത്തു പെരുമാറുന്നതിനും ഗാഢമായ സ്നേഹബന്ധത്തിൽ ജീവിക്കുന്നതിനുമുള്ള സുവർണ്ണാവസരം ലഭിച്ചിട്ടുണ്ട്. രക്തസ്രാവക്കാരിയായ സ്ത്രീയെപ്പോലെ അവിടുത്തെ തിരുവസ്ത്രത്തെ ഒന്നു സ്പർശിക്കുന്നതിനു ജനങ്ങളുടെ ഇടയിൽക്കൂടി തിക്കിത്തിരക്കേണ്ടയാവശ്യം അവനുണ്ടായില്ല. അവിടുത്തെ ഒരു നോക്കു കാണുന്നതിനായി സക്കേവൂസിനെപ്പോലെ വൃക്ഷത്തിൽ വലിഞ്ഞുകയറുകയും വേണ്ടായിരുന്നു അവന്. "ഞാൻ മാർഗ്ഗവും, ജീവനും, സത്യവുമാകുന്നു" (7) വെന്നരുളിച്ചെയ്ത ക്രിസ്തുവിൽനിന്നും സ്വർഗ്ഗീയതത്വങ്ങളും, ഉപദേശങ്ങളും ഉപമകളും ശ്രവിക്കുന്നതിനുള്ള മഹാഭാഗ്യം അവനു കൈവന്നിട്ടുണ്ട്. ഗിരിപ്രഭാഷണം കേട്ട അവന്റെ ഹൃദയം അലിഞ്ഞിരിക്കയില്ലേ? ക്രിസ്തുനാഥൻ ചെയ്ത അത്ഭുതങ്ങൾ കാണുന്നതിനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനുമുള്ള അമൂല്യവരം ലഭിച്ചിട്ടുള്ളവനും. "ശീമോന്റെ പൂമേടയിലെ നേത്രാഭിരാമവിശാലമായ ശാലയിൽ ചിത്രവർണ്ണപ്പട്ടുവിരിപ്പിൽ മിത്രങ്ങളോടുകൂടി അമൃതേത്തിനിരുന്ന സ്നേഹസ്വരൂപന്റെ തൃപ്പാദത്തിൽ സാഷ്ടാംഗം വീണു അശ്രുധാരകൊണ്ടു അവിടുത്തെ തൃപ്പാദക്ഷാളനം ചെയ്ത [illegible] മഗ്ദലേനാ മറിയത്തോട്,

"പൊയ്ക്കൊൾക പെൺകുഞ്ഞേ! ദുഃഖം വെടിഞ്ഞു നീ-
യുൾക്കൊണ്ട വിശ്വാസം കാത്തു നിന്നെ
അപ്പപ്പോൾ പാതകം ചെയ്തതിനൊക്കെയു-
മിപ്പശ്ചാത്താപമേ പ്രായശ്ചിത്തം"

എന്നിങ്ങനെ അരുളിച്ചെയ്തു സമാശ്വസിപ്പിക്കുന്നതു് അവൻ കേട്ടു,

"ഇന്നലെ നാം കണ്ട തേവിടിപ്പെണ്ണല്ലി-
തിന്നിവൾ ചാരിത്ര ചാരുമൂർത്തി"

യായിത്തീരുന്നതു് അവൻ കണ്ടുമല്ലേ? ദിവ്യരക്ഷകന്റെ തിരുവധരങ്ങളിൽനിന്നു, വരുവാനിരിക്കുന്ന സനാതനസൗഭാഗ്യവാഗ്ദാനം അവനും കേട്ടിട്ടുണ്ട്. "അവിടുന്നു എന്നെ ലോകത്തിലേക്കു അയച്ചതുപോലെ, ഞാനും അവരെ ലോകത്തിലേക്കു അയച്ചിരിക്കുന്നു" (8) എന്ന ക്രിസ്തുനാഥന്റെ അധികാരത്താൽ ലോകത്തിന്റെ ഒരററം മുതൽ മറേറയററംവരെ സുവിശേഷം പ്രസംഗിക്കുന്നതിനും, അജ്ഞാനികളുടെ രാജ്യത്തു തിരുക്കുരിശിന്റെ മഹനീയ പതാക നാട്ടുന്നതിനുമുള്ള മഹാനുഗ്രഹം അവനും ലഭിച്ചിരുന്നു. ലോകമാസകലമുള്ള അൾത്താരകളിൽ ഇന്നു വണങ്ങപ്പെടേണ്ടവനായിരുന്നില്ലേ അവൻ? എന്നാൽ ഇന്നു യൂദാസിന്റെ സ്ഥിതി എന്തു്? പരിഷ്കൃതരിൽ പരിഷ്കൃതരെന്നു നടിക്കുന്ന ലോകായതികന്മാർ പോലും "യൂദാസ്" എന്ന പേരിനെ വെറുക്കുന്നു. അത്രമാത്രം നിന്ദ്യമായിത്തീർന്നിരിക്കയാണു് യൂദാസെന്ന പേരുപോലും. ഇന്നാകട്ടെ യൂദാസെന്ന പേരു് ചതിയുടെയും വഞ്ചനയുടെയും പര്യായമായിത്തീർന്നിരിക്കുന്നു.

യൂദാസിനെ മാനസാന്തരപ്പെടുത്തുവാൻ പാപികളുടെ ആശ്രയമായ—പാപികളെത്തേടിവന്ന—ദൈവപുത്രൻ എന്തെല്ലാം ഉപാധികളുപയോഗിച്ചു്. അവനെ അവന്റെ ദുരുദ്ദേശത്തിൽനിന്നും പിന്തിരിക്കുന്നതിനു എത്രയെത്ര പ്രസംഗവരങ്ങൾ, എത്രയെത്ര പൈതൃകോപദേശങ്ങൾ, എത്രയെത്ര ശാസനകൾ, എത്രയെത്ര മുന്നറിയിപ്പുകൾ, എത്രയെത്ര സ്നേഹചിഹ്നങ്ങൾ, ഈശോ അവനു നൽകിയിരിക്കണം. സുവിശേഷത്തിന്റെ വശങ്ങൾ നമുക്കു മറിച്ചുനോക്കാം. അന്ത്യഭോജനസമയത്തു് നമ്മുടെ കർത്താവു് ഒരു നെടുവീർപ്പോടുകൂടി അരുളിച്ചെയ്യുന്നു: "നിങ്ങളിൽ ഒരുത്തൻ എന്നെ ഒററിക്കൊടുക്കും എന്നു സത്യം സത്യമായി നിങ്ങളോടു ഞാൻ പറയുന്നു." (9) ഇതു ശ്രവിച്ച മാത്രയിൽ സന്തപ്തരായ ശിഷ്യന്മാരോരോരുത്തരും ലോകഗുരുവിനോടു ചോദിക്കുന്നു "ഞാനോ" എന്നു്. (10) യൂദാസും "ഗുരോ, ഞാനാകുന്നുവോ" (11) എന്നു ചോദിക്കുന്നു. ഈശോ അവനോടു് "നീ പറഞ്ഞുവല്ലോ" (12) എന്നരുളിച്ചെയ്യുന്നു ആരും കേൾക്കാത്ത സ്വരത്തിൽ. എന്നിട്ടും അവൻ പശ്ചാത്തപിക്കാതെ എഴുന്നേററു പ്രധാനാചാര്യന്മാരുടെ അടുക്കൽ ചെന്നു് വെറും മുപ്പതു വെള്ളിക്കാശിനു ത്രിലോകനാഥനായ സ്നേഹരാജനെ ഒററിക്കൊടുക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്യുകയാണുണ്ടായതു്.

അനുതപിക്കുന്ന ഒരു പാപിയുടെമേൽ സ്വർഗ്ഗത്തിൽ കൂടുതലാനന്ദമുണ്ടെന്നരുളിച്ചെയ്ത കരുണാവാരിധിയായ ഈശോ പശ്ചാത്തപിക്കുന്നതിനുള്ള വേറൊരവസരം യൂദാസിനു നൽകുന്നു. ഗെത്സേമാൻതോട്ടത്തിൽവെച്ചു പട്ടാളക്കാരുടെ മുമ്പേ വന്നു "ഗുരുവേ, സ്വസ്തി" എന്നു പറഞ്ഞുകൊണ്ടു ഈശോയെ ചുംബിച്ചപ്പോൾ "യൂദാസേ, നീ മനുഷ്യപുത്രനെ ചുംബനംകൊണ്ടു ഒററിക്കൊടുക്കുന്നുവോ" എന്നു അവിടുന്നു ചോദിച്ചു. ഈ സ്നേഹമസൃണമായ വാക്കുകൾ കേട്ടപ്പോൾ അവന്റെ അപരാധത്തിന്റെ കാഠിന്യം മനസ്സിലാക്കി അവനു അനുതപിക്കാമായിരുന്നു എന്നാൽ മനുഷ്യനായവതരിച്ച ദൈവവചനത്തിന്റെ തിരുമുഖത്തിൽ മനുഷ്യനായവതരിച്ച പിശാചൻ ചുംബിച്ചപ്പോൾ ആ ദുഷ്ടാരൂപിക്കു യാതൊരിളക്കവുമുണ്ടായില്ല. സ്നേഹത്തിന്റെ അടയാളമായ ആലിംഗനവും, സ്വസ്തിയും മൈത്രിക്കുപകരം ശത്രുതയ്ക്കുപയോഗപ്പെടുത്തുകയാണവൻ ചെയ്തതു്.

ഒരു മാതാവു തന്റെ ഉദരഫലമായ ശിശുവിനെ മറന്നാലും നമ്മെ ഒരിക്കലും മറക്കാത്ത ദൈവപുത്രൻ യൂദാസിനെ രക്ഷിക്കുന്നതിനായി ഒരന്ത്യശ്രമം നടത്തുന്നു. അവിടുത്തെ ശത്രുക്കൾക്കു ഒററിക്കൊടുത്ത യൂദാസിനെ "സ്നേഹിതാ" എന്നാണ് സംബോധന ചെയ്യുന്നു തൽക്ഷണം യൂദാസിന്റെ മാനസവേദിയിൽ ഒന്നിനു പിറകെ മറെറാന്നായി എത്രയോ മധുരസ്മരണകൾ പൊന്തിവന്നിരിക്കണം. സ്നേഹരാജനോടുകൂടി അവൻ കഴിച്ച ദീർഘമായ മൂന്നു കൊല്ലങ്ങൾ—അനുഗ്രഹത്തിന്റെയും സ്നേഹത്തിന്റെയും മൂന്നു നീണ്ട വർഷങ്ങൾ—അവനിൽ യാതൊരു മാററവുമുണ്ടാക്കിയില്ല. ദ്രവ്യാശയ്ക്കധീനനായിപ്പോയതിനാൽ മഞ്ഞുകട്ടപോലെ തണുത്ത അവന്റെ ഹൃദയത്തെ ചൂടുപിടിപ്പിക്കുന്നതിനു ഇവയൊന്നിനും സാദ്ധ്യമല്ലാതായിപ്പോയി. ഏററം പരിതാപകരമായ സംഭവം. സ്വർഗ്ഗാവകാശി നരകാവകാശിയായിത്തീരുന്നു; ദൈവത്തിന്റെ ദത്തുപുത്രൻ പിശാചിന്റെ ദത്തുപുത്രനായിത്തീരുന്നു.

യൂദാസിന്റെ അധഃപതനത്തിൽനിന്നും നാം പല പ്രായോഗികപാഠങ്ങളും പഠിക്കണം. ഒരു മനുഷ്യൻ സ്വാഭാവികമായ ദുഷിച്ച പ്രവണതകളെ മുളയിലേ നുള്ളിക്കളയാതിരുന്നാൽ അവന്റെ അവസാനം എത്ര ഭയാനകമായിത്തീരുമെന്നു യൂദാസിന്റെ ജീവിതചരിത്രം നമ്മെ അനുസ്മരിപ്പിക്കുന്നു. അവന്റെ അധഃപതനത്തിനു കാരണം ബാല്യകാലം മുതലേ അവനിലുണ്ടായിരുന്ന ദ്രവ്യാഗ്രഹമൊന്നുമാത്രമാണ്. അവൻ ഒരു കൊച്ചുകള്ളനായിരുന്നു. യാതൊരു നിയന്ത്രണവുമില്ലാതിരുന്നതിനാൽ അവൻ ഒരു പെരുങ്കള്ളനായിത്തീർന്നു. ശ്ലൈഹികസംഘത്തിന്റെ പൊതുമുതൽ അവൻ സൂക്ഷിച്ചിരുന്നതുകൊണ്ടു് എളുപ്പത്തിൽ മോഷ്ടിക്കുന്നതിനുള്ള അനുകൂലസാഹചര്യവും ഉണ്ടായി. അവൻ ഒരു കള്ളനാണെന്നു മററു ശിഷ്യന്മാർക്കറിയാമായിരുന്നു. കാരണം യൂദാസിനെപ്പററി വി. യോഹന്നാൻ പ്രസ്താവിക്കുന്നതു് "അവൻ ഒരു കള്ളനായിരുന്നുവെന്നാണ്" (13) നമുക്കും യൂദാസിന്റെ അനുഭവം ഉണ്ടാകാതിരിക്കണമെങ്കിൽ നമ്മിലുള്ള കൊള്ളരുതാത്ത തഴക്കങ്ങളെല്ലാം വേരോടെ പിഴുതുകളയുന്നതിനു ദൃഢവ്രതത്തോടുകൂടി വർത്തിക്കണം. നമ്മിലോരോരുത്തരിലുമുണ്ടു് ഓരോരോ ന്യൂനതകൾ. ചിലരിൽ ധനതൃഷ്ണ, മററു ചിലരിൽ അധികാരഭ്രമം. വേറെ ചിലരിൽ അശുദ്ധിയിലേക്കുള്ള പരക്കംപാച്ചിൽ.

പാപത്താൽ നാം വഞ്ചിതരാകുന്നുവെന്നതാണു് നാം പഠിക്കേണ്ട രണ്ടാമത്തെ പാഠം. പാപം യൂദാസിനെ മുപ്പതുവെള്ളിക്കാശുകൊണ്ടു സൗഭാഗ്യവാനാക്കാമെന്നു വാഗ്ദാനം ചെയ്തു അവനെ എന്നേക്കുമായി നശിപ്പിച്ചു. "ആരെ വിഴുങ്ങേണ്ടു എന്നറിയാതെ സിംഹത്തെപ്പോലെ ഗർജ്ജിച്ചുകൊണ്ടു ചുററി നടക്കുന്ന," നമ്മുടെ ആത്മാവിന്റെ ബദ്ധവൈരിയായ പിശാചിനറിയാം നമ്മുടെ ഓരോരുത്തരുടെയും ബലഹീനവശങ്ങൾ. ഓരോരോ വ്യർത്ഥസമ്മാനങ്ങൾ പ്രതിഫലമായി വാഗ്ദാനം ചെയ്തുകൊണ്ടു അവൻ നമ്മെ കബളിപ്പിക്കയാണു ചെയ്യുന്നതു്. വഞ്ചനയായ പാപത്തേയും അതിന്റെ സാഹചര്യങ്ങളെയും നമുക്കുപേക്ഷിക്കാം. ജ്ഞാനസ്നാനത്തിൽ ചെയ്ത സുദൃഢമായ വാഗ്ദാനങ്ങളെ നവീകരിക്കാം നമുക്കു്. ഞാൻ പിശാചിനെയും, അവന്റെ പ്രവൃത്തികളെയും, അവന്റെ ആഘോഷങ്ങളെയും ഉപേക്ഷിക്കുന്നു.

(ശേഷം 10-ാംപേജിൽ)

(1) Lc. 22—43
(2) Lc. 22—46
(3) Mt. 14—45
(4) Lc. 22—48
(5) Mt. 26—50
(6) Mt. 10—2-4
(7) J. 14—6
(8) J. 17—18
(9) J. 13—21
(10) Mt. 26—22
(11) Mt. 26—25
(12) Mt. 26—25
(13) J. 12—6


## സാക്ഷാൽ "കാളൻ"

സ്ഥാപനംവക 3 സിദ്ധൌഷധങ്ങൾ

കാളൻ'സ്

**നിംബാസവം** ശീതവീര്യമുള്ളതും രൂക്ഷം, ലഘു എന്നീ ഗുണങ്ങളുള്ളതുമായ ഒരു ദ്രവ്യമായതുകൊണ്ടു് വർദ്ധിച്ചിരിക്കുന്ന പിത്തത്തേയും കഫത്തേയും മേദസ്സിനേയും (അമിതമായ ചൂടിനേയും അമിതമായ പുണ്ണിപ്പിനേയും) നശിപ്പിക്കയും കഫത്തേയും സപ്തധാതുക്കളേയും ശുദ്ധീകരിക്കയും, ജഠരാഗ്നിയേയും രുചിയേയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

20 ഔൺസ് കുപ്പി 1 ക്കു് വില 2—0—0

കാളൻ'സ്

**ദ്രാക്ഷാഘൃതം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ടു് വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും വർദ്ധിപ്പിക്കയും (ദേഹത്തെ പുഷ്ടിപ്പെടുത്തുകയും), തടസ്സപ്പെട്ടു് നില്ക്കുന്ന വായു, മലം, മൂത്രം, ആർത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കയും, രക്തത്തെ ശുദ്ധീകരിക്കയും, ജഠരാഗ്നിയെ ജ്വലിപ്പിക്കുകയും ചെയ്യുന്നു.

5/8 (അരേഅരക്കാൽ) റാ. കുപ്പി 1 ക്കു് വില 4—0—0

കാളൻ'സ്

**ശാരിബാതൈലം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ടു് വിധിപ്രകാരം തലയിലും ദേഹത്തിലും തേക്കുമ്പോൾ വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) അകാലത്തിലുണ്ടാകുന്ന ജരാനരകളേയും നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും (ശരീരകാന്തിയേയും) വർദ്ധിപ്പിക്കയും, സുഖനിദ്രയെ ഉണ്ടാക്കുകയും, രക്തത്തെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

19 ഔൺസ് കുപ്പി 1 ക്കു് വില 3—0—0

ഈ ഔഷധങ്ങൾ പത്ഥ്യമില്ലാതെ ഉപയോഗിക്കാവുന്നവയാണെങ്കിലും, വാതപിത്തങ്ങളുടെ ആധിക്യംകൊണ്ടും കഫത്തിൻേറയും ധാതുക്കളുടേയും ക്ഷയംകൊണ്ടും ഉണ്ടാവുന്നതരം രോഗങ്ങളനുഭവപ്പെടുമ്പോൾ ഉപ്പു്, പുളി, എരുവ് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, മത്സ്യം, മുതിര, തൈരു്, മോരു്, കടല, പയറ്, ചായ, കാപ്പി, മദ്യം മുതലായ ഉഷ്ണവീര്യമുള്ളവയും രൂക്ഷഗുണമുള്ളവയുമായ ദ്രവ്യങ്ങളേയും, ശരീരംകൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, പട്ടിണികിടക്കുക, ഉറക്കമൊഴിക്കുക മുതലായ കർമ്മങ്ങളേയും സാധിക്കുന്നത്ര ഉപേക്ഷിക്കുന്നതു് താമസം വിനാ രോഗശമനം സിദ്ധിക്കുന്നതിന്നു് ഏററവും ഉത്തമമാണു്. ഉപയോഗക്രമങ്ങൾ അതാതു് ഔഷധങ്ങളുടെകൂടെ ഉണ്ടായിരിക്കുന്നതാണു്.

### കാളൻ'സ് സെയിൽസ് ഡിപ്പോകൾ

കണ്ണൂർ: കാംബസാർ ഈസ്റ്റ്.
തലശ്ശേരി: മിഷ്യൻ സ്കൂളിന്നുസമീപം.
കോഴിക്കോട്: S. M. സ്ട്രീറ്റ്.
കോയമ്പത്തൂർ: ഒപ്പനക്കാര സ്ട്രീറ്റ്.
പാലക്കാട്: കോട്ട് റോഡ്.
തൃശ്ശൂർ: മുൻസിപ്പൽ ആപ്പീസ് റോഡ്.
എറണാകുളം: കാനൻ ഷെഡ് റോഡ്.
കോട്ടയം: പുളിമൂട്ടിൽ കവല.
ആലപ്പുഴ: ബോട്ടുജെട്ടിക്കു് സമീപം.
കൊല്ലം: മെയിൻ റോഡ്.
തിരുവനന്തപുരം: സ്റ്റാച്യു റോഡ്.

### കാളൻ'സ് ഏജൻസികൾ 172.

N. B. ഔഷധങ്ങൾ വാങ്ങിക്കുമ്പോൾ കുപ്പികളുടെ ലേബലുകളിന്മേൽ ഈ മുദ്രയും, KALAN'S എന്നും കാണുന്നുണ്ടോ എന്നു് പ്രത്യേകം പരിശോധിക്കണം. എന്തുകൊണ്ടെന്നാൽ ഈ അടയാളങ്ങൾ രണ്ടും ഇല്ലാതെ "കാളൻ" എന്ന പേരിൽ കാണപ്പെടുന്ന ഔഷധങ്ങൾ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമാകുന്നു.

TELEGRAM:
KALAN, Alagappanagar.

**കാളൻ, നെല്ലായി.**

Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam February 29 1956 No. 29



# ബാ ല രം ഗം

## "വിദ്യാർത്ഥി മദ്ധ്യസ്ഥൻ"

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




പോളും സ്റ്റനിസ്ലാവൂസും വീയന്നായിൽ ഈശോസഭാ വൈദികർ നടത്തിയിരുന്ന കോളേജിൽ പഠനം തുടങ്ങി. സന്യാസവൈദികരുടെ ജീവിതമാതൃക സ്റ്റനിസ്ലാവൂസിനെ വളരെയധികം ആകർഷിച്ചു. എങ്ങിനെയും ദൈവാനുഗ്രഹത്താൽ ഒരു ഈശോസഭാസന്യാസിയായി തീരണമെന്നു ആ പിഞ്ചുഹൃദയം നിശ്ചയിച്ചു. പോളിനെ വ്യാമോഹിപ്പിച്ചതു ആ നഗരത്തിലെ കൂട്ടുകാരും സുഖലോലുപതവുമായിരുന്നു. പാർട്ടികൾ നടത്തുന്നതിനും, നൃത്തങ്ങളിലും നാടകശാലകളിലും മുടക്കം വരുത്താതെ ഹാജരാകുന്നതിനും, മദ്യപാനത്തിൽ മുഴുകുന്നതിനും അയാൾ മുമ്പനായിത്തീർന്നു. ഇത്തിക്കണ്ണികളായ ചീത്തക്കൂട്ടുകാരും ധാരാളം വട്ടംകൂടി. തന്റെ ഈ ദുർവൃത്തികളിലും ധൂർത്തിലും സ്റ്റനിസ്ലാവൂസ് സഹകരിക്കുന്നില്ലെന്നു കണ്ടപ്പോൾ അവനോടു വിദ്വേഷമായി. വല്ല റിപ്പോർട്ടുകളും പിതാവിന്റെ പക്കൽ അവൻ വഴി എത്തുമോ എന്നുള്ള ഭയവും വർദ്ധിച്ചുവന്നു. ജ്യേഷ്ഠന്റെ അധികാരഹസ്തം ആ നല്ല ബാലനെ പീഡിപ്പിക്കുവാൻ തുടങ്ങി. കൂട്ടുകാർ അതിനു വളം വച്ചും. ചുരുക്കത്തിൽ ദിവസവുമെന്നവണ്ണം പോൾ സ്റ്റനിസ്ലാവൂസിനെ മർദ്ദിച്ചുകൊണ്ടിരുന്നു. ആ പുണ്യബാലൻ അതെല്ലാം നിശ്ശബ്ദമായി ക്ഷമിച്ചുപോന്നു. സഹനത്തിന്റെ മാതൃക ആ പിഞ്ചുബാലനിൽ പ്രശോഭിച്ചു.

വല്യേട്ടൻ.




## 61-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—വിദ്യാഭ്യാസം

## പ്രശ്നം നമ്പ്ര് 62

(ഔസേപ്പ് ഒ., Reg. No. 15)

ഇന്നു ലോകത്തുള്ള എല്ലാവരും എന്നെയാണു അന്വേഷിച്ചുകൊണ്ടു നടക്കുന്നതു്. എന്നെ പാട്ടിലാക്കാൻ അവർ പല പണിയും ചെയ്യുന്നുണ്ടു്. എന്നാൽ മിക്കതും പരാജയപ്പെടുകയാണു്. കാരണം വേണ്ടവിധത്തിൽ എന്നെ അന്വേഷിക്കാത്തതാണു്. എന്റെ പേരിനു നാലക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം സത്യത്തിലുണ്ടു്. കള്ളത്തിലില്ല; രണ്ടാമത്തെ അക്ഷരം മാതാവിലുണ്ടു് പിതാവിലില്ല; മൂന്നാമത്തെ അക്ഷരം രാജധാനിയിലുണ്ടു് കൊട്ടാരത്തിലില്ല; നാലാമത്തെ അക്ഷരം സംസ്ഥാനത്തിലുണ്ടു് സ്റ്റേറ്റിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## പഴഞ്ചൊല്ലുകൾ

(ഐ. എ. മജോൺ Reg. No. 21)

1 ഇരിക്കുംമുമ്പു കാൽ നീട്ടരുതു്
2 കൈയ്യ് ആടിയാലേ വായ് ആടു
3 ആഴമറിയാതെ കാൽ വയ്ക്കരുതു്
4 അതിമോഹം ചക്രം ചവിട്ടും
5 മെല്ലെ തിന്നാൽ മുള്ളും തിന്നാം
6 മടിയൻ മല ചുമക്കും

## "ബാലരംഗം"

### സംഘടനയിൽ അംഗങ്ങളായി ചേർന്നവർ

Reg. No. (തുടർച്ച)

41 ടി. വി. മാത്യു തുമ്പയിൽ, പള്ളിപ്പുറം
42 കെ. ജെ. പീററർ കോനാട്ടു്, തിടനാട്ടു്
43 വി. പി. എമ്മാനുവേൽ വട്ടമററം, നെയ്യശ്ശേരി, കോടിക്കുളം
44 എം. എം. മൈക്കൾ മുണ്ടയ്ക്കൽ, നെയ്യശ്ശേരി, കോടിക്കുളം
45 സി. സി. സെബാസ്റ്റ്യൻ ചിററപ്പനാട്ടു്, തിടനാട്ടു്

ചെറുകഥ

## "ക്രിസ്ത്യാനി"

(തോമസ് ടി. മണ്ടപത്തിൽ No 1)

ഉദിച്ചുയരുന്ന ബാലാർക്കൻ കനകരശ്മിയാൽ പൂർവ്വചക്രവാളത്തിൽ അരുണിമ പൂശി. വർഷകാലം കഴിഞ്ഞിരുന്ന സമയം. പ്രകൃതി പ്രസന്നമായിരുന്നു. തങ്കക്കതിരവന്റെ കരവല്ലരികൾ പുൽത്തുമ്പുകളിൽ തിളങ്ങിനിന്ന ഹിമകണങ്ങളെ രത്നങ്ങളാക്കി മാററി. സർവ്വത്ര പ്രസന്നതയും പ്രഫുല്ലമായ നവോന്മേഷവും. അടുത്തുള്ള പള്ളിയിൽനിന്നു ഞാം, ഞാം എന്നു മണിനാദം മുഴങ്ങുന്നു. സുഖനിദ്രയിൽ ലയിച്ചിരുന്ന ആ ഗ്രാമീണരുടെ നിദ്രാക്കെട്ടുകളെ തകർത്തുകൊണ്ടു് ആ സ്വരം അവരുടെ കർണ്ണപുടങ്ങളിൽ മാറെറാലികൊണ്ടു.

ആ ഗ്രാമത്തിൽ റോഡിനരികെയാണു് ചാക്കോച്ചന്റെ ഭവനം. അദ്ദേഹം മണിനാദം ശ്രവിച്ചയുടനെ ഉണർന്നു പ്രഭാതകൃത്യങ്ങൾ നടത്തി. അടിയുറച്ച വിശ്വാസത്തിന്റെ പ്രശാന്തസുന്ദരമായ ഒരന്തരീക്ഷത്തിലാണു് അയാളുടെ ജീവിതം. ചാക്കോച്ചൻ ദിവസവും പള്ളിയിൽ പോകും. ആ കൃത്യം ഒരു കത്തോലിക്കന്റെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത കർത്തവ്യമായിട്ടാണു് അദ്ദേഹം കരുതുന്നതു്. ആത്മാർത്ഥത നിറഞ്ഞ ഒരു വിൻസെൻറ് ഡി പോൾ പ്രവർത്തകനാണു്. നിശ്ശബ്ദസേവനം അദ്ദേഹത്തിന്റെ മുദ്രാവാക്യമാണു്. അദ്ദേഹം പള്ളിയിലേക്കു കുറെ ദൂരം നടന്നു. ധൃതിയിൽ നടക്കുന്നതോടൊപ്പം ജപമാല അദ്ദേഹത്തിന്റെ കൈവിരലുകളിൽക്കൂടി ചലിച്ചുകൊണ്ടിരുന്നു.

പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലത്തു മത്തായി അദ്ദേഹത്തിന്റെ സഹപാഠിയായിരുന്നു. അയാൾ കത്തോലിക്കാകുടുംബത്തിൽ ജനിച്ചെങ്കിലും അയാളുടെ ബാല്യകാലജീവിതം ശരിയായ നിയന്ത്രണമില്ലാത്തതായിരുന്നു. ഇപ്പോഴത്തെ ദുർമ്മാർഗ്ഗജീവിതത്തിനു് കളമൊരുക്കിയതതായിരുന്നു. ചീത്തപ്പുസ്തകങ്ങളും ചീത്തക്കൂട്ടുകാരുമായിരുന്നു അവന്റെ ബാല്യകാലസഖികൾ. മത്തായിയുടെ മാനസാന്തരത്തിനുവേണ്ടി ബാല്യകാലമിത്രമെന്ന നിലയിലും വിൻസെൻറ് ഡി പോൾ സംഘപ്രവർത്തകനെന്ന നിലയിലും ചാക്കോച്ചൻ വളരെ പരിശ്രമിച്ചുപോന്നു. ഫലമോ, മത്തായിയുടെ കടുത്ത വിദ്വേഷവും പ്രതികാരബുദ്ധിയുംമാത്രം. തലേദിവസത്തെ മദ്യലഹരിയിൽ എടുത്ത ഒരു ദൃഢവും മനസ്സിൽ പേറിക്കൊണ്ടാണു് വഴിമദ്ധ്യേ മത്തായി ചാക്കോച്ചനെ എതിരിട്ടതു. അവൻ ചാക്കോച്ചനെ കടത്തിവിട്ടകയില്ല. അവനൊരു വഴക്കുണ്ടാക്കണം.

"മാറെടാ മത്തായി വഴിയിൽ നിന്നു്" ചാക്കോച്ചൻ പറഞ്ഞു.

"ഇല്ലെങ്കിൽ?" മത്തായി ചൊടിച്ചു.

"മയ്യാമസ്സു മാറാനാണു പറഞ്ഞതു്. പള്ളിയിൽ സമയം വൈകി. എനിക്കു പോകണം" ചാക്കോച്ചൻ.

"ഒന്നു കാണട്ടെ പോകുന്നതു്. തന്റെ ഈ കള്ളക്കേതി കുറെ കുറച്ചുമതി. ഇന്നു പള്ളിയിൽ പോകണ്ടാ." മത്തായി.

അവർ വാക്കുതർക്കത്തിലായി. ഒടുവിൽ യാതൊരു നിവൃത്തിയുമില്ലെന്നു കണ്ടു് ചാക്കോച്ചൻ അയാളെ ഒന്നു തള്ളി. ഉടനെ തിന്നു ചാക്കോച്ചന്റെ ചെകിട്ടത്തു ആഞ്ഞൊരടി. അയാൾ ക്രിസ്തുവിന്റെ വചനം ഓർത്തു: "നിന്റെ ഇടത്തെ ചെകിട്ടത്തു അടിക്കുന്നവനു നിന്റെ വലത്തെ ചെകിട്ടും കാണിച്ചുകൊടുക്കുക" എന്നു്. മത്തായിയുടെ ധിക്കാരത്തെ ക്ഷമിച്ചും തനിക്കുണ്ടായ അപമാനത്തെ മറന്നും, ക്രിസ്തുവിനെ അനുസരിക്കണമെന്നുള്ള ആഗ്രഹത്തോടെ ചാക്കോച്ചൻ തന്റെ വലത്തുചെകിട്ടും കാണിച്ചുകൊടുത്തു മത്തായിക്കു്.

അയാൾ കോപംകൊണ്ടു വിറച്ചു. ചാക്കോച്ചന്റെ വലത്തുചെകിട്ടത്തും മത്തായിയുടെ വിരലുകൾ അഞ്ചും പതിഞ്ഞു. ചാക്കോച്ചൻ പള്ളിയിലേക്കു നിശ്ശബ്ദമായി പോയി. ദേവാലയത്തിൽ വച്ചു വളരെ പ്രാർത്ഥിച്ചു, മത്തായിയുടെ മാനസാന്തരത്തിനുവേണ്ടി.

തനിച്ചായപ്പോൾ മത്തായിക്കു സുബോധംവന്നു. അയാൾ ഒരു വിജനസ്ഥലത്തേക്കു പോയി. അവിടെയിരുന്നാലോചിക്കുവാൻ തുടങ്ങി, തന്റെ പ്രവൃത്തിയെപ്പററി. ചാക്കോച്ചന്റെ പ്രാർത്ഥനയുടെ ഫലമായി ദൈവാനുഗ്രഹം അയാളിൽ പ്രവർത്തിക്കുവാൻ തുടങ്ങി.

പള്ളിയിലെ തിരുകർമ്മങ്ങളെല്ലാം കഴിഞ്ഞു് ചാക്കോച്ചൻ വീട്ടിലെത്തി. "എടി മറിയേ, ഇത്തിരി വെള്ളം അനത്തിക്കു" ചാക്കോച്ചൻ പറഞ്ഞു.

"എന്തിനാ?"

"എന്റെ കഴുത്തിലും മുഖത്തും ഒന്നു ചൂടുപിടിക്കാനാ"

"ഇതെന്നാപററി? മുഖവും കഴുത്തും നീക്കംവന്നിരിക്കുന്നു!"

അതിനിടയിൽ ചാക്കോച്ചൻ നടന്ന സംഭവമെല്ലാം രഹസ്യമായി വിസ്തരിച്ചു പറഞ്ഞു. കൽപ്പിച്ചു മറിയക്കുട്ടി സ്തംഭിച്ചുപോയി.

"ദൈവം നമുക്കു പ്രതിഫലം തരും" ചാക്കോച്ചൻ സമാധാനിപ്പിച്ചു: "നീയും അവനുവേണ്ടി പ്രാർത്ഥിച്ചോ"

മത്തായിക്കു ആധിയും പരിഭ്രമവുമായി ആ നല്ല മനുഷ്യനെ ഉപദ്രവിച്ചല്ലോ എന്നോർത്തു അവൻ കരഞ്ഞു. ഞാൻ ഇനി എങ്ങനെ ജീവിക്കും? എന്തിനു ജീവിക്കണം? അവൻ ചിന്തിക്കയാണു്. ചെന്നു ചൊറുതിപറയു

കതമന്ന. അദ്ദേഹം ക്ഷമിക്കുമെന്നൊരു വിചാരം അയാൾക്കുണ്ടായി. അവൻ പതുക്കെ അവിടെനിന്നും എഴുന്നേററു് ചാക്കോച്ചന്റെ വീട്ടിലേക്കു തിരിച്ചു. വീട്ടിനു പുറത്തുനിന്നു എത്തിനോക്കി. അതാ, അദ്ദേഹം കാപ്പികുടിക്കുന്നു. തിണ്ണയിൽക്കയറി അയാൾ സാഷ്ടാംഗം വീണു. ജീവിതത്തിന്റെ സഹാറായിൽ ഉരുകുന്ന മണൽത്തിട്ടയായിരുന്നു അപ്പോൾ അയാളുടെ ഹൃദയം. ഉരുകുന്ന തീക്കാററുപോലെ നെടുവീർപ്പുകൾ നിർഗ്ഗമിച്ചു. ഉരുകിയൊഴുകുന്ന ലോഹം പോലെ കണ്ണീർക്കണങ്ങൾ പ്രവഹിച്ചു. ഇനി എന്താണാവോ സംഭവിക്കാൻ പോകുന്നതെന്നു ചിന്തിക്കാൻ അയാൾ മുതിർന്നില്ല.

"എന്റെ... ഹും... പൊ....ന്നു ചേട്ടാ... ക്ഷമിക്കണം.... ക്ഷമി... ക്കണം.... എനിക്കു.... തെററി.... പ്പോയി" മത്തായി ചാക്കോച്ചന്റെ കാല്ക്കൽവീണു. ചാക്കോച്ചൻ മത്തായിയെ പിടിച്ചെഴുന്നേല്പിച്ചു. സ്നേഹപൂർവ്വം അവർ ആലിംഗനംചെയ്തു.

"മറിയേ, കാപ്പി വേഗം" അതായിരുന്നു നിർദ്ദേശം. "വന്നേ, മത്തായി" ചാക്കോച്ചൻ നിർബന്ധിച്ചു. അവർ കാപ്പികുടികഴിഞ്ഞു് വളരെ അധികം സംസാരിച്ചു. പിറേറദിവസം ചാക്കോച്ചനും മത്തായിയും ഒരുമിച്ചു പള്ളിയിലേക്കു പോകുന്നതായിട്ടാണു് ആ ഗ്രാമീണർ കണ്ടതു്.

## ഉപകാരസ്മരണ



ത്രേസ്യാമ്മ ദേവസ്യാ മലയിൽ പെരുന്ന, ചങ്ങനാശേരി

സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1